32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 19, 2024 | Vol. XXXII No. 29 | Periodicals Postage Paid




# ഫൊക്കാന കൺവൻഷന് തിരശീല ഉയരുന്നു

**ജോസ് കണിയാലി**

വാഷിംഗ്ടൺ: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ ഇരുപത്തിയൊന്നാമത് അന്തർദ്ദേശീയ കൺവൻഷന് തിരശീല ഉയരുന്നു. 2024 ജൂലൈ 18 മുതൽ 20 വരെ വാഷിംഗ്ടൺ ഡിസി നോർത്ത് ബെഥെസ്ഡയിലുള്ള മോണ്ട് ഗോമറി കൗണ്ടി മാരിയറ്റ് ഹോട്ടൽ കോൺഫറൻസ് സെന്ററിലാണ് ലോകമലയാളികളുടെ സംഗമമായ ഫൊക്കാന കൺവൻഷന് വേദിയാകുന്നത്. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന മലയാളി മാമാങ്കത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ കേരളാ എക്സ്പ്രസിനോട് പറഞ്ഞു.


ഡോ. ബാബു സ്റ്റീഫൻ
പ്രസിഡന്റ്


ഡോ. കലാ ഷഹി
ജനറൽ സെക്രട്ടറി


ബിജു ജോൺ കൊട്ടാരക്കര
ട്രഷറർ


ജോൺസൺ തങ്കച്ചൻ
കൺവൻഷൻ ചെയർമാൻ

ജൂലൈ 18 വ്യാഴാഴ്ച വൈകിട്ട് വർണ്ണപ്പകിട്ടാർന്ന ഘോഷയാത്രയോടെ കൺവൻഷന് ഔദ്യോഗിക തുടക്കമാകും. കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തി, എംപിമാരായ ഫ്രാൻസിസ് ജോർജ്, ജോൺ ബ്രിട്ടാസ്, എം. മുകേഷ് എംഎൽഎ, കവി മുരുകൻ കാട്ടാക്കട, മാധ്യമ പ്രവർത്തകൻ എം.വി. നികേഷ് കുമാർ എന്നിവർ വിവിധ ചടങ്ങുകളിൽ പങ്കെടുക്കും. ജൂലൈ 19-നു വാശിയേറിയ ഫൊക്കാന ഇലക്ഷൻ നടക്കും.

മീഡിയ അവാർഡ്, ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്, സാഹിത്യ സമഗ്രസംഭാവന (ശേഷം 4-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


Philadelphia Pentecostal Church
3735 N Narragansett Ave., Chicago, IL 60634
Seeking a Senior Pastor
(Effective Start date: July 01st, 2025)
Required qualifications:
- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)
For more information:
Biju Cherian: 847-858-1342
Email CV/Resume: PPC.Chicago@Yahoo.Com


IPC HEBRON
GOSPEL FEST 2024
45TH ANNUAL CONVENTION
ANOINTED MESSAGE FROM GOD'S SERVANT
Special Adult Bible Study July 23-26, 2024 6:30 - 7:30 pm
GUEST SPEAKER: REV. FAITH BLESSON PALLIPAD
ANNUAL CONVENTION
JULY 27–28, 2024 || 6PM
PLEASE JOIN US FOR GOD'S MESSAGE AND DELIVERANCE
IPC HEBRON GOSPEL CENTER
2430 BALLARD RD, DES PLAINES, IL 60016
For more information, please contact:
Rev. Dr. P. C. Mammen (847) 489-8737
Bro. George Mathew (267) 201-1300
Bro. Laji Thomas (773) 733-3612

32nd Year of Service 2024

Price $1.00

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 മണിക്കൂറുകൾക്കകം ട്രംപ് പ്രചാരണത്തിനെത്തി

8 മോദി–പുടിൻ കൂടിക്കാഴ്ച

12 ഫാമിലി കോൺഫറൻസ് സമാപിച്ചു


14 പുരസ്കാര തിളക്കത്തിൽ ഡോ. കൃഷ്ണ കിഷോർ

20 റിട്രീറ്റ് സെന്റർ യാഥാർത്ഥ്യമായി

# ഫൊക്കാന അംഗീകാര തിളക്കത്തിൽ ഡോ. എം.വി. പിള്ളയും, മുരുകൻ കാട്ടാക്കടയും

ജോസ് കണിയാലി

ഫൊക്കാനയുടെ 2024-ലെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ച ഡോ. എം.വി. പിള്ളയും, സാഹിത്യ രംഗത്ത് സമഗ്ര സംഭാവനയ്ക്ക് പുരസ്കാരം ലഭിച്ച മുരുകൻ കാട്ടാക്കട



ഡോ. എം.വി. പിള്ള



മുരുകൻ കാട്ടാക്കട

യും മലയാളികൾക്ക് വേണ്ടപ്പെട്ട രണ്ട് വ്യക്തിത്വങ്ങൾ തന്നെ. അമേരിക്കൻ മലയാളികളുടെ എക്കാലത്തേയും അഭിമാനമാണ് ഡോ. എം.വി. പിള്ള. ഈ പുരസ്കാര തിളക്കത്തിൽ വ്യക്തിപരമായും ഏറെ സന്തോഷം നൽകുന്നു. കാരണം ഫൊക്കാനയെ ലോകമലയാളികൾക്ക് മുൻപിൽ അഭിമാനത്തോടെ പ്രശോഭിക്കുന്ന 'ഭാഷയ്ക്ക് ഒരു ഡോളർ'-ന്റെ തുടക്കമിട്ട വ്യക്തിത്വം. അതിലുപരി അദ്ദേഹത്തിന്റെ മലയാള ഭാഷയിലുള്ള പരിജ്ഞാനം എല്ലാം കൊണ്ടും അദ്ദേഹം മലയാളത്തിന് പ്രിയപ്പെട്ടവൻ ആകുന്നു. അറുപതു വർഷക്കാലം നീണ്ടുനിന്ന ആതുര സേവന രംഗത്തെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ഫൊക്കാന ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി അദ്ദേഹത്തെ ആദരിക്കുന്നത്. ഫിലാഡൽഫിയായിലെ തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസർ, ഇന്റർ നാഷണൽ ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസേർച്ച് പ്രസിഡന്റ്, ഗ്ലോബൽ വൈവസ് നെറ്റ്വർക്കിന്റെ മുതിർന്ന ഉപദേഷ്ടാവ്, കേരളത്തിൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ തലവൻ, ലോകാരോഗ്യ സംഘടനയുടെ ഗ്ലോബൽ ബ്രസ്റ്റ് കാൻസർ ഇൻഷ്യേറ്റീവ് കൺസൾട്ടന്റ്, ചെങ്ങന്നൂർ കെ.എം. ചെറിയാൻ

(ശേഷം 4-ാം പേജിൽ)

# കശ്മീരിൽ ലഫ്. ഗവർണർക്ക് കൂടുതൽ അധികാരങ്ങൾ

ന്യൂഡൽഹി: കേന്ദ്രഭരണ പ്രദേശമായ ജമ്മു-കശ്മീരിൽ ലെഫ്റ്റനന്റ് ഗവർണർക്ക് കൂടുതൽ അധികാരങ്ങൾ നല്കി കേന്ദ്രസർക്കാർ. നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കേയാണ് നിർണായകമായ ഈ നീക്കം. പോലീസ്, ക്രമസമാധാനം, അഖിലേന്ത്യാ സർവീസ് എന്നിവയിൽ തീരുമാനമെടുക്കാൻ ലഫ്. ഗവർണറുടെ അധികാരം വർദ്ധിപ്പിച്ച് ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം പുറത്തിറക്കി.

കേസുകളിൽ വിചാരണയ്ക്ക് അനുമതി നല്കൽ, അഡ്വക്കറ്റ് ജനറലിന്റെയും മറ്റു നിയമ ഉദ്യോഗസ്ഥരുടെയും നിയമനം, ആന്റി കറപ്ഷൻ ബ്യൂറോ എന്നിവയിലും ലെഫ്. ഗവർണർക്ക് തീരുമാനമെടുക്കാം. ജമ്മു-കശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞ് മോദി സർക്കാർ കൊണ്ടുവന്ന കശ്മീർ പുനഃസംഘടനാനിയമം 2019-ലാണ് ഭേദഗതിവരുത്തിയത്.

ജമ്മു-കശ്മീരിൽ സെപ്റ്റംബറിനകം തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് സുപ്രീംകോടതി ഉത്തരവ്. ഭേദഗതികൾപ്രകാരം പോലീസിന്റെ ചുമതല വരുന്നതോടെ ക്രമസമാധാനവും സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ നിയമനവും സ്ഥലംമാറ്റവും ലെഫ്. ഗവർണറിലൂടെ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാകും. സംസ്ഥാന സർക്കാരുണ്ടെങ്കിലും ലെഫ്. ഗവർണറുടെ അനുമതി തേടിയേ പ്രവർത്തിക്കാനാകൂ. കേന്ദ്രനീക്കത്തെ വിമർശിച്ച് പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തി. ജമ്മു-കശ്മീരിനോടുള്ള മോദി സർക്കാരിന്റെ ചതി തുടരുകയാണെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ കുറ്റപ്പെടുത്തി. ജമ്മു-കശ്മീരിന് സമീപ ഭാവിയിലൊന്നും പൂർണ സംസ്ഥാനമാക്കാൻ സാദ്ധ്യതയില്ലെന്നാണ് ഇതിലൂടെ വ്യക്തമാകുന്നതെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേഷ് പറഞ്ഞു.

### രണ്ടാമത്തെ കപ്പൽ മറീൻ അസർ വിഴിഞ്ഞത്തേക്ക്

# വിഴിഞ്ഞം: ട്രയൽ റൺ ഉദ്ഘാടനം ചെയ്തു

വിഴിഞ്ഞം: വിഴിഞ്ഞത്തിന്റെ കടലോരത്ത് കേരളം കണ്ട സ്വപ്നം പൂവണിഞ്ഞു. പ്രൗഢഗംഭീരമായ സദസിനെ സാക്ഷിനിർത്തി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ജൂലൈ 12-ന് നടന്നപ്പോൾ കേരളവികസനത്തിന്റെ ചരിത്രത്തിൽ മറ്റൊരു അധ്യായംകൂടി എഴുതിച്ചേർത്തു.

ആയിരങ്ങളെ സാക്ഷിനിർത്തി മുഖ്യമന്ത്രി പിണറായി വിജയൻ തുറമുഖത്തിന്റെ ട്രയൽ റൺ ഉദ്ഘാടനം ചെയ്തു. ചൈനയിൽനിന്നു കണ്ടെയ്നറുകളുമായി എത്തിയ സാൻഫെർണാണ്ടോ എന്ന മദർ കപ്പലിനെ സ്വീകരിച്ചായിരുന്നു ട്രയൽ റൺ ഉദ്ഘാടനം. കപ്പലിലെ ക്യാപ്റ്റനും ജീവനക്കാർക്കും മന്ത്രിമാർ ഉപഹാരം നൽകി. ആദ്യ മദർഷിപ്പ് എത്തിയതിന്റെ ശിലാഫലകം മുഖ്യമന്ത്രി അനാച്ഛാദനം ചെയ്തു. ഡാനിഷ് കണ്ടെയ്നർ ഷിപ്പ് കമ്പനി മെർസ്ക് ലൈനിന്റെ 'സാൻ ഫെർണാണ്ടോ' ചൈനയിലെ ഷിയാമൻ തുറമുഖത്തുനിന്നാണ് വിഴിഞ്ഞത്തെത്തിയത്. 2000-ത്തോളം കണ്ടെയ്നറുകളാണ് കപ്പലിൽനിന്ന് വിഴിഞ്ഞത്തിറക്കുന്നത്.

വെള്ളയും നീലയും കലർന്ന ബലൂണുകൾ ആകാശത്തേക്ക് ഉയർത്തിവിട്ട് ആഹ്ലാദം പങ്കുവെച്ചാണ് കപ്പലിനെയും

(ശേഷം 30-ാം പേജിൽ)




വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തിയ മദർഷിപ്പിന് നൽകിയ സ്വീകരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ഇന്ത്യ മുന്നണിക്ക് ജയം

ന്യൂഡൽഹി: ഏഴു സംസ്ഥാനങ്ങളിൽ നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ പ്രതിപക്ഷ ഇന്ത്യ സഖ്യത്തിനു മിന്നുന്ന നേട്ടവും എൻഡിഎയ്ക്ക് കനത്ത തിരിച്ചടിയും. തെരഞ്ഞെടുപ്പ് നടന്ന 13 സീറ്റിൽ കോൺഗ്രസും ഇന്ത്യ സഖ്യവും പത്തു സീറ്റിൽ ജയിച്ചപ്പോൾ ആകെ രണ്ട് സീറ്റാണ് ബിജെപിക്ക് ലഭിച്ചത്. മൂന്നു സിറ്റിംഗ് സീറ്റുകളിൽ ബിജെപിയും ഒരു സീറ്റിൽ സഖ്യകക്ഷിയായ ജെഡിയുവും തോറ്റു. ലോക്സഭാ തെരഞ്ഞെടുപ്പിൽ വൻ വിജയമം നേടിയ ഉത്തരാഖണ്ഡിലും ഹിമാചലിലും ബിജെപിക്കേറ്റ പരാജയം ശ്രദ്ധേയമായി. ലോക്സഭാ തെരഞ്ഞെടുപ്പിലെ മങ്ങിയ ജയത്തിനുശേഷം നടന്ന ആദ്യ ഉപതെരഞ്ഞെടുപ്പിലും ബിജെപിക്ക് ക്ഷീണം നേരിട്ടത് സൂചനയായി. ഹിമാചൽപ്രദേശിൽ ഉപതെരഞ്ഞെടുപ്പ് നടന്ന മൂന്നു സീറ്റിൽ രണ്ടിടത്തും കോൺഗ്രസ് നേടിയ വിജയം സംസ്ഥാന സർക്കാരിന്റെ സ്ഥിരത ഉറപ്പാക്കി. ഇവിടെ മുഖ്യമന്ത്രി സുഖ്ദേവ് സിംഗ് സുഖുവിന്റെ ഭാര്യ കമലേഷ് ഠാക്കൂർ ദെഹ്റ മണ്ഡലത്തിൽ വിജയിച്ചു. ഒരു സീറ്റിലാണ് ബിജെപി ജയിച്ചത്. ഇതോടെ 68 അംഗ നിയമസഭയിൽ കോൺഗ്രസിന് വീണ്ടും 40 എംഎൽഎമാരായി. ബിജെപിക്ക് 27 സീറ്റുണ്ട്.

(ശേഷം 4-ാം പേജിൽ)

കേരളാ എക്സ്പ്രസ്
KERALA EXPRESS

പി. വി. ചെറിയാൻ
സ്വയം വെട്ടിത്തെളിച്ച പാതകൾ
(ഫ്ളോറിഡ)



വഴിത്താരകൾ
പേജ്, 16, 17

# വെടിയേറ്റ് മണിക്കൂറുകൾക്കകം ട്രംപ് പ്രചാരണത്തിനെത്തി

വാഷിങ്ടൺ: പെൻസിൽവേനിയയിലെ തെരഞ്ഞെടുപ്പ് പ്രചാരണ വേദിയിൽ വെച്ച് വെടിയേറ്റ് മണിക്കൂറുകൾക്കുള്ളിൽ തന്നെ പ്രചാരണ രംഗത്തേക്ക് തിരികെയെത്തി മുൻ പ്രസിഡണ്ടും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായി ഡോണൾഡ് ട്രംപ്. പ്രചാരണത്തിനായി മിൽവോക്കിലേക്ക് ട്രംപ് എത്തിയതായി മകൻ എറിക് ട്രംപ് അറിയിച്ചു.

ട്രംപ് ഫോഴ്സ് വൺ (ബോയിങ് 757) എന്ന അദ്ദേഹത്തിന്റെ വിമാനം മിൽവോക്കിൽ ലാൻഡ് ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ എക്സിൽ പോസ്റ്റ് ചെയ്ത ശേഷമാണ് ട്രംപ് പ്രചാരണ രംഗത്തേക്ക് എത്തിയതായി എറിക് സ്ഥിരീകരിച്ചത്. തന്റെ പ്രചാരണത്തിൽ ഒരു മാറ്റവും ഉണ്ടാകില്ലെന്ന് നേരത്തെ തന്നെ ട്രംപ് അറിയിച്ചിരുന്നു.

അതേസമയം മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന് വെടിയേറ്റ സംഭവത്തിൽ വിശദമായ അന്വേഷണത്തിലേക്ക് കടന്നിരിക്കുകയാണ് യുഎസ് രഹസ്യാന്വേഷണ വിഭാഗവും എഫ്ബിഐയും. യുഎസ് പ്രസിഡണ്ടിന്റെയും മുൻ പ്രസിഡണ്ടുമാരുടെയും സുരക്ഷ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ചുമതലയാണ്. ട്രംപ് പ്രസംഗിച്ചിരുന്ന വേദിയിൽ നിന്ന് 140 മീറ്റർ മാത്രം അകലെയുള്ള കെട്ടിടത്തിൽ നിന്നാണ് അക്രമി വെടിയുതിർത്തത്. കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്ന് അക്രമി നിരവധി തവണ വെടിയുതിർക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.



പെൻസിൽവേനിയയിലെ ബെഥെൽ പാർക്ക് സ്വദേശിയായ തോമസ് മാത്യു ക്രൂക്കാണ് വെടിവെച്ചതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

ഇത്രയും സുരക്ഷ ഉണ്ടായിരുന്ന പ്രദേശത്ത് ഇയാൾ എങ്ങനെ തോക്കുമായി എത്തിയെന്നും കെട്ടിടത്തിന്റെ മേൽക്കൂരയിലേക്ക് കയറിയെന്നുമാണ് അന്വേഷണസംഘം പരിശോധിക്കുന്നത്. വിഷയത്തിൽ യുഎസ് പ്രതിനിധി സഭാ സ്പീക്കർ മൈക്ക് ജോൺസൺ രഹസ്യാന്വേഷണ വിഭാഗത്തോടും എഫ്ബിഐയോടും വിശദീകരണം തേടിയിട്ടുണ്ട്.

ഇതിനിടെ, പ്രസിഡണ്ട് ജോ ബൈഡൻ വീണ്ടും രാജ്യത്തെ അഭിസംബോധന ചെയ്തു. അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കേണ്ടത് തെരഞ്ഞെടുപ്പുകളിലൂടെയാണെന്നും വെടിയുണ്ടകളിലൂടെയല്ലെന്നും ബൈഡൻ ഓർമ്മിപ്പിച്ചു.

രാഷ്ട്രീയം ഒരിക്കലും യുദ്ധക്കളമാകരുതെന്നും ബൈഡൻ ആവശ്യപ്പെട്ടു. യുഎസിന്റെ ഭാവി നിർണയിക്കേണ്ടത് ജനങ്ങളാണ്. ഒരു അക്രമി വിചാരിച്ചാൽ അതിനെ മാറ്റിമറിക്കാൻ ആകില്ല. രാജ്യത്ത് ഇത്തരം അക്രമങ്ങൾക്ക് സ്ഥാനമില്ലെന്നും ബൈഡൻ ആവർത്തിച്ചു.

# മണിപ്പൂരിൽ ആക്രമണം: സിആർപിഎഫ് ജവാന് വീരമൃത്യു

ഇംഫാൽ: മണിപ്പൂരിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സിആർപിഎഫ് ജവാന് വീരമൃത്യു. ജൂലൈ 14-ന് മണിപ്പൂരിലെ തെക്കുപടിഞ്ഞാറൻ ജില്ലയായ ജിരിബാമിലായിരുന്നു സംഭവം. അസം അതിർത്തി പ്രദേശമായ ഇവിടെ സിആർപിഎഫ് ഉദ്യോഗസ്ഥർക്കുനേരെ ഭീകരർ പതിയിരുന്ന് ആക്രമണം നടത്തുകയായിരുന്നു. ബിഹാർ മധുബാനി സ്വദേശിയായ അജോയ് കുമാർ (43) ആണ് കൊല്ലപ്പെട്ടത്. സിആർപിഎഫിന്റെയും മണിപ്പൂർ പോലീസിന്റെയും സംയുക്ത സംഘം തെരച്ചിലിനായി ഇവിടേക്ക് വരുന്നതിനിടെയായിരുന്നു സംഭവം. ആക്രമണത്തിൽ മണിപ്പൂർ പോലീസിലെ രണ്ട് ഉദ്യോഗസ്ഥർക്കും ഒരു പൗരനും പരുക്കേറ്റു. ഇവർ അസമിലെ സിൽച്ചാറിലുള്ള ആശുപത്രിയിൽ ചികിത്സയിലാണ്. പോലീസുകാർ അപകടനില തരണം ചെയ്തു. ഒരു മാസത്തിനിടെ സുരക്ഷാ സേനയെ ലക്ഷ്യമിട്ടുള്ള രണ്ടാമത്തെ ആക്രമണമാണ് ഉണ്ടായിരിക്കുന്നതെന്ന് ആരോപിച്ച മണിപ്പൂർ മുഖ്യമന്ത്രി എൻ. ബിരേൻ സിങ്, കുക്കികളാണ് ആക്രമണത്തിനു പിന്നിലെന്നും കുറ്റപ്പെടുത്തി. ജൂൺ 10-ന് ബിരേൻ സിങ്ങിന്റെ വാഹന വ്യൂഹത്തിനു നേർക്കുണ്ടായ ആക്രമണത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥന് പരുക്കേറ്റിരുന്നു. എന്നാൽ ബിരേൻ സിങ്ങിന്റ വാദം തള്ളിക്കളഞ്ഞ് കുക്കി വിഭാഗം രംഗത്തെത്തിയിട്ടുണ്ട്. അവധിക്ക് നാട്ടിലേക്കു പോകാനിരിക്കെയാണ് അജോയ് കുമാർ വീരമൃത്യു വരിച്ചതെന്ന് അധികൃതർ അറിയിച്ചു. കഴിഞ്ഞ വർഷം മണിപ്പൂരിലുണ്ടായ കലാപത്തിന് ശേഷം ശാന്തമായിരുന്ന ജിരിബാം മേഖലയിൽ ഈയിടെ ആക്രമണങ്ങൾ വീണ്ടും പൊട്ടിപ്പുറപ്പെട്ടിരുന്നു. ഇതോടെയാണ് സിആർപിഎഫ് മേഖലയിൽ പരിശോധന ശക്തമാക്കിയത്.

# അരോമ മണി അന്തരിച്ചു



തിരുവനന്തപുരം: മലയാളി മനസ്സിൽ ഇടംപിടിച്ച ഒട്ടേറെ മികച്ച സിനിമകളുടെ നിർമാതാവും സംവിധായകനുമായ അരോമ മണി (എം. മണി-84) അന്തരിച്ചു. കുന്നുകുഴിയിലെ വസതിയായ 'മീനാഭവനിൽ' ജൂലൈ 14-നായിരുന്നു അന്ത്യം. പരേതയായ എൽ. കൃഷ്ണമ്മയാണു ഭാര്യ. മക്കൾ: എം. സുനിൽ കുമാർ (നിർമാതാവ്), സുനിത (മുംബൈ), എം. അനിൽകുമാർ (നിർമാതാവ്). മരുമക്കൾ: സന്ധ്യ, സി. സുബ്രഹ്മണ്യം (പൈലറ്റ്), പിങ്കി. നിർമാതാവ് അരോമ മോഹൻ സഹോദരീപുത്രനാണ്.

## ഇന്ത്യ മുന്നണിക്ക് ജയം

(3-ാം പേജിൽനിന്നും)

ഓപ്പറേഷൻ താമരയുടെ ഭാഗമായി ബിജെപിയിലേക്ക് കൂറുമാറിയവർ തോറ്റപ്പോൾ, ബംഗാളിൽ ബിജെപിയിൽ നിന്ന് തൃണമൂലിലേക്ക് കൂറുമാറിയ മൂന്നുപേരും വിജയിച്ചു. ഉത്തരാഖണ്ഡിലെ രണ്ട് സീറ്റുകളും നേടിയ കോൺഗ്രസിന് വലിയ കുതിപ്പാണുണ്ടായത്. ബദരീനാഥിൽ കോൺഗ്രസ് ബിജെപിയെ തോല്പിച്ചു. അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദ് ലോക്സഭാ മണ്ഡലം നഷ്ടപ്പെട്ടതിനു പിന്നാലെ ഉത്തരാഖണ്ഡിലെ ക്ഷേത്രനഗരിയായ ബദരീനാഥിലും തോറ്റത് ബിജെപിക്ക് ക്ഷീണമായി.

## തിരശീല ഉയരുന്നു

(3-ാം പേജിൽനിന്നും)

പുരസ്കാരം, അമേരിക്കൻ എഴുത്തുകാർക്ക് ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാര വിതരണം, മിസ് ഫൊക്കാന, മലയാളി മങ്ക, ബിസിനസ് സെമിനാർ, മീഡിയ സെമിനാർ,സ്പെല്ലിങ് ബീ, വിവിധ ടാലന്റ് മത്സരങ്ങൾ, ഇൻഡോർ ഗെയിംസ്, വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ ഫാഷൻ ഷോ, ഗായകൻ വിവേകാനന്ദൻ നയിക്കുന്ന ഗാനമേള, നടൻ അനീഷ് രവിയുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും നടക്കും.

ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ, ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷറർ ബിജു ജോൺ കൊട്ടാരക്കര തുടങ്ങിയവരുടെ നേതൃത്വത്തിൽ കൺവൻഷൻ സംഘാടന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

## ഫൊക്കാന അംഗീകാര തിളക്കത്തിൽ

(3-ാം പേജിൽനിന്നും)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപദേശക സമിതി ചെയർമാൻ, തിരുവനന്തപുരം ആർ.സി.സി ഗവേണിംഗ് കൗൺസിൽ അംഗം തുടങ്ങി അനുഷ്ഠിക്കാത്ത പദവികൾ ചുരുക്കം.

സാഹിത്യരംഗത്ത് അദ്ദേഹത്തിന്റെ വലിയ സംഭാവന ഒ.എൻ.വി. കുറുപ്പിന്റെ ഉജ്ജയിനി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാൻ നിമിത്തമായതാണ് ആ കഥ ഇങ്ങനെ. ഉജ്ജയിനി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് കേന്ദ്ര സാഹിത്യ അക്കാദമി ഉദ്യോഗസ്ഥനായ എ.ജെ. തോമസ് ആയിരുന്നു. മലയാള രചനകൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാനുള്ള ഒരു അന്തർദേശീയ മത്സരം നിർദേശിച്ചു നടപ്പിലാക്കാനുള്ള ഭാഗ്യം ഉണ്ടായി. ഒന്നാം സമ്മാനം വാഷിംഗ്ടൺ ഡിസിയിൽ ഉള്ള റൈറ്റേഴ്സ് സെന്ററിൽ വിവർത്തന പരിശീലനം, ഇന്ത്യയിൽ നിന്നുള്ള യാത്ര ചിലവും അമേരിക്കയിലെ താമസവും. ഒട്ടേറെ മത്സരാർത്ഥികൾ പങ്കെടുത്തു. ഒന്നാം സമ്മാനം എ.ജെ. തോമസിനു ആയിരുന്നു. അദ്ദേഹം എന്റെ അതിഥി ആയി താമസിച്ചു. വാഷിംഗ്ടണിൽ നിന്നും ലഭിച്ച പരിശീലനം തനിക്ക് നൽകിയ പുതിയ കാഴ്ചപ്പാടിനെ തോമസ് മുക്തകണ്ഠം പ്രശംസിച്ചു മടങ്ങി അദ്ദേഹം ഒ.എൻ.വിയുടെ ഉജ്ജയിനി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു. ഒ.എൻ.വി. ജ്ഞാനപീഠം ജേതാവായി.

ആതുരസേവന രംഗത്തും, സാഹിത്യ രംഗത്തും ഒരുപോലെ പ്രശോഭിക്കുന്ന ഡോ. എം.വി. പിള്ളയെ തേടി നിരവധി പുരസ്കാരങ്ങളും എത്തിയിട്ടുണ്ട്. ഫൊക്കാനയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം അമേരിക്കൻ മലയാളികളുടെ ഹൃദയാദരവായി മാറുന്ന നിമിഷങ്ങളാണ് വാഷിംഗ്ടൺ ഡിസിയിൽ 18 മുതൽ നടക്കുന്ന ഫൊക്കാന കൺവൻഷനിൽ നാം കാണാൻ പോകുന്നത്. ഡോ. എം.വി. പിള്ളയ്ക്ക് കേരളാ എക്സ്പ്രസ്സിന്റെ അഭിനന്ദനങ്ങൾ.

സാഹിത്യ രംഗത്ത് സമഗ്ര സംഭാവനയ്ക്ക് ഫൊക്കാന നൽകുന്ന 2024 ലെ അവാർഡ് മുരുകൻ കാട്ടാക്കടയ്ക്കാണ് ലഭിച്ചത്. അതും അർഹതയ്ക്കുള്ള അംഗീകാരം തന്നെ. നിലവിൽ കേരള മലയാളം മിഷന്റെ ഡയറക്ടറായ മുരുകൻ കാട്ടാക്കട കവിത സാഹിത്യ മണ്ഡലത്തിന് നൽകിയ സംഭാവനകൾ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ കവിതകൾ മൂളാത്ത മലയാളികൾ വിരളമാണ്. മലയാളികളുടെ മനം കവർന്ന അദ്ദേഹത്തിന്റെ കണ്ണട, രേണുക എന്നീ കവിതകൾ ആസ്വാദക മനസ്സുകളെ കീഴ്പ്പെടുത്തിയവയാണ്.

എല്ലാ കാലത്തുമുള്ള മനുഷ്യ ദുഃഖങ്ങളെ അദ്ദേഹം അടയാളപ്പെടുത്തുന്നു. അതിലുപരി നാം മനുഷ്യൻ എന്ന നിലയിൽ ഇങ്ങനെ ആയാൽ പോരാ, നാം ഇനിയും മുന്നോട്ട് പോകേണ്ടിയിരിക്കുന്നു എന്ന് ചിന്തിപ്പിക്കുന്ന ഒരു കാഴ്ചപ്പാട് അദ്ദേഹം ഓരോ കവിതയിലും അവതരിപ്പിക്കുന്നുണ്ട്.

അർഹതയ്ക്കുള്ള അംഗീകാരമായി മുരുകൻ കാട്ടാക്കടയുടെ സാഹിത്യ പുരസ്കാരത്തേയും നോക്കിക്കാണാം. അദ്ദേഹത്തിനും കേരളാ എക്സ്പ്രസ്സിന്റെ ആശംസകൾ.

ജൂലൈ 18 മുതൽ നടക്കുന്ന ഫൊക്കാന അന്തർദ്ദേശീയ കൺവൻഷനിൽ ഈ രണ്ട് പുരസ്കാരങ്ങളും വിതരണം ചെയ്യും.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 29
July 19, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്‌വചനം**

ക്രമീകരണമാണ് നല്ല കാര്യങ്ങളുടെ മാതാവ്.
**ബർക്ക്**

നമ്മുടെ സ്വപ്നങ്ങൾ എല്ലാം യാഥാർത്ഥ്യമാകും; അവയെ പിൻതുടരുവാനുള്ള ധൈര്യം നമുക്കുണ്ടെങ്കിൽ.
**വാൾട്ട് ഡിസ്നി**

# FIRST DEATH ANNIVERSARY

**7-10-2024**



## ALEYKUTTY PHILIP

**MANAKUNNEL**

**PIRAVOM**

**Inserted By:**
**Sorrowing Family**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

## Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## വിഴിഞ്ഞം നൽകുന്ന പ്രതീക്ഷകൾ

ഇന്ത്യയുടെ സമുദ്ര വ്യാപാരമേഖലയിൽ വിഴിഞ്ഞത്തിലൂടെ ചരിത്രമെഴുതിയിരിക്കുകയാണ് കേരളം. 300 മീറ്റർ നീളവും 48 മീറ്റർ വീതിയുമുള്ള സാൻ ഫെർണാണ്ടോ എന്ന കൂറ്റൻ മദർഷിപ്പ് 1930 കണ്ടെയ്നറുകളുമായി വിഴിഞ്ഞത്ത് നങ്കൂരമിട്ടു. കേരളം ഈ പ്രതീക്ഷാനൗകയെ ഹൃദയാരവം നൽകിയാണ് സ്വീകരിച്ചത്. ഇത്രയും വലിയ കപ്പൽ ആദ്യമായാണ് ഇന്ത്യയിലെ ഒരു തുറമുഖതീരം തൊടുന്നതെന്ന് അറിയുമ്പോൾ അത് നൽകുന്ന ആഹ്ലാദവും പ്രതീക്ഷയും കടലോളം വരും. കേരളം പുതുയുഗപ്പിറവിയിലാണ്. ലോകത്തിന്റെതന്നെ കടൽവ്യാപാര മാപ്പിൽ ഒരു ചെമ്പൊട്ടായി വിഴിഞ്ഞവും മാറുന്നു. ചരക്കുകളുമായി കടലുകൾതാണ്ടി കൂറ്റൻ കപ്പലുകൾ ഇനി വിഴിഞ്ഞത്തെത്തും. വിദേശ രാജ്യങ്ങളിലെ തുറമുഖങ്ങളിലേക്കും ചെറുകപ്പലുകളിലൂടെ (ഫീഡർ ഷിപ്പ്) ഈ ചരക്കുകൾ നീങ്ങും. ട്രാൻസ്ഷിപ്പ്മെന്റിനായി കൊളംബോ, ദുബായ് തുടങ്ങിയ വൻ തുറമുഖങ്ങളെ ആശ്രയിച്ചിരുന്ന ഇന്ത്യ ഇനിമേൽ സ്വയംപര്യാപ്തത നേടിയിരിക്കുകയാണ് വിഴിഞ്ഞത്തിലൂടെ.

മദർഷിപ്പിൽനിന്ന് കണ്ടെയ്നറുകൾ ഇറക്കി ഫീഡർ ഷിപ്പുകൾ വഴി മറ്റ് തുറമുഖങ്ങളിലേക്ക് കൊണ്ടുപോകുന്ന ട്രാൻസ്ഷിപ്പ്മെന്റ് പ്രവർത്തനങ്ങൾക്കാണ് വിഴിഞ്ഞത്ത് തുടക്കംകുറിച്ചിരിക്കുന്നത്. മൂന്നു മാസം ഈ ട്രയൽ റൺ തുടരും. ഇതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചപ്പോൾ കേരളത്തിൽ തിരയടിക്കുന്നത് വികസനത്തിന്റെ കുതിപ്പാണ്. സെപ്റ്റംബറോടെ പൂർണസജ്ജമാകുന്ന വിഴിഞ്ഞത്ത് വാണിജ്യാടിസ്ഥാനത്തിൽ ചരക്കുനീക്കം നടക്കും. വാണിജ്യപ്രവർത്തനങ്ങൾ തുടങ്ങുംമുമ്പുതന്നെ ലോകത്തെ പ്രമുഖ കപ്പൽ കമ്പനികൾ വിഴിഞ്ഞത്തേക്കെത്താൻ താൽപര്യം പ്രകടിപ്പിച്ചു എന്ന വാർത്ത പ്രതീക്ഷയുടേതാണ്. ലോകത്തെ ഏറ്റവും വലിയ കപ്പൽ കമ്പനിയായ മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിയും വിഴിഞ്ഞത്ത് എത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വിഴിഞ്ഞത്തെത്തിയ സാൻ ഫെർണാണ്ടോ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ കപ്പൽ കമ്പനിയായ മെസ്ക് ചാർട്ടർ ചെയ്തതാണ്. 20 മീറ്റർ ആഴവും തുറമുഖത്തുനിന്ന് 10 നോട്ടിക്കൽ മൈൽ അകലെ അന്താരാഷ്ട്രാ കപ്പൽ ചാൽ കടന്നുപോകുന്നതുമാണ് വിഴിഞ്ഞത്തെ സമുദ്രവ്യാപാരത്തിന്റെ കേന്ദ്രമാക്കുന്നത്. സമുദ്രവ്യാപാരത്തിനൊപ്പം വാതിൽ തുറക്കുന്ന തൊഴിൽമേഖലകളെ ഉപയോഗപ്പെടുത്താൻ സർക്കാരിന് കഴിയേണ്ടതുണ്ട്. ലോജിസ്റ്റിക്സുമായി ബന്ധപ്പെട്ടുള്ള അനേകം തൊഴിൽ അവസരങ്ങൾ വിഴിഞ്ഞം തുറന്നിടും. മാരിടൈം കോഴ്സുകൾക്കുള്ള സാധ്യത തിരിച്ചറിഞ്ഞ് ഇടപെടലുകൾ ഉണ്ടാകണം. വിഴിഞ്ഞത്തിലൂടെ കേരളത്തിന്റെ സാമ്പത്തിക വികസനം യാഥാർഥ്യമാകണമെങ്കിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ കുതിച്ചുചാട്ടമുണ്ടാകണം.

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് വിഴിഞ്ഞം പദ്ധതിക്ക് പ്രാരംഭ നടപടികൾക്ക് തുടക്കമിട്ടത്. പദ്ധതി യാഥാർഥ്യമാക്കിയ സർക്കാരിനെ നയിക്കുന്ന സിപിഎമ്മിന്റെ രാഷ്ട്രീയ എതിർപ്പിന്റെ മൂർച്ച കുറഞ്ഞിരുന്നുവെങ്കിൽ ഏറെ മുമ്പെ വിഴിഞ്ഞത്ത് കപ്പൽ അടുക്കുമായിരുന്നു. ഇപ്പോൾ ചെലവ് പ്രതീക്ഷിക്കുന്നത് 7700 കോടിയാണ്. ലക്ഷ്യമിട്ട കാലത്തിനുള്ളിൽ പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഇതിന്റെ പാതി മതിയാകുമായിരുന്നു.

2015-ലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന് അദാനിയുമായി 40 വർഷത്തെ കരാറിന് ഒപ്പുവെക്കുന്നത്. ഉമ്മൻ ചാണ്ടി, വി.എസ്. അച്യുതാനന്ദൻ, പിണറായി വിജയൻ എന്നീ മുഖ്യമന്ത്രിമാരുടെയും തുറമുഖ വകുപ്പ് കൈകാര്യം ചെയ്തിരുന്ന എം.വി. രാഘവൻ മുതൽ വി.എൻ. വാസവൻ വരെയുള്ള മന്ത്രിമാരുടെയും ശശി തരൂർ എം.പിയുടെയുമെല്ലാം ഇടപെടലിനെ ആർക്കും വിസ്മരിക്കാനോ കുറച്ചുകാണാനോ ആകില്ല. കേന്ദ്ര പ്രതിരോധ മന്ത്രിയായിരുന്ന എ.കെ. ആന്റണിയുടെ ഇടപെടലും പരാമർശിക്കപ്പെടേണ്ടതു തന്നെയാണ്.

എന്നാൽ വിഴിഞ്ഞം ഉദ്ഘാടനവേദിയിൽ കേട്ടത് ആരെയും അസ്വസ്ഥതപ്പെടുത്തുന്നതാണെന്ന് പറയാതെ വയ്യ. ചടങ്ങിൽനിന്ന് പ്രതിപക്ഷ നേതാവിനെ മാറ്റിനിർത്തിയത് വില കുറഞ്ഞ രാഷ്ട്രീയം തന്നെയാണ്. ഉമ്മൻ ചാണ്ടിയുടെ പേര് പരാമർശിക്കാതെ മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗം പൂർത്തീകരിച്ചു എന്നത് ഏത് രാഷ്ട്രീയധാർമികതയുടെ മൂശയിലും ന്യായീകരിക്കാൻ കഴിയില്ല. ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യവും ഇടതിന്റെ ഇടപെടലുമാണ് വിഴിഞ്ഞത്ത് നങ്കൂരമിട്ട കപ്പൽ. 2006-ലെ വി.എസ്. സർക്കാരാണ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ മുന്നിട്ടിറങ്ങിയതെങ്കിലും അതും വിസ്മരിക്കപ്പെട്ടു. 2011-ൽ അധികാരത്തിൽ എത്തിയ ഉമ്മൻ ചാണ്ടി നയിച്ച യുഡിഎഫ് സർക്കാർ ഏറെ രാഷ്ട്രീയ ആരോപണങ്ങൾ നേരിട്ടെങ്കിലും പദ്ധതി നടപ്പാക്കാൻ വലിയ പങ്കുവഹിച്ചിരുന്നു. അദാനി തുറമുഖ നിർമാണം തുടങ്ങിയ ശേഷമാണ് 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ എത്തുന്നത്. വൻകിട പദ്ധതികൾ, ആരംഭിച്ച സർക്കാരുകൾക്കുതന്നെ പൂർത്തിയാക്കാനാവണമെന്നില്ല. എൽഡിഎഫ് സർക്കാർ തുടക്കമിട്ട പല പദ്ധതികളും തുടർന്നുവന്ന യുഡിഎഫ് സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. തിരിച്ചുമുണ്ട് നിരവധി ഉദാഹരണങ്ങൾ. പദ്ധതികളുടെ പിതൃത്വത്തെ ചൊല്ലിയുള്ള തർക്കങ്ങൾ സ്വാഭാവികമാണ്. എങ്കിലും തറക്കല്ലിട്ട വരെ തഴയുന്ന രാഷ്ട്രീയം ജനാധിപത്യത്തിന്റേതല്ല, ജനവിരുദ്ധതയുടേതാണ്.

വൻ വികസന പദ്ധതികൾ യാഥാർഥ്യമാകുമ്പോൾ ഉയരുന്ന ജീവൽപ്രശ്നങ്ങളെയും കാണാതിരിക്കരുത്. വിഴിഞ്ഞത്ത് തീരംവിട്ടൊഴിയേണ്ടി വന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. ഒപ്പം യാഥാർഥ്യമാക്കിയ സ്വപ്നപദ്ധതികൾക്ക് പിന്നെന്ത് എന്ന അന്വേഷണവും വേണം. സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ പങ്കാളിത്തത്തിലോ ആയിക്കോട്ടെ, ഓരോ പദ്ധതിയും ഒട്ടനവധി പേരുടെ ജീവിതംകൂടിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യാഥാർഥ്യമായ ഒരു വൻ പദ്ധതിയായിരുന്നു കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം. മലബാറിന്റെ തലവര മാറ്റുമെന്ന് സ്വപ്നം കണ്ട പദ്ധതി. കണ്ണൂർ വിമാനത്താവളത്തിന്റെ നഷ്ടങ്ങളുടെ കണക്ക് കൂടി വരുന്നു. വിഴിഞ്ഞത്തിന് ആ ഗതിയുണ്ടാകരുത്. പദ്ധതികൾ മാത്രംപോരാ, എങ്ങനെ അവയെ ഉപയോഗപ്പെടുത്തുന്നുവെന്നതും പ്രധാനമാണ്.

## ഓവർസീസ് കോൺഗ്രസ് ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമവാർഷികദിനം ആചരിക്കുന്നു




ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ചാപ്റ്റർ ആദരണീയനായ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ ഒന്നാമത് ചരമ വാർഷികദിനം ആചരിക്കുന്നു. ജനനന്മയ്ക്കായി ജനങ്ങളോടൊപ്പം സഞ്ചരിച്ച, പകരക്കാരനില്ലാത്ത ഒരു രാഷ്ട്രീയ നേതാവായിരുന്നു ഉമ്മൻ ചാണ്ടി. കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഏവരേയും ഒരുപോലെ സ്നേഹിച്ചിരുന്ന ജനനായകനായിരുന്നു അദ്ദേഹം.

അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് ജൂലൈ 18-ാം തീയതി ഒരു വർഷം തികയുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുന്നതിനായി ജൂലൈ 17-ാം തീയതി വൈകുന്നേരം (സെൻട്രൽ സമയം) എട്ടു മണിക്ക് സൂം മീറ്റിംഗ് നടത്തുന്നതാണ്. തദവസരത്തിൽ ബഹുമാന്യനായ രമേശ് ചെന്നിത്തല എംഎൽഎ മുഖ്യാതിഥിയായിരിക്കും. കൂടാതെ മറ്റു രാഷ്ട്രീയ നേതാക്കളും പങ്കെടുത്തു സംസാരിക്കുന്നതാണ്.

പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുവാൻ കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഏവരേയും സംഘാടകർ സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: സതീശൻ നായർ 847 708 3279, തോമസ് മാത്യു 773 509 1947, സജി കരിമ്പന്നൂർ 813 401 4178, വിപിൻ രാജ് 703 307 8445 എന്നിവരുമായി ബന്ധപ്പെടുക.

### ബിഎസ്പി നേതാവിന്റെ വധം

## പ്രതി തമിഴ്നാട് പോലീസിന്റെ വെടിയേറ്റു മരിച്ചു

ചെന്നൈ: ബഹുജൻ സമാജ് പാർട്ടി (ബിഎസ്പി) സംസ്ഥാന പ്രസിഡണ്ട് ആംസ്ട്രോങ്ങിനെ കൊലപ്പെടുത്തിയകേസിലെ പ്രതി തമിഴ്നാട് പോലീസിന്റെ വെടിയേറ്റുമരിച്ചു. കെ. തിരുവെങ്കിടമാണ് (33) കൊല്ലപ്പെട്ടത്.

സ്ഥിരം കുറ്റവാളിയായ പ്രതിയെ ജൂലൈ 14-ന് പുലർച്ചെ തെളിവെടുപ്പിനു കൊണ്ടുപോയപ്പോൾ പോലീസിനെ ആക്രമിച്ച് രക്ഷപ്പെടാൻ ശ്രമിച്ചെന്നും തുടർന്നുനടന്ന ഏറ്റുമുട്ടലിൽ മരണം സംഭവിച്ചെന്നുമാണ് ഔദ്യോഗിക വിശദീകരണം.

ആംസ്ട്രോങ് വധക്കേസിൽ പതിനൊന്നുപേരെയാണ് പോലീസ് അറസ്റ്റുചെയ്തത്. തിരുവെങ്കിടമാണ് കൊലപാതകം ആസൂത്രണം ചെയ്തതും കൊലനടത്താനായി ആയുധങ്ങൾ എത്തിച്ചുനൽകിയതും എന്നാണ് പോലീസ് പറയുന്നത്. ഈ ആയുധങ്ങൾ ചെന്നൈക്കടുത്ത് മാധാവരത്തെ തടാകക്കരയിൽ ഒളിപ്പിച്ചിട്ടുണ്ടെന്ന് മൊഴിനൽകിയിരുന്നു. ആയുധങ്ങൾ കണ്ടെടുക്കുന്നതിന് 14-ന് രാവിലെ 5.30-ഓടെ മാധാവരത്തെത്തിച്ചപ്പോഴാണ് ഏറ്റുമുട്ടലുണ്ടായത്.

രക്ഷപ്പെടാൻ ശ്രമിച്ച പ്രതി ഒളിപ്പിച്ചുവെച്ച കള്ളത്തോക്കുപയോഗിച്ച് ഭീഷണിപ്പെടുത്തിയെന്നു അതുകൊണ്ടാണ് വെടിവെക്കേണ്ടിവന്നതെന്നും പോലീസ് പറയുന്നു. വെടിയേറ്റുവീണ തിരുവെങ്കിടത്തെ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും മരിച്ചിരുന്നു. കുന്നത്തൂർ സ്വദേശിയായ തിരുവെങ്കിടം മൂന്നു കൊലപാതകങ്ങൾ ഉൾപ്പെടെ ഒട്ടേറെക്കേസുകളിൽ പ്രതിയാണ്. 2015-ൽ ബിഎസ്പിയുടെ തിരുവള്ളൂർ ജില്ലാ പ്രസിഡണ്ട് തേനരശിനെ വധിച്ചകേസും ഇതിൽപ്പെടുന്നു. ജൂലൈ അഞ്ചിന് പെരമ്പൂരിൽവെച്ചാണ് ബിഎസ്പി സംസ്ഥാന പ്രസിഡണ്ട് ആംസ്ട്രോങ് വെട്ടേറ്റു മരിച്ചത്.

കൊടുംകുറ്റവാളിയായ ആർക്കോട്ട് സുരേഷിനെ വധിച്ചതിനുള്ള പ്രതികാരമാണ് ആംസ്ട്രോങ്ങിന്റെ കൊലപാതകമെന്നാണ് പോലീസ് പറയുന്നത്. അറസ്റ്റിലായ പ്രതികളിൽ സുരേഷിന്റെ സഹോദരൻ വി. ബാലുവുമുണ്ട്.

ആംസ്ട്രോങ് വധത്തിന്റെപേരിൽ രൂക്ഷവിമർശനം നേരിട്ട തമിഴ്നാട് സർക്കാർ ചെന്നൈ പോലീസിന്റെ തലപ്പത്ത് അഴിച്ചുപണി നടത്തിയിരുന്നു. അതിനുശേഷം, ഒരാഴ്ചയ്ക്കിടെ നടക്കുന്ന രണ്ടാമത്തെ ഏറ്റുമുട്ടൽക്കൊലയാണിത്.

## ഗൗരവ് ഉപനേതാവ്, കൊടിക്കുന്നിൽ ചീഫ് വിപ്പ്

ന്യൂഡൽഹി: അസമിൽ നിന്നുള്ള എംപി ഗൗരവ് ഗൊഗോയിയെ ലോക്സഭയിലെ പാർട്ടി ഉപനേതാവായി കോൺഗ്രസ് പ്രഖ്യാപിച്ചു. എട്ട് തവണ അംഗമായ കേരളത്തിൽ നിന്നുള്ള മുതിർന്ന അംഗം കൊടിക്കുന്നിൽ സുരേഷാണ് പാർട്ടി ചീഫ് വിപ്പ്.

തമിഴ്നാട്ടിലെ വിദുര നഗറിൽ നിന്നു നാലാം തവണ എംപിയായ ബി. മാണിക്കം ടാഗോർ, ബിഹാറിലെ കിഷൻഗഞ്ചിൽ നിന്ന് രണ്ടാംവട്ടവും തെരഞ്ഞെടുക്കപ്പെട്ട ഡോ. മുഹമ്മദ് ജാവേദ് എന്നിവർ വിപ്പുമാരായും പ്രവർത്തിക്കും. പുതിയ നിയമനം സംബന്ധിച്ചു സ്പീക്കർ ഓം ബിർലയ്ക്ക് കത്ത് നല്കിയതായി എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ അറിയിച്ചു. മുൻ അസം മുഖ്യമന്ത്രി തരുൺ ഗൊഗോയിയുടെ മകനായ ഗൗരവ് മൂന്നാംതവണയാണ് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ബിജെപിയുടെ വെല്ലുവിളി അതിജീവിച്ച് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പാർട്ടി നേട്ടമുണ്ടാക്കിയതും കഴിഞ്ഞ ലോക്സഭയിലെ പ്രകടനവുമാണ് ഗൗരവിന് വഴി തുറന്നത്.

## വിസിമാർ സ്വന്തം ചെലവിൽ കേസ് നടത്തണം: ഗവർണർ

തിരുവനന്തപുരം: സുപ്രീം കോടതി വിധിയെത്തുടർന്ന് വിവിധ സർവകലാശാലകളിലെ വിസിമാരുടെ നിയമനം അസാധുവാക്കിയ ഗവർണറുടെ നടപടിയെ ചോദ്യംചെയ്തു കോടതിയെ സമീപിച്ച വൈസ് ചാൻസലർമാർ സർവകലാശാലാ ഫണ്ടിൽനിന്ന് ചെലവിട്ട തുക ഉടനടി തിരിച്ചടയ്ക്കാൻ ഗവർണറുടെ ഉത്തരവ്. ഗവർണർക്കെതിരേയുള്ള കേസിനായി 1.13 കോടി രൂപ ചെലവഴിച്ചതിന് നീതീകരണമില്ലെന്നും ധന ദുർവിനിയോഗമാണിതെന്നും അതിനാൽ തിരിച്ചടയ്ക്കണമെന്നും ഗവർണറുടെ സെക്രട്ടറി എല്ലാ വിസിമാർക്കും നിർദേശം നല്കി. വിസി നിയമനം അസാധുവാക്കിയ ഗവർണറുടെ ഉത്തരവിനെതിരെ കേസ് നടത്താൻ വിസിമാർ യൂണിവേഴ്സിറ്റി ഫണ്ടിൽനിന്നും ചെലവിട്ട തുകയുടെ വിശദാംശങ്ങൾ മന്ത്രി ബിന്ദുവാണ് നിയമസഭയിൽ അറിയിച്ചത്. സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള കോടതി വ്യവഹാരങ്ങളിൽ സ്വന്തം നിലയ്ക്കാണ് ചെലവ് വഹിക്കേണ്ടത്. എന്നാൽ, ചാൻസലറായ ഗവർണറുടെ ഉത്തരവിനെതിരെ ഗവർണറെ തന്നെ എതിർകക്ഷിയാക്കി കോടതിയിൽ ചോദ്യം ചെയ്യുന്നതിന് സർവകലാശാലാ ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നത് ആദ്യമാണ്. കോടതിച്ചെലവുകൾക്കുള്ള തുക അനുവദിച്ച നടപടി ഗവർണർ റദ്ദാക്കിയതോടെ ഈ തുക വിസിമാരുടെ ബാദ്ധ്യതയായി മാറും.

Law Office of Sovmya George
IMMMIGRATION LAW FIRM



SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

"We Handle Cases All Across the USA!"
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews

**Hearty Greetings to Dr.Babu Stephen & 21st FOKANA Global Convention-2024 Washington DC**

50 Years of Remarkable Advertising
1971-2021



NG Jerome
FOREIGN PRESS
Publications for Malayalees living outside India
Thevara P.O, Cochin - 682 013
+91 944 62 11 630 foreignpress44@gmail.com

Experts in modern innovative communication techniques.
Marketing & Sales Promotion Advertising, Public Relations, Funding & Sponsorships, Event Management, Conducting Press Meets in India & Abroad, Design Print & Supply of Souvenirs, Convention News & Journals, Interviews & Write Ups, News Paper Ads etc.

USA | CANADA | UK | GERMANY | EUROPE | AUSTRALIA | AFRICA | FAR EAST | MIDDLE EAST



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and EFFICIENT

Quality REPAIR



WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

## മോദി–പുടിൻ കൂടിക്കാഴ്ച;

# റഷ്യൻ സേനയിലെ ഇന്ത്യക്കാരെ വിട്ടയയ്ക്കും

മോസ്കോ: ഇന്ത്യ സമാധാനത്തിനൊപ്പമാണെന്ന വ്യക്തമായ സന്ദേശവുമായി മോസ്കോയിൽ മോദി-പുടിൻ കൂടിക്കാഴ്ച. യുക്രെയ്ൻ സംഘർഷത്തിന് യുദ്ധഭൂമിയിൽ പരിഹാരമുണ്ടാകില്ലെന്ന് റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച



പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിനൊപ്പം മോസ്കോയിലെ വിഡിഎൻകെഎച്ച് എക്സിബിഷൻ സെന്ററിലെ ആറ്റം പവിലിയൻ സന്ദർശിക്കുന്നു.

യിൽ അഭിപ്രായപ്പെട്ട മോദി, ബോംബുകളുടെയും തോക്കുകളുടെയും സമാധാനചർച്ചകൾ വിജയിക്കില്ലെന്നും കൂട്ടിച്ചേർത്തു. റഷ്യ നടത്തിയ ആക്രമണത്തിൽ യുക്രെയ്നിലെ കുട്ടികളുടെ ആശുപത്രിയിൽ നിരപരാധികളായ കുരുന്നുകൾക്കു ജീവഹാനിയുണ്ടായതു ഹൃദയഭേദകമാണെന്നും മോദി പറഞ്ഞു.

“സമാധാനത്തിന്റെ ഭാഗത്താണ് ഇന്ത്യയെന്ന് ലോകത്തിന് ഉറപ്പുനൽകുകയാണ്. പുതിയ തലമുറയുടെ ഉജ്ജ്വലമായ ഭാവിക്കു സമാധാനം അനിവാര്യമാണ്. ഇതിനായുള്ള ശ്രമങ്ങൾക്ക് ഇന്ത്യയുടെ സഹായമുണ്ടാകുമെന്ന് ലോകത്തിന് ഉറപ്പു നൽകുന്നു. പുടിനുമായുള്ള കൂടിക്കാഴ്ചയിൽ ഉഭയകക്ഷി ബന്ധം ശക്തമാക്കാനുള്ള നിർണായക തീരുമാനങ്ങളും സ്വീകരിച്ചു”- പ്രധാനമന്ത്രി പറഞ്ഞു.

യുക്രെയ്ൻ-റഷ്യ സംഘർഷങ്ങൾ യുദ്ധസ്വഭാവത്തിലേക്ക് എത്തിയതിനു ശേഷം ആദ്യമായിട്ടാണ് മോദി പുടിനുമായി കൂടിക്കാഴ്ച നടത്തുന്നത്. റഷ്യൻ സേനയിലേക്ക് സഹായികളായി നിയോഗിക്കപ്പെട്ട നാല്പതോളം ഇന്ത്യക്കാരെ തിരികെ എത്തിക്കണം എന്ന മോദിയുടെ ആവശ്യം പുടിൻ അംഗീകരിച്ചുവെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. റഷ്യയിലെ കസാനിലും യെകാറ്റെറിൻബർഗിലും ഇന്ത്യൻ കോൺസുലേറ്റുകൾ തുറക്കാനും തീരുമാനിച്ചു. ചൈനയുമായുള്ള ശക്തമായ ബന്ധത്തിനിടയിലും ഇന്ത്യക്കൊപ്പമുള്ള ദീർഘകാല സൗഹൃദം മാറ്റമില്ലാതെ തുടരുമെന്ന സൂചനയാണു മോദിക്കു ലഭിച്ച ഊഷ്മള സ്വീകരണം.

യുക്രെയ്ൻ പ്രതിസന്ധിക്കു സമാധാനപരമായ പരിഹാരത്തിനു ശ്രമിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കൂടിക്കാഴ്ചയിൽ പുടിൻ നന്ദി പറഞ്ഞു.

ഏറ്റവും പ്രാമുഖ്യമുള്ള വിഷയങ്ങൾക്കു പ്രത്യേക ശ്രദ്ധ നൽകുന്നതിൽ, പ്രത്യേകിച്ചും യുക്രെയ്ൻ പ്രതിസന്ധി സമാധാനപരമായി പരിഹരിക്കാൻ ശ്രമിക്കുന്നതിന് നന്ദിയുണ്ടെന്ന് പ്രസിഡണ്ട് പറഞ്ഞതായി റഷ്യയുടെ ഔദ്യോഗിക വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

# എഐ രംഗത്ത് ഇന്ത്യക്ക് അഞ്ചാം സ്ഥാനം

ന്യൂഡൽഹി: നിർമിതബുദ്ധി (എഐ) രംഗത്ത് കൂടുതൽ കണ്ടുപിടുത്തങ്ങൾ നടത്തുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ അഞ്ചാമത്. യൂറോപ്യൻ രാജ്യങ്ങളായ യുകെ, ജർമനി എന്നിവരേക്കാളും കൂടുതൽ എഐ പേറ്റന്റുകളാണ് 10 വർഷങ്ങൾക്കിടെ ഇന്ത്യക്ക് സ്വന്തമായത്. 1,350 പേറ്റന്റുകളാണ് ഇക്കാലയളവിൽ ഇന്ത്യയിൽ രജിസ്റ്റർചെയ്തത്. ജനറേഷൻ എഐ കണ്ടുപിടുത്തങ്ങളിൽ ഉയർന്ന ശരാശരി വാർഷിക വളർച്ചയുള്ള രാജ്യമാണ് ഇന്ത്യയെന്നും ഐക്യരാഷ്ട്രസഭയുടെ ലോകബൗദ്ധിക സ്വത്തവകാശസംഘടനയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നു. മെഷീൻ ലേണിങ്, ഡീപ് ലേണിങ്, ന്യൂറൽ നെറ്റ്വർക്സ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസിങ്, കംപ്യൂട്ടർ വിഷൻ തുടങ്ങിയ മേഖലകളിൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത ജനറേറ്റീവ് എഐ സാങ്കേതിക വിദ്യകൾ 56 ശതമാനം വളർച്ചയാണ് കൈവരിച്ചത്.

# ജപ്തി നടപടികളിൽ ഇടപെടാൻ സർക്കാരിന് അധികാരം നൽകുന്ന നിയമഭേദഗതി ബിൽ പാസാക്കി

തിരുവനന്തപുരം: എല്ലാത്തരം ജപ്തികളിലും ഇടപെടാൻ സർക്കാരിന് അധികാരം നൽകുന്ന സുപ്രധാന നിയമഭേദഗതി ബിൽ നിയമസഭ പാസാക്കി. 1968-ലെ കേരള നികുതി വസൂലാക്കൽ ആക്ട് ഭേദഗതി ചെയ്യുന്നതാണ് നിർദിഷ്ട ബിൽ. റവന്യൂ റിക്കവറിയിൽ സർക്കാരിന് മോറട്ടോറിയം പ്രഖ്യാപിക്കാം. തഹസിൽദാർ, കളക്ടർ, റവന്യൂ മന്ത്രി, ധനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിസഭ എന്നിവർക്ക് ഇളവനുവദിക്കാം.

ലേലത്തിൽ പോകാത്ത ഭൂമി (ബോട്ട് ഇൻ ലാൻഡ്) സർക്കാരിന് ഒരു രൂപയ്ക്ക് (നേരത്തേ ഇത് പത്തു പൈസയായിരുന്നു) ഏറ്റെടുക്കാമെന്നാണ് ഭേദഗതി. പലിശ 12-ൽനിന്ന് ഒമ്പത് ശതമാനമാക്കിയും കുറയ്ക്കും. വീഴ്ച വരുത്തിയ ആൾക്കോ, അടുത്ത ബന്ധുവിനോ ബാധ്യതകൾ തീർത്ത് ഭൂമി അഞ്ചു വർഷത്തിനകം സർക്കാരിൽനിന്ന് ഏറ്റെടുക്കാം തുടങ്ങിയവയാണ് സുപ്രധാന വ്യവസ്ഥകൾ.

ജപ്തിചെയ്ത ഭൂമി മറ്റൊരു വ്യക്തിക്ക് വിൽക്കാനും കഴിയും. വിൽക്കുന്നയാളും വാങ്ങുന്നയാളും കരാറിൽ ഒപ്പുവെച്ചശേഷം കളക്ടറെ സമീപിച്ചാൽ നടപടി സ്വീകരിക്കും. ഭൂമി വിൽപ്പന നടത്തി പണമടച്ചാൽ മാത്രമാകും ആ ഭൂമി ലഭിക്കുക. ബാങ്ക് ജപ്തിയിൽ ഉൾപ്പെടെ സർക്കാരിന് ഇടപെടാൻ കഴിയാത്തസ്ഥിതി മറികടക്കാനും സാധാരണ ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള നിയമഭേദഗതിയാണിതെന്നു റവന്യൂ മന്ത്രി കെ. രാജൻ നിയമസഭയിൽ അറിയിച്ചു. റവന്യൂ റിക്കവറി മൂലം ബുദ്ധിമുട്ട് നേരിടുന്നവർക്ക് ആശ്വാസമേകാൻ നിയമഭേദഗതി വഴിയൊരുക്കും. നിലവിലെ നിയമത്തിൽ റിക്കവറി നടപടികൾ സ്റ്റേ ചെയ്യാൻ സർക്കാരിനു വ്യവസ്ഥകളില്ലെന്ന് റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട കേസിൽ ഹൈക്കോടതി നിരീക്ഷിച്ചതോടെയാണ് ഭേദഗതി വരുത്താൻ സർക്കാരിനെ പ്രേരിപ്പിച്ചത്. കേരള റവന്യൂ റിക്കവറി ആക്ടിലെ സെക്ഷൻ 71 പ്രകാരം, ധനകാര്യ സ്ഥാപനങ്ങൾ മുൻകൂർ നൽകിയ വായ്പകൾ തിരിച്ചുപിടിക്കാൻ സർക്കാരിനെ അറിയിക്കാം.

സർക്കാർ ചില കേസുകളിൽ മുൻകാലങ്ങളിൽ നടപടികൾ സ്റ്റേ ചെയ്യുകയോ കടം വാങ്ങുന്നയാൾക്ക് കുടിശികയുള്ള തുക തവണകളായി തിരിച്ചടയ്ക്കാൻ അനുവദിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക കേസിൽ നൽകിയ സ്റ്റേയ്ക്കെതിരെ സ്വകാര്യ ബാങ്ക് ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന്, നിലവിലുള്ള നിയമം സർക്കാരിന് അത്തരം അധികാരങ്ങൾ അനുവദിക്കുന്നില്ലെന്ന് കോടതി നിരീക്ഷിച്ചു. നിയമ ഭേദഗതി സർക്കാരിന് റിക്കവറി നടപടികൾ സ്റ്റേ ചെയ്യാനും അതുപോലെതന്നെ തവണകളായി തിരിച്ചടയ്ക്കാനോ മോറട്ടോറിയം പ്രഖ്യാപിക്കാനോ കടം വാങ്ങുന്നയാൾക്ക് അധികാരം നൽകും.

# സിവിൽ സർവീസ്: ഭിന്നശേഷിക്കാരെ നിയമിക്കാത്തതിൽ കേന്ദ്രത്തിന് സുപ്രീംകോടതിയുടെ ശാസന

ന്യൂഡൽഹി: സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം നേടിയിട്ടും നിയമനം നൽകാതെ പൂർണ കാഴ്ച വൈകല്യമുള്ള ഉദ്യോഗാർത്ഥിയെ വട്ടംചുറ്റിച്ച കേന്ദ്ര സർക്കാരിനെ സുപ്രീംകോടതി ശാസിച്ചു. 2008-ൽ പരീക്ഷ ജയിച്ച വിദ്യാർഥിക്കും സമാന സാഹചര്യത്തിലുള്ള മറ്റു 10 പേർക്കും നിയമനം നൽകാൻ സവിശേഷാധികാരം ഉപയോഗിച്ച് ഉത്തരവിട്ട കോടതി, ഭിന്നശേഷിക്കാർക്കുള്ള തസ്തികകൾ നികത്താത്തതിനെയും വിമർശിച്ചു.

സിവിൽ സർവീസ് പരീക്ഷ 2008-ൽ വിജയിച്ച പങ്കജ് ശ്രീവാസ്തവയുടേതാണ് പ്രധാന കേസ്. എഴുത്തുപരീക്ഷയും അഭിമുഖവും കഴിഞ്ഞ പങ്കജിനു നിയമനം ലഭിച്ചില്ല. നാളുകളായി ഒഴിഞ്ഞുകിടക്കുന്ന ഭിന്നശേഷി തസ്തികകൾ പരിഗണിക്കാത്തതാണു തടസ്സമായതെന്നു ചൂണ്ടിക്കാട്ടി പങ്കജ് കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് അനുകൂല വിധി നേടി. സർക്കാർ ഡൽഹി ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും തള്ളി. തുടർന്ന് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു.

വിജ്ഞാപന പ്രകാരമുള്ള സംവരണ സീറ്റിന്റെ മെറിറ്റ് പട്ടികയിൽ പങ്കജ് ഉൾപ്പെട്ടില്ലെന്നാണ് യുപിഎസ്സി വാദിച്ചത്. എന്നാൽ, ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള ഒട്ടേറെ തസ്തികകൾ ഒഴിഞ്ഞുകിടക്കുമ്പോൾ ഇവരെ നെട്ടോട്ടമോടിക്കുന്ന നിലപാടാണ് സർക്കാർ കൈക്കൊണ്ടതെന്നും ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിന്റെ യഥാർത്ഥ സത്ത ഉൾക്കൊള്ളാൻ സർക്കാരിനു കഴിഞ്ഞില്ലെന്നും ജഡ്ജിമാരായ അഭയ് എസ്. ഓക്ക, പങ്കജ് മിത്തൽ എന്നിവരുടെ ബെഞ്ച് വിമർശിച്ചു. തുടർന്നാണ് ഐആർഎസിലോ (ഐടി) മറ്റു സമാന സർവീസുകളിലോ പങ്കജിനെയും മറ്റു 10 പേരെയും നിയമിക്കാൻ കോടതി ഉത്തരവിട്ടത്.






# hanover bank

## SBA & USDA Solutions for Financing












## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

### Contact us

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

### Visit our location

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC

EQUAL OPPORTUNITY LENDER

*SBA 7a Loan Program **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

04/24

# ഐഎസ്ആർഒ ചാരക്കേസ് കെട്ടിച്ചമച്ചതാണെന്ന് സിബിഐയുടെ കണ്ടെത്തൽ

തിരുവനന്തപുരം: ഐഎസ്ആർഒ ചാരക്കേസ് കെട്ടിച്ചമച്ചതാണെന്നും കേരള പോലീസിലെ സിഐയായിരുന്ന എസ്. വിജയനാണ് അതിനു പിന്നിലെന്നും സിബിഐ കുറ്റപത്രത്തിൽ ആരോപിച്ചു. വിജയൻ ഹോട്ടലിൽ വെച്ചു കടന്നുപിടിച്ചത് മാലദ്വീപ് സ്വദേശി മറിയം റഷീദ തടഞ്ഞതാണു വിരോധത്തിനു കാരണമെന്നും ഇതുമായി ബന്ധപ്പെട്ട ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ച സിബിഐ പറയുന്നു. ഐഎസ്ആർഒ ശാസ്ത്രജ്ഞനായിരുന്ന നമ്പി നാരായണനെ തെളിവില്ലാതെയാണ് അന്ന് ഡിഐജിയായിരുന്ന മുൻ ഡിജിപി സിബി മാത്യൂസ് അറസ്റ്റ് ചെയ്തത്. സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, കേരള പോലീസിലെയും ഇന്റലിജൻസ് ബ്യൂറോയിലെയും അഞ്ച് ഉദ്യോഗസ്ഥർക്കെതിരെയാണു കുറ്റപത്രം നൽകിയിരിക്കുന്നത്. തിരുവനന്തപുരം ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് കോടതിയാണ് കേസ് പരിഗണിക്കുന്നത്. മുൻ എസ്പി എസ്. വിജയൻ, മുൻ ഡിജിപിമാരായ സിബി മാത്യൂസ്, ആർ.ബി. ശ്രീകുമാർ, എസ്പി കെ.കെ. ജോഷ്വാ, മുൻ ഐബി ഉദ്യോഗസ്ഥൻ ജയപ്രകാശ് എന്നിവരാണു പ്രതികൾ.

എസ്. വിജയൻ, മറിയം റഷീദയ്ക്കെതിരെ തെളിവില്ലാതെ വഞ്ചിയൂർ സ്റ്റേഷനിൽ കേസെടുപ്പിച്ചതായി കുറ്റപത്രത്തിൽ പറയുന്നു. മറിയം റഷീദയെ ആദ്യം അറസ്റ്റ് ചെയ്തു ദിവസങ്ങൾ കഴിഞ്ഞാണു ചാരക്കേസ് രജിസ്റ്റർ ചെയ്തത്. കോടതി വീണ്ടും കസ്റ്റഡിയിൽ നൽകാതിരുന്നതിനെ തുടർന്നായിരുന്നു കേസ്. അന്വേഷണ സംഘത്തിലെ സിഐ കെ.കെ. ജോഷ്വ ആണ് വ്യാജരേഖകൾ ചമച്ചതെന്നും സിബിഐ ആരോപിച്ചു.

നമ്പി നാരായണൻ കസ്റ്റഡിയിൽ മൃതപ്രായനായെന്നും കസ്റ്റഡിയിൽ മർദനമേറ്റെന്നും ഡോക്ടർ മൊഴി നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിലിരിക്കെ നമ്പി നാരായണനെ ഐബിയും ചോദ്യം ചെയ്തു. സിബി മാത്യൂസ് എല്ലാത്തിനും കൂട്ടുനിന്നെന്നും കുറ്റപത്രം പറയുന്നു.

# വിവാഹമോചിതയായ മുസ്‌ലിം സ്ത്രീക്കും സിആർപിസി പ്രകാരം ജീവനാംശം അവകാശപ്പെടാം: സുപ്രീംകോടതി

ന്യൂഡൽഹി: വിവാഹമോചിതയായ മുസ്‌ലിം സ്ത്രീക്ക് ഭർത്താവിൽനിന്നു ജീവനാംശം ലഭിക്കുന്നതിനുള്ള അവകാശമുണ്ടെന്ന് സുപ്രീംകോടതി.

ക്രിമിനൽ നടപടിച്ചട്ടത്തിലെ 125-ാം വകുപ്പ് പ്രകാരം ജീവനാംശത്തിനായി കേസ് നൽകാമെന്നും ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരുടെ ബെഞ്ച് ഉത്തരവിട്ടു. മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചനവുമായി ബന്ധപ്പെട്ട 1986 ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജീവനാംശം നിശ്ചയിക്കണമെന്ന വാദം കോടതി തള്ളി. ജീവനാംശം തേടുന്നത്, മതം നോക്കാതെ വിവാഹിതരായ എല്ലാ സ്ത്രീകൾക്കുമുള്ള അവകാശമാണെന്നും കോടതി വ്യക്തമാക്കി.

തെലുങ്കാന ഹൈക്കോടതിയുടെ ഉത്തരവ് ചോദ്യംചെയ്തു മുഹമ്മദ് അബ്ദുൾ സമദ് എന്ന യുവാവ് സമർപ്പിച്ച ഹർജിയിലാണ് നിർണായക ഉത്തരവ് പുറപ്പെടുവിച്ചത്. യുവാവിന്റെ ഭാര്യക്ക് 10,000 രൂപ പ്രതിമാസം ജീവനാംശം നൽകാനായിരുന്നു തെലുങ്കാന ഹൈക്കോടതിയുടെ ഉത്തരവ്. മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചനവുമായി ബന്ധപ്പെട്ട 1986-ലെ നിയമപ്രകാരം വിവാഹമോചിതയായ തന്റെ മുൻ ഭാര്യക്ക് ക്രിമിനൽ നടപടിച്ചട്ടത്തിലെ 125-ാം വകുപ്പു പ്രകാരം ജീവനാംശത്തിന് അർഹതയില്ലെന്നായിരുന്നു ഹർജിക്കാരന്റെ വാദം. എന്നാൽ വിവാഹിതയായ സ്ത്രീകൾക്കു മാത്രമല്ല എല്ലാ സ്ത്രീകൾക്കും ക്രിമിനൽ നടപടിച്ചട്ടത്തിലെ 125-ാം വകുപ്പു പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുണ്ടെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

# ആദിവാസി വിഭാഗത്തിൽ നിന്ന് ആദ്യ എഇഒ ആയി ഡി. സൗന്ദര്യ

കൊല്ലങ്കോട്: ക്ലാസിൽ അദ്ധ്യാപകർ പകർന്നു നല്കിയ പാഠങ്ങൾ മനസ്സിൽ കുറിച്ചിട്ട ആദിവാസി പെൺകുട്ടി ഇനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായി (എഇഒ) അദ്ധ്യാപകർക്ക് മാർഗനിർദേശം നല്കും. അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽ നിന്നുള്ള ആദ്യ എഇഒ ആയി ഷോളയൂർ മട്ടത്തുകാട്ടിലെ ഡി. സൗന്ദര്യ (28) കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ചുമതലയേറ്റു.

എസ്ടി വിഭാഗത്തിൽപ്പെട്ടവർക്കായി പി.എസ്.സി സംസ്ഥാനതലത്തിൽ നടത്തിയ ഹെഡ്മാസ്റ്റർ/എഇഒ സ്പെഷൽ റിക്രൂട്ടുമെന്റിൽ ഒന്നാം റാങ്കുകാരിയായിരുന്നു സൗന്ദര്യ. 2023 സെപ്റ്റംബർ 18-ന് വയനാട്ടിലെ മേപ്പാടി ഗവ. സ്കൂളിൽ പ്രധാനാദ്ധ്യാപികയായി ആദ്യനിയമനം ലഭിച്ചു. തുടർന്ന് പൊതുസ്ഥലംമാറ്റത്തിൽ എഇഒ ആയി കൊല്ലങ്കോട്ടെത്തി.



ഇരുളർ വിഭാഗത്തിൽപ്പെട്ട സൗന്ദര്യ ഷോളയൂർ മട്ടത്തുകാട് ജിടിഎച്ച് സ്കൂൾ, അഗളി ജിവിഎച്ച്എസ്എസ് എന്നിവിടങ്ങളിലാണ് സ്കൂൾ പഠനം പൂർത്തിയാക്കിയത്. ജില്ലാ സ്കൂൾ കലോത്സവത്തിൽ തമിഴ് വിഭാഗത്തിൽ കലാതിലകവുമായിരുന്നു.

പാലക്കാട് ഗവ. വിക്ടോറിയ കോളജിൽനിന്ന് കെമിസ്ട്രിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ സൗന്ദര്യ തൃശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എജ്യൂക്കേഷനിൽ നിന്നും ബിഎഡും നേടി. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ലാബ് അസിസ്റ്റന്റ് തുടങ്ങിയ പരീക്ഷകളുടെ ഷോർട്ട്ലിസ്റ്റിലും ഉൾപ്പെടെങ്കിലും പഠിച്ചതിനനുസരിച്ചുള്ള ജോലി നേടണം എന്ന ചിന്തയിലാണ് പി.എസ്.സി സ്പെഷൽ റിക്രൂട്ടുമെന്റിന് അപേക്ഷിച്ചത്.

അട്ടപ്പാടി അഹാഡ്സിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഇക്കോ ക്ലബിന്റെ ഭാഗമായി ലഭിച്ച വ്യക്തിത്വ വികസന, നൈപുണ്യ പരിശീലനങ്ങൾ ജീവിതത്തിൽ നിർണായകമായതായി സൗന്ദര്യ പറഞ്ഞു. പി. ദുരൈരാജ്-എം. ജ്യോതിമണി ദമ്പതികളുടെ മകളാണ്. കോയമ്പത്തൂരിൽ സ്വകാര്യസ്ഥാപനത്തിലെ ജീവനക്കാരൻ വെമ്പല്ലൂർ എരട്ടോട് സ്വദേശി സി. സുരേഷാണ് ഭർത്താവ്.

# ഐജിഎസ്ടിയിൽ കേരളത്തിന് 25,000 കോടി നഷ്ടം

തിരുവനന്തപുരം: ജിഎസ്ടി നിർണയത്തിലെ സങ്കീർണതകൾ മൂലം 2017 മുതൽ 2021 വരെയുള്ള നാലു വർഷ കാലയളവിൽ കേരളത്തിന് ഐജിഎസ്ടി ഇനത്തിൽ 20,000 മുതൽ 25,000 കോടി രൂപയുടെ വരെ നഷ്ടമുണ്ടായിട്ടുണ്ടാകാമെന്നു കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട്. കമ്മിറ്റിയുടെ 2019-20 മുതൽ 2020-21 കാലയളവിലെ റിപ്പോർട്ടിലാണ് ഈ വിവരം ഉൾപ്പെടുത്തിയിരിക്കുന്നത്. 2022 ജൂൺ വരെ ജിഎസ്ടി നഷ്ടപരിഹാരം ലഭിച്ചിരുന്നതിനാൽ യഥാർഥ നഷ്ടം ഇത്രതന്നെ വരില്ലെങ്കിലും നഷ്ടപരിഹാരം അവസാനിച്ചതിനുശേഷം ഉയരാൻ സാധ്യതയുണ്ടെന്നു റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

പ്രതിവർഷം കേരളത്തിലേക്ക് 1.5 ലക്ഷം കോടി രൂപയുടെ ഇറക്കുമതി നടക്കുന്നുണ്ടെന്നാണു കണക്കാക്കുന്നത്. എത്തിച്ചേരുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള നികുതി സമ്പ്രദായം എന്ന നിലയിൽ കേരളം ജിഎസ്ടിയെ ഏറെ പ്രതീക്ഷയോടെ സ്വാഗതം ചെയ്തിരുന്നു. എന്നാൽ, ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് ഒരു തരത്തിലും നേട്ടമുണ്ടാകാത്ത നിലയിലാണു ജിഎസ്ടി നടപ്പിലാക്കിയിരിക്കുന്നത്.

ഐജിഎസ്ടി സെറ്റിൽമെന്റിനുള്ള സുതാര്യമായ ഒരു സംവിധാനം കൊണ്ടുവന്നാൽ മാത്രമേ കേരളത്തെ പോലെയുള്ള സംസ്ഥാനത്തിനു ഗുണകരമാകുകയുള്ളൂ. ഇപ്പോഴത്തെ നിലയിൽ റവന്യൂ നഷ്ടം ഉണ്ടാകുന്ന തരത്തിലാണു നികുതി സമ്പ്രദായത്തിനു രൂപംനൽകിയിരിക്കുന്നത്. ഇത് അടിയന്തരമായി പരിഹരിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യ ജിഎസ്ടി സമ്പ്രദായത്തിലേക്കു മാറുന്നതിനു വർഷങ്ങൾക്കു മുമ്പു ജിഎസ്ടി നടപ്പിലാക്കിയ കാനഡ പോലെയുള്ള രാജ്യങ്ങളിൽ പോലും ഇപ്പോഴും കുറവുകൾ പൂർണമായും തിരുത്തപ്പെട്ടിട്ടില്ല. ജിഎസ്ടി കൗൺസിലും കേന്ദ്രസർക്കാരുമായി നിരന്തരമായി ഇടപെട്ട് ഈ പ്രശ്നത്തിനു പരിഹാരം കാണാനാകുമെന്നു കമ്മിറ്റി പ്രതീക്ഷ പ്രകടിപ്പിച്ചു. ഡോ. ഡി. നാരായണ ചെയർപേഴ്സൺ ആയിട്ടുള്ള കമ്മിറ്റിയിൽ ഡോ. എൻ. രാമലിംഗം, ഡോ. പി.എൽ. ബീന, സിദ്ദിഖ് റാബിയാത്ത് എന്നിവർ അംഗങ്ങളാണ്.

# ദേശീയ ക്ഷയരോഗ നിർമാർജന യജ്ഞം: സൗമ്യ സ്വാമിനാഥൻ മുഖ്യ ഉപദേഷ്ടാവ്



ന്യൂഡൽഹി: കേന്ദ്ര ആരോഗ്യ മന്ത്രാലയം നടപ്പാക്കുന്ന ദേശീയ ക്ഷയരോഗ നിർമാർജന യജ്ഞത്തിന്റെ മുഖ്യ ഉപദേഷ്ടാവായി ഡോ. സൗമ്യ സ്വാമിനാഥനെ നിയമിച്ചു. ലോകാരോഗ്യ സംഘടനയുടെ മുൻ ചീഫ് സയന്റിസ്റ്റും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ മുൻ ഡയറക്ടർ ജനറലുമായ ഡോ. സൗമ്യ പ്രതിഫലം ഇല്ലാതെയാകും ചുമതല നിർവഹിക്കുക. വിഖ്യാത കൃഷി ശാസ്ത്രജ്ഞൻ ഡോ. എം.എസ്. സ്വാമിനാഥന്റെ മകളാണ്.



*"One year of heartbreak but your memories remain eternal"*

# ഒന്നാം ചരമവാർഷികം

## ജൂലൈ 18, 2024



# ഡോ. കോശി ചെറിയാൻ

## ആലുംമൂട്ടിൽ, ന്യൂയോർക്ക്

പരേതനായ ഡോ. കോശി ആലുംമൂട്ടിൽ ചെറിയാന്റെ ഒന്നാം ചരമവാർഷിക ദിനം 2024 ജൂലൈ 18–ന് വ്യാഴാഴ്ചയാണ്. ചടങ്ങുകൾ അദ്ദേഹത്തിന്റെ സ്വന്തം ഇടവക ദേവാലയമായ ന്യൂയോർക്ക് (Bronx) സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇൻഡ്യയിൽ വെച്ച് നടത്തപ്പെടുന്നു. ഫാ. എ.കെ. ചെറിയാൻ (പിതാവ്), ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം), ഫാ. പോൾ ചെറിയാൻ (ഇളയ സഹോദരൻ) എന്നിവരുടെ കാർമ്മികത്വത്തിൽ നടക്കുന്നതാണ്.

ഫാ. ആലുംമൂട്ടിൽ കോശി ചെറിയാന്റെയും (സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇൻഡ്യ Bronx (ന്യൂയോർക്ക്)–ന്റെ സ്ഥാപക വികാരി, അമേരിക്കൻ ഭദ്രാസനത്തിലെ മുതിർന്ന വൈദികൻ) ശ്രീമതി മോളി ചെറിയാന്റെയും മകനാണ് പരേതനായ ഡോ. കോശി ചെറിയാൻ (കോശികുഞ്ഞ്).

Albert Einstein University-യുടെ കീഴിലുള്ള Bronx Montefiore University Hospital–ൽ Pediatric Neurologist ആയി ജോലി ചെയ്തുവരികയായിരുന്നു ഡോ. കോശി ചെറിയാൻ. അധഃസ്ഥിതരെ സേവിക്കുന്ന ഒരു സമർപ്പിത വൈദ്യൻ എന്ന നിലയിൽ അദ്ദേഹം മാതൃകാപരമായി പ്രവർത്തിച്ചിരുന്നു.

പരിശുദ്ധ സഭയോടുള്ള അദ്ദേഹത്തിന്റെ സമർപ്പണം പൂർണ്ണമായിരുന്നു. അദ്ദേഹം പള്ളിയുടെയും സഭയുടെയും വിവിധ സ്ഥാനങ്ങളിൽ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിച്ചിരുന്നു. അൾത്താര ശുശ്രൂഷകനെന്ന നിലയിൽ വിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുക്കുകയും അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്തിരുന്നു. ഇടവകക്കാരെയും ചാർച്ചക്കാരെയും സഹായിക്കുന്നതിൽ കോശിക്കുഞ്ഞ് എപ്പോഴും മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. കുടുംബത്തോടും പ്രത്യേകിച്ച് മാതാപിതാക്കളോടുമുള്ള കോശിക്കുഞ്ഞിന്റെ സ്നേഹവും പരിചരണവും സംരക്ഷണബോധവും അതിതീവ്രമായിരുന്നു. ഭാര്യയെയും മക്കളെയും മരുമക്കളെയും സഹോദരങ്ങളെയും ജീവനുതുല്യം സ്നേഹിച്ചിരുന്നു.

കുടുംബത്തിനും ഇടവകക്കാർക്കും ചാർച്ചക്കാർക്കും ബന്ധുക്കൾക്കും സ്നേഹിതർക്കും ഈ വേർപാട് അതിവേദനാജനകമാണെങ്കിലും അദ്ദേഹത്തിന്റെ പുഞ്ചിരിയും കുറെ നല്ല ഓർമ്മകളും മാതൃകാപരമായ ജീവിതവും നമുക്ക് ആശ്വാസം പകരുന്നതാണ്. ഈ അവസരത്തിലും നമ്മുടെ സങ്കടങ്ങളിൽ ദൈവത്തോട് അപേക്ഷിക്കുവാൻ കോശിക്കുഞ്ഞ് ഒരു മദ്ധ്യസ്ഥനായി വർത്തിക്കും.

**ദുഃഖസ്മരണകളോടെ:**

Fr. A.K. Cherian (Father)
Molly Cherian (Mother)
Dr. Rekha Cherian (Wife)
Nathaniel (Son)
Julia (Daughter)

Fr. Paul Cherian (Brother)
Shalu Cherian (Sister-in-law)
Dr. Sheba Susan Cherian (Sister)
Dr. Mathew George (Brother-in-law)
Dr. Shoba Cherian (Sister)
Dr. Nevin Jose (Brother-in-law)

**Nieces & Nephew:**
Leah, Abigail, Ethan,
Joanna, Olivia,
Miriam, Sophia.

# ഫാമിലി കോൺഫറൻസ് സമാപിച്ചു

ജോർജ് തുമ്പയിൽ & ഉമ്മൻ കാപ്പിൽ

ലാങ്കസ്റ്റർ: ഭക്തിയിലും പാരമ്പര്യ വിശ്വാസത്തിലും അടിയുറച്ച സഭാസ്നേഹത്തിന്റെ സന്ദേശം വിളിച്ചോതിയ മലങ്കര ഓർത്തഡോക്സ് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് പ്രൗഢഗംഭീരമായ പരിപാടികളോടെ സമാപിച്ചു. വർണശബളമായ ഘോഷയാത്രയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ഘോഷയാത്ര അജിത് വട്ടശേരിൽ & ചെറിയാൻ കോര കോ-ഓർഡിനേറ്റ് ചെയ്തു. സന്ധ്യാ പ്രാർത്ഥനയ്ക്ക് ശേഷം ആരംഭിച്ച ഉദ്ഘാടന സമ്മേളനം ഏറ്റവും ഹൃദ്യമായിരുന്നു. സെ. മേരീസ് ഇടവകയും സെ. ജോൺസ് ഇടവകയും ചേർന്ന് നടത്തിയ മൂന്ന് ഗാനങ്ങളും ആത്മീയ ഉണർവും പ്രചോദനവും ലഭിക്കുവാൻ പ്രാപ്തമായിരുന്നു. ഫാ. ഡോ. രാജു വർഗീസ്, ബെറ്റി സഖറിയ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഗാനങ്ങൾ ആലപിച്ചത്.





അമേരിക്കൻ ദേശീയ ഗാനം കൃപയാ വർഗീസ്, ജോനാഥൻ മത്തായി എന്നിവരും ഇന്ത്യൻ ദേശീയ ഗാനം ട്രീന ജോസ്സിയും ടാനിയ ജോസ്സിയും ചേർന്നാലപിച്ചു. കോ-ഓർഡിനേറ്റർ ഫാ. അബു പീറ്റർ സ്വാഗതമാശംസിച്ചു. ജനറൽ സെക്രട്ടറി ചെറിയാൻ പെരുമാളിന്റെ പ്രസംഗത്തിൽ ഇതൊരു കൂട്ടായ സംരംഭമായിരുന്നു എന്ന് പറഞ്ഞു. 15 ടീമുകളാണ് ഇതിനുവേണ്ടി എല്ലാം മറന്ന് പ്രവർത്തിച്ചത്. യുവജനങ്ങൾക്ക് വേണ്ടിത്തന്നെയുള്ള കോൺഫറൻസാണിത്. വുഡ്സൈഡിലുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിലെ യുവജനങ്ങളുടെ സാന്നിധ്യം ഉറപ്പാക്കാൻ അവർക്കുവേണ്ടി സൗജന്യ കോൺഫറൻസ് സൗകര്യങ്ങളാണ് ചെയ്തുകൊടുത്തത്. മറ്റൊരിടവക ഗ്രാന്റ് സ്പോൺസർ ആയതും സൂചിപ്പിച്ചു.

തുടർന്ന് നിലവിളക്ക് കൊളുത്തുകയുണ്ടായി. ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസ്, ഫാ. ഡോ. വർഗീസ് എം ഡാനിയൽ, ഫാ. ഡോ. വർഗീസ് വർഗീസ്, ഫാ. സെറാഫിം മജ്മുദാർ, ഫാ. ജോയൽ മാത്യൂസ്, ഫാ. അബു പീറ്റർ, ചെറിയാൻ പെരുമാൾ, മാത്യു ജോഷ്വ എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചു. വിശ്വാസികൾ 'വെളിവ് നിറഞ്ഞോരീശോ' എന്ന ഗാനം ഏറ്റുചൊല്ലി.

ഭദ്രാസന മെത്രാപ്പോലീത്ത ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഈയൊരു കോൺഫറൻസിനായി എല്ലാവരും ഉറ്റുനോക്കിയിരിക്കുകയാണെന്ന്, യോഗത്തിലുണ്ടായിരുന്ന 525 പേരെ സാക്ഷി നിർത്തി മെത്രാപ്പോലീത്ത പറഞ്ഞു. ഇതൊരു മഹത്തായ സംരംഭമാണ്. കൂട്ടായ സംരംഭവുമാണ്. ഇവിടെ മൂല്യത്തിനാണ് പ്രാമുഖ്യം. കോൺഫറൻസിലെ ചിന്താവിഷയമായ സ്വർഗത്തിലേക്കുള്ള ഗോവണിയെക്കുറിച്ചും മെത്രാപ്പോലീത്താ സംസാരിച്ചു.

തുടർന്ന് മുഖ്യ പ്രസംഗകൻ ഫാ. ഡോ. വർഗീസ് വർഗീസ് മുൻഗാമികളായ മാർ മക്കാറിയോസ്, മാർ ബർണബാസ് എന്നിവരെ അനുസ്മരിച്ചു. കൂട്ടത്തിൽ ഇപ്പോഴത്തെ ഭാരവാഹികൾക്കും അനുമോദനവർഷം ചൊരിഞ്ഞു. ഉയരത്തിൽ പറക്കുന്ന പക്ഷിയുടെ വായിലെ ചത്തഴുകിയ മത്സ്യത്തെക്കുറിച്ചുള്ള കഥ പറഞ്ഞ വർഗീസ് അച്ചൻ ഉപോൽബലകമായി ഗോവണിയുടെ കാര്യവും സൂചിപ്പിച്ചു.

ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ പ്രചോദനം ആണെന്നും അതിനാൽതന്നെ അത് വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനവുമാണ്. ഇംഗ്ലീഷിലും മലയാളത്തിലുമായുള്ള അച്ചന്റെ പ്രസംഗചാതുരി എല്ലാവരെയും പിടിച്ചിരുത്താൻ പര്യാപ്തവുമായിരുന്നു.

ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വർഗീസ് എം. ഡാനിയലും ഇവിടെ അരങ്ങേറിയ സമാനതകളില്ലാത്ത ഒത്തുകൂടലിനെ പ്രശംസിച്ചു.

ജോയിന്റ് ട്രഷറർ ഷോൺ എബ്രഹാം കോൺഫറൻസ് ദിനങ്ങൾ എങ്ങനെ സുഗമമാക്കാം എന്നതിനെക്കുറിച്ച് ഒരു ക്ലാസ് എന്നതുപോലെ പവർ പോയിന്റിന്റെ അകമ്പടിയോടെ അവതരിപ്പിച്ചു.

നിലവിളക്ക് കൊളുത്തിയവരോടൊപ്പം ജോൺ താമരവേലിൽ, ദീപ്തി മാത്യു, മാത്യു വർഗീസ്, ഷോൺ ഏബ്രഹാം, ഷിബു തരകൻ, ഫാ. വി.എം. ഷിബു വേണാട് മത്തായി, ഫാ. വിജയ് തോമസ്, ജോബി ജോൺ, ഉമ്മൻ കാപ്പിൽ, ഷെയിൻ ഉമ്മൻ, വി. ബിനോയ് തോമസ്, ബിനു കോപ്പാറ, കെ.ജി. ഉമ്മൻ തുടങ്ങിയവരും വേദിയിൽ സന്നിഹിതരായിരുന്നു.

മില്ലി ഫിലിപ്പ് ആയിരുന്നു എംസി. തുടർന്ന് ക്യാമ്പ് ഫയർ, കാരിയോക്കി നൈറ്റ് എന്നിവയും നടന്നു.



**FAMILY DENTAL Practice**

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

**GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS**

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

**ACHIEVE REAL ESTATE GROUP, INC.**

*For All Your Real Estate Needs Please Call ...*

**THOMAS KURUVILLA KARIKULAM**

Real Estate Broker

**1-847-219-6050**

834 Rand Rd Mount Prospect IL 60056



**FULL TIME REALTOR**

ഫൊക്കാന കൺവൻഷന് ആശംസകൾ






# സൈനിക് സ്കൂൾ, പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പുരസ്കാര തിളക്കത്തിൽ ഡോ. കൃഷ്ണ കിഷോർ

ന്യൂയോർക്ക്: അമേരിക്കൻ മലയാള മാധ്യമരംഗത്ത് അഭിമാനത്തോടെ നമുക്ക് ഓരോ മലയാളിക്കും ചൂണ്ടിക്കാണിക്കാവുന്ന മാധ്യമ പ്രതിഭയാണ് ഡോ. കൃഷ്ണകിഷോർ. അദ്ദേഹത്തെ തേടി രണ്ട് പ്രഗത്ഭ പുരസ്കാരങ്ങൾ എത്തിയിരിക്കുന്നു. തിരുവനന്തപുരം സൈനിക് സ്കൂളിന്റെ മികച്ച പൂർവ്വ വിദ്യാർത്ഥിക്കുള്ള പുരസ്കാരവും, പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുടെ മികച്ച പൂർവ്വ വിദ്യാർത്ഥിക്കുള്ള പുരസ്കാരവും ഡോ. കൃഷ്ണ കിഷോറിന് ലഭിക്കുമ്പോൾ നമുക്ക് അഭിമാനിക്കാം. കാരണം അദ്ദേഹത്തിന്റെ അക്കാദമിക മികവിന് ലഭിക്കുന്ന വലിയ അംഗീകാരം കൂടിയാണിത്. തിരുവനന്തപുരം കഴക്കൂട്ടം സൈനിക് സ്കൂളിലെ ഫ്ളൈയിംഗ് ഓഫീസർ ആയിരുന്ന എം.പി അനിൽകുമാറിന്റെ പേരിൽ ഏർപ്പെടുത്തിയ മെമ്മോറിയൽ അവാർഡ് 2024 ജൂലൈ 20-ന് സൈനിക് സ്കൂളിൽവെച്ച് നൽകും. പെൻസിൽവാനിയ യൂണിവേഴ്സിറ്റിയുടെ പുരസ്കാരം സെപ്റ്റംബർ 8-നും നൽകും. എഴുത്തുകാരനും, കോഴിക്കോട്ട് വലിയ ശിഷ്യസമ്പത്തുള്ള അധ്യാപകനുമായിരുന്ന പരേതനായ സി. പ്രഭാകരന്റെയും, കെ.സി. ഭാരതിയുടെയും മകനായി ജനിച്ച കൃഷ്ണ കിഷോർ ആകാശവാണിയുടെ മടിത്തട്ടിൽ നിന്നാണ് തന്റെ മാധ്യമപ്രവർത്തനം ആരംഭിച്ചത്. കുട്ടിക്കാലം മുതൽക്കേ വായനപ്രിയനായിരുന്ന കൃഷ്ണകിഷോർ വാർത്തകളെയും മാധ്യമപ്രവർത്തനങ്ങളെയും അങ്ങേയറ്റം തന്റെ ഹൃദയത്തിൽ കൊണ്ടുനടന്നിരുന്നു. ന്യൂസ് റീഡറായിട്ടായിരുന്നു കോഴിക്കോട് ആകാശവാണിയിൽ അദ്ദേഹം പ്രവർത്തനം ആരംഭിച്ചത്. അമേരിക്കയിലേക്ക് ചേക്കേറിയപ്പോൾ 60 ബില്ല്യൻ ഡോളർ വാർഷിക വരുമാനമുള്ള, 150 രാജ്യങ്ങളിൽ മൂന്നുലക്ഷം ജീവനക്കാരുമായി പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ഓഡിറ്റ്, കൺസൾട്ടിങ് സ്ഥാപനമായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന്റെ ന്യൂയോർക്ക് ആസ്ഥാനത്ത് സീനിയർ ഡയറക്ടറായി ഇപ്പോൾ പ്രവർത്തിക്കുന്ന ഡോ. കൃഷ്ണ കിഷോറിന് മെർജേഴ്സ് ആൻഡ് അക്വിസിഷൻസ് മേഖലയിലാണ് വൈദഗ്ധ്യം. തിരക്കേറിയ കോർപ്പറേറ്റ് ചുമതലകൾക്കിടയിലും മികവുറ്റ മാധ്യമപ്രവർത്തനം നടത്തുന്നതാണ് ഡോ. കൃഷ്ണ കിഷോറിനെ എല്ലാവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. അർപ്പണബോധം, കഠിനാധ്വാനം, മികവ് മുഖമുദ്രയാക്കിയുള്ള പ്രവർത്തനം. ഈ മികവ് തന്നെയാണ് ഡോ. കൃഷ്ണ കിഷോറിനെ ന്യൂജേഴ്സി ഗവർണർ ഫിൽ മർഫി രൂപീകരിച്ച പുതിയ ന്യൂജേഴ്സി ഇന്ത്യ കമ്മീഷനിൽ കമ്മീഷണറായി നിയമിക്കാൻ ഗവർണറെ പ്രേരിപ്പിച്ചത്.




ഡോ. കൃഷ്ണ കിഷോർ ഇപ്പോൾ അമേരിക്കയിലെ ഏഷ്യാനെറ്റ് ന്യൂസിന്റെ ചീഫ് കറസ്പോണ്ടന്റാണ്. ആയിരത്തിലധികം ടിവി എപ്പിസോഡുകൾ അവതാരകനായി എന്ന നേട്ടവും അദ്ദേഹത്തിന് സ്വന്തം. പതിനഞ്ചു വർഷമായി അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ മുതൽ ആയിരക്കണക്കിന് റിപ്പോർട്ടുകളടക്കം ഏഷ്യാനെറ്റ് ന്യൂസിന് വേണ്ടി പ്രേക്ഷകർക്ക് മുൻപിൽ എത്തിച്ച ഡോ. കൃഷ്ണ കിഷോറിനു മാധ്യമ രംഗത്തെ മികവിന് ഇരുപതിലധികം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. യുഎൻ അക്രഡിറ്റേഷൻ, അമേരിക്കൻ ഗവണ്മെന്റ് അക്രഡിറ്റേഷൻ കൈവശമുള്ള മാധ്യമപ്രവർത്തകൻ കൂടിയാണ് അദ്ദേഹം. 2003-ൽ തുടങ്ങിയ യു.എസ്. വീക്കിലി റൗണ്ടപ്പിലെ പ്രകടനത്തിലൂടെ മികച്ച വാർത്താവതാരകനുള്ള പുരസ്കാരവും അദ്ദേഹം ഏറ്റുവാങ്ങിയിട്ടുണ്ട്. അമേരിക്കയിൽ പ്രധാന വാർത്താ സംഭവങ്ങളെക്കുറിച്ച് ഏഷ്യാനെറ്റ് ന്യൂസിനായി ആയിരത്തിലധികം റിപ്പോർട്ടുകൾ അദ്ദേഹം നൽകിയിട്ടുണ്ട്. ധാരാളം പ്രമുഖരെ അഭിമുഖം നടത്തിയ ഡോ. കൃഷ്ണ കിഷോറിന്റെ ലിസ്റ്റിൽ സീനിയർ അമേരിക്കൻ രാഷ്ട്രീയ നേതാക്കളും, സ്പോർട്സ് ലെജൻഡ്സ് ആയ ബ്രയാൻ ലാറ, റിക്കി പോണ്ടിങ് എന്നിവരെല്ലാമുണ്ട്. യുഎസ് ഇലക്ഷനുകളും ഒബാമ, ട്രംപ്, ബൈഡൻ എന്നിവരുടെ സ്ഥാനാരോഹണവും, ഏറ്റവും പ്രധാനപ്പെട്ട അമേരിക്കയിലെ പരിപാടികളും റിപ്പോർട്ട് ചെയ്യാൻ ഡോ. കൃഷ്ണ കിഷോറിനു ഭാഗ്യം ലഭിച്ചിട്ടുണ്ട്. മലയാളി പ്രേക്ഷകർ ഇന്ന് അമേരിക്കയെ അറിയുന്നതും കാണുന്നതും കൃഷ്ണ കിഷോറിലൂടെയാണ്. രാവിലത്തെ ആദ്യ ബുള്ളറ്റിൻ മുതൽ നമസ്തെ കേരളം പരിപാടിയിലെ തത്സമയ റിപ്പോർട്ടുകളടക്കം സുപ്രധാന അമേരിക്കൻ സംഭവങ്ങളുടെ സമഗ്രമായ സ്ഥിതി അദ്ദേഹം പ്രേക്ഷകർക്ക് നൽകുന്നു.

ഇത് മാധ്യമപ്രവർത്തനത്തിന്റെ യഥാർത്ഥ വഴിയേ സഞ്ചരിച്ച ഒരാളിന്റെ ജീവിതമാണ്. ഈ രണ്ടു പുരസ്കാരങ്ങളും അദ്ദേഹത്തിന് കിട്ടിയ അർഹതയ്ക്കുള്ള അംഗീകാരവും. ജോൺസൺ ആൻഡ് ജോൺസന്റെ ഗ്ലോബൽ ഹെഡ് ഓഫ് എച്ച്ആർ ആണ് ഭാര്യ വിദ്യ കിഷോർ. ബോസ്റ്റൺ കോളേജ് ലോ സ്കൂളിൽ നിയമ (ഡോക്ടർ ഓഫ് ജൂറിസ്പ്രുഡൻസ്) വിദ്യാർത്ഥിനിയാണ് മകൾ സംഗീത.

# 5-ാമത് മാർത്തോമ്മാ ക്രിക്കറ്റ് പ്രീമിയർ ലീഗ് ജൂലൈ 27-ന് ചിക്കാഗോയിൽ

**അലൻ ചെന്നിത്തല**

ചിക്കാഗോ: ചിക്കാഗോ മാർത്തോമ്മാ യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ 5-ാമത് മാർത്തോമ്മാ ക്രിക്കറ്റ് പ്രീമിയർ ലീഗ് ജൂലൈ 27-ന് ശനിയാഴ്ച രാവിലെ 8 മണി മുതൽ ഡെസ്പ്ലെയിൻസിലുള്ള ഡീ പാർക്ക് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വെച്ച് നടത്തപ്പെടുന്നു. ചിക്കാഗോ മാർത്തോമ്മാ യുവജനസഖ്യം പ്രസിഡണ്ട് റവ. എബി എം. തോമസ് തരകൻ പ്രീമിയർ ലീഗ് ഉദ്ഘാടനം ചെയ്യും. റവ. ബിജു വൈ മുഖ്യാതിഥിയായിരിക്കും. ഡോണാ അലക്സ് മെമ്മോറിയൽ എവർ റോളിങ് ട്രോഫിക്കു വേണ്ടിയുള്ള ഈ ക്രിക്കറ്റ് പ്രീമിയർ ലീഗിൽ ചിക്കാഗോ മാർത്തോമ്മാ ഇടവകയിലെ യുവജനങ്ങൾ പങ്കാളികളായി നേതൃത്വം നല്കും. മുൻ വർഷങ്ങളിലെപ്പോലെ ഐപിഎൽ മാതൃകയിലാണ് ഈ വർഷത്തെ ടീമുകളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ ക്രമീകരിച്ചിരിക്കുന്നത്.





ചിക്കാഗോ മാർത്തോമ്മാ ഇടവകയിൽ നിന്നും രജിസ്റ്റർ ചെയ്ത 50-ൽ അധികം ക്രിക്കറ്റ് പ്രേമികൾ ഈ വർഷത്തെ പ്രീമിയർ ലീഗിൽ വിവിധ ടീമുകളിലായി അണിനിരക്കും. ഇതിനോടകം ടീമുകളുടെയും ടീമംഗങ്ങളുടെയും ലേലം പൂർത്തിയായതായി സംഘാടക സമിതി അറിയിച്ചു.

ഷിജി അലക്സിന്റെ ഉടമസ്ഥതയിലുള്ള 'CMTC HOPLITES', ജോർജ് മൊളക്കലിന്റെ 'CMTC DYNAMOS', ജോസ് വർഗീസിന്റെ 'CMTC CHALLENGERS', ജോ എം. ജോർജിന്റെ 'CMTC CRUSADERS' എന്നീ ടീമുകൾ ഈ വർഷത്തെ ക്രിക്കറ്റ് പ്രീമിയർ ലീഗിൽ പങ്കെടുക്കും. ചിക്കാഗോയിലെ വിവിധ ക്രിക്കറ്റ് ടീമുകളിൽ അംഗങ്ങൾ ആയിട്ടുള്ള പ്രഗത്ഭരായ കളിക്കാരാണ് ഈ വർഷത്തെ മാർത്തോമ്മാ ക്രിക്കറ്റ് പ്രീമിയർ ലീഗിൽ വിവിധ ടീമുകൾക്കു വേണ്ടി കളിക്കളത്തിൽ അണിനിരക്കുന്നത്. ലിനു എം. ജോസഫിന്റെ നേതൃത്വത്തിൽ അജു മാത്യു, ജോമി റോഷൻ വർഗീസ് എന്നിവർ കൺവീനേഴ്സായി വിപുലമായ കമ്മിറ്റി പ്രീമിയർ ലീഗിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കുന്നു. ഈ വർഷത്തെ ക്രിക്കറ്റ് പ്രീമിയർ ലീഗിലെ ടീമുകളുടെ ജേഴ്സി അനാച്ഛാദനം ജൂലൈ 14-ന് നടന്നു. അഞ്ചാമത് മാർത്തോമ്മാ ക്രിക്കറ്റ് പ്രീമിയർ ലീഗിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഒരുക്കുന്ന സംയുക്ത കൺവൻഷൻ ഓഗസ്റ്റ് 3, 4 തീയതികളിൽ

**ജോർജ് തുമ്പയിൽ**

ന്യൂയോർക്ക്: ബ്രൂക്ലിൻ, ക്വീൻസ്, ലോംഗ് ഐലന്റ് ഏരിയായിലെ (കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചസ്) പള്ളികളുടെ നേതൃത്വത്തിൽ ഈ വർഷത്തെ സംയുക്ത കൺവൻഷന് ഒരുക്കങ്ങൾ പുരോഗമിക്കുന്നു. കൗൺസിലിന്റെ 20-ാമത് കൺവൻഷൻ ആണിത്. ഓഗസ്റ്റ് 3, 4 തീയതികളിൽ (ശനി, ഞായർ) ഫ്ളോറൽ പാർക്കിലെ 'ഔവർ ലേഡി ഓഫ് സ്നോസ്' റോമൻ കാത്തലിക് പള്ളിയിലാണ് ചടങ്ങുകൾ നടക്കുന്നത്. (258-15 80th Ave, Floral Park- NY-11004).




പുതുപ്പള്ളി സെന്റ് ജോർജ് ഇടവക വികാരിയും സൺഡേ സ്കൂൾ ഡയറക്ടർ ജനറലുമായ റവ. ഡോ. വർഗീസ് വർഗീസ് (മീനടം) ആയിരിക്കും കൺവൻഷൻ പ്രസംഗകൻ. കൗൺസിൽ ക്വയറിന്റെ ശ്രുതിമധുരമായ ഗാനങ്ങളും ഉണ്ടായിരിക്കും.

വിവരങ്ങൾക്ക്: ഫാ. ജോൺ തോമസ് ആലുംമൂട്ടിൽ (പ്രസിഡണ്ട്-516-996-4887)

ഫിലിപ്പോസ് സാമുവേൽ (സെക്രട്ടറി- 917-312-2902)

ജോൺ (സജി) താമരവേലിൽ (ട്രഷറർ- 917-533-3566)

ഫാ. ജോർജ് മാത്യു (ക്വയർ ഡയറക്ടർ)


ജോസഫ് പാപ്പൻ (ക്വയർ മാസ്റ്റർ)

സിസി മാത്യു (ക്വയർ കോ-ഓർഡിനേറ്റർ)

മോൻസി മാണി (പ്രോഗ്രാം കോ-ഓർഡിനേറ്റർ).

# റഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതി നരേന്ദ്ര മോദിക്ക്

മോസ്കോ: റഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് ആൻഡ്രൂ ദ അപ്പൊസ്തൽ' പുരസ്കാരം പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു സമ്മാനിച്ച് റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിൻ. ക്രെംലിനിലെ സെന്റ് ആൻഡ്രൂ ഹാളിൽ നടന്ന ചടങ്ങിലായിരുന്നു പുരസ്കാരം സമ്മാനിച്ചത്. 1698-ൽ ആരംഭിച്ച ഈ അവാർഡ് നേടുന്ന ആദ്യ ഇന്ത്യക്കാരനാണു നരേന്ദ്ര മോദി. ക്രിസ്തുശിഷ്യനും റഷ്യയുടെ മധ്യസ്ഥനുമായ വിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ പേരിലാണു പുരസ്കാരം. ഇന്ത്യയിലെ ജനങ്ങൾക്കു പുരസ്കാരം സമർപ്പിക്കുന്നുവെന്ന് മോദി എക്സിൽ കുറിച്ചു.




A Trusted Compassionate
Partner in Senior Care Excellence.
We recognise that senior care is about nurturing a genuine sense of belonging. We are dedicated to providing more than just assistance. We offer a safe haven where the elderly can thrive in a nurturing, loving environment. Here, every resident is cherished, respected, and made to feel truly at home.
Our Services
* Dementia Care
* Respite Care
* Stroke Rehabilitation
* Palliative Care
Why Choose Kancare?
* Residential Care
* 24×7 Medical Support
* Homely Meals
* Individual Care Plans
Give your loved ones
The Care They Deserve
kancare
CONTEMPLATIVE CARE
Call: 0484- 4055022
Mob: +91 9497 380 999 / 9497 380 888
www. kancare.in
IDEAL AVENUE, Vadavucode P.O,
Kangarappady, Holy cross Road,
Ernakulam - 682021
24/2181 Rajiv Gandhi Nagar Road,
Kakkanad, CSEZ P O,
KOCHI 682037


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024








## വഴിത്താര

തയ്യാറാക്കിയത്:



> നിങ്ങൾക്ക് ഒരു സ്വപ്നമുണ്ടെങ്കിൽ അത് തീർച്ചയായും കഠിനാധ്വാനത്തിലൂടെയും ത്യാഗത്തിലൂടെയും നേടാനാകും

# പി. വി. ചെറിയാൻ

# സ്വയം വെട്ടിത്തെളിച്ച പാതകൾ

ജീവിതത്തിന്റെ സ്വയം വെട്ടിത്തെളിച്ച പാതകളിലേക്ക് സ്ഥിരോത്സാഹത്തോടെ യാത്ര പോവുക. അവിടെയെല്ലാം വിജയത്തിന്റെ ചരിത്രം മാത്രം അവശേഷിപ്പിച്ച് വീണ്ടും പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. മറ്റുള്ളവർക്ക് പ്രചോദനമായും, തണലായും മുന്നിൽ നടക്കുക, കാവലാളും മാർഗദർശിയുമാവുക. ഇവ എല്ലാ മനുഷ്യർക്കും സാധിക്കുന്ന കാര്യമല്ല. എന്നാൽ സ്വന്തം ജീവിതം തന്റെ സഹജീവികളുടെ നന്മയ്ക്കും കൂടി ഉള്ളതാണെന്ന് വിശ്വസിക്കുകയും അതിനനുസരിച്ച് തന്റെ ജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്ത ഒരു വ്യക്തിത്വത്തെ ഈ വഴിത്താരയിൽ പരിചയപ്പെടാം. പി.വി. ചെറിയാൻ ഫ്ളോറിഡ.

കാറ്റിനെതിരെ പറന്നുയരുന്ന പട്ടങ്ങളെപ്പോലെ ഒരാൾ. തന്റെ നേരെ വരുന്ന ഏതൊരു കൊടുങ്കാറ്റിനെയും അതിജീവിക്കാനുള്ള കഴിവ് ഏതൊരു വ്യക്തിക്കും ഉണ്ടാകണമെന്ന് പ്രവർത്തനത്തിലൂടെയും ജീവിതത്തിലൂടെയും തെളിയിച്ച ഒരു സംഘാടകനും, സാമൂഹ്യ പ്രവർത്തകനുമാണ് അദ്ദേഹം. അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ തുടക്കം മുതൽ ഒപ്പമുള്ള പ്രവർത്തകൻ. എല്ലാ ഫൊക്കാന കൺവൻഷനുകളുടേയും സ്പോൺസർമാരിൽ ഒരാൾ. 2024 ജൂലൈ 18-ന് വാഷിംഗ്ടൺ ഡിസിയിൽ ഫൊക്കാന കൺവൻഷന് തിരിതെളിയുമ്പോൾ തന്റെ കഴിഞ്ഞ കാലങ്ങളെ പുതിയ തലമുറയ്ക്കായി പകർത്തി വെക്കുകയാണ് അദ്ദേഹം.

### നാട്ടു നന്മകളിലൂടെ ഒരു യാത്ര

മദ്ധ്യതിരുവിതാംകൂറിന്റെ ഹൃദയഭാഗമായ ചെങ്ങന്നൂരിനടുത്ത് കോടുകുളഞ്ഞി ക്ലായിക്കുഴിയിൽ കുഞ്ഞുകുട്ടി എന്ന പി.സി. വർഗീസിന്റെയും പൊന്നമ്മ വർഗീസിന്റെയും മകനായി ജനനം. പിതാവ് ഇന്ത്യൻ കരസേനയിൽ ഉദ്യോഗസ്ഥനായിരുന്നതിനാൽ ബോംബെയിലായിരുന്നു ബാല്യകാലം. പിന്നീട് നാട്ടിലേക്ക് വന്ന് സ്കൂളിൽ ചേർന്നു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ കോടുകുളഞ്ഞി സി.എസ്.ഐ സ്കൂളിൽ പഠനം. വീണ്ടും ബോംബെയിൽ തുടർപഠനം. കോളേജ് പഠനം കഴിഞ്ഞ് ഇന്ത്യൻ മിലിട്ടറിയിൽ മെഡിക്കൽ ബോർഡിൽ ജോലിയിൽ പ്രവേശിച്ചു. അഞ്ച് വർഷം രാജ്യസേവനം നിർവഹിച്ചപ്പോഴും തന്റെ
നപ്പുറത്ത് മറ്റെന്തോ ആണെ
അഞ്ച് വർഷത്തെ മിലിട്ടറി
ജൂണിൽ കമ്പ്യൂട്ടർ പഠനത്തി
ഈ സമയത്ത് മുംബൈ
ഴ്സ് ആയിരുന്ന തിരുവല്ല,
പീറ്റർ സാറിന്റേയും അന്നമ
വിവാഹം കഴിക്കുന്നു. 1974-
ൽ എത്തിയതോടെ ജീവിത
നാരംഭിച്ചു.

### സമ്പൂർണ്ണ റിയൽറ്റർ

ന്യൂയോർക്കിൽ വിമാന
രിക്ക ഒരു പുതിയ ലോകത്ത്
ത്തന്നെ പി.വി. ചെറിയാന്
അസ്തമിക്കാത്ത രാജ്യത്ത്
ചെറിയ ഗ്രാമത്തിൽനിന്ന്
രുന്നു അത്. ജീവിതത്തി
നിൽക്കാൻ അറിയാത്തതു
ടാൻ തീരുമാനിച്ചു. ലോകര
നിന്ന് അമേരിക്കയുടെ സമ
നിരവധി മനുഷ്യർ. അവർ
മിയുമൊക്കെ ആവശ്യമാണ്.
നമായും പി.വി.യുടെ ചിന്ത.
ബിസിനസ് സാധ്യത തിരിച്ച
രംഗത്തേക്ക് തിരിയുകയും
ണമെങ്കിൽ കഠിനാധ്വാനം
ന്ന തിരിച്ചറിവ് ചെറുപ്പം
നാൽ റിയൽ എസ്റ്റേറ്റ് ബിസ
മായിരുന്നു പി.വി. ചെറിയ
ഒരു വീട് വാങ്ങി പുതുക്കി
ലഭിച്ച ലാഭം കൊണ്ട് മുന്നേ
പിന്നീട് പിൻവഴികൾ ഉണ്ടാ
റന്നിട്ട പാതകളാണ് മുന്നി
ഒരു യാത്ര. നിരവധി വീടു
കയും ചെയ്തു. പുതുപ്രത
എത്തിയ എല്ലാ മനുഷ്യർ
ദ്ദേഹത്തിനായി. ഈ സമയ
മസം മാറ്റുകയും ചെയ്തു.
ഫ്ളോറിഡയുടെ സാധ്യത
തിരിച്ചറിഞ്ഞിരുന്നു എന്നത
രു പട്ടാളക്കാരനായി ജീവി
ജ്ജവവും തന്റെ ബിസിനന
എന്ന് അദ്ദേഹം മനസിലാ
തന്നെ നിരവധി പുരസ്കാ
വന്നിട്ടുണ്ട്. സെഞ്ചുറി, ഗോ
രങ്ങൾ തന്റെ ഏജൻസിക്ക്
യെല്ലാം തന്റെ കഠിനാധ്വാ
കാരമായി അദ്ദേഹം സ്വീക

ജീവിതം കൊണ്ട് മാതൃ
ഒരു മനുഷ്യൻ ഭൂമിയിൽ പ
റഞ്ഞ വാക്കിനും ചെയ്യുന്ന
ലങ്ങൾ ഉണ്ടാകരുത്. അങ്ങ
















## ...കൾ

...അനിൽ പെണ്ണുക്കര

...നിയോഗം രാജ്യസേവനത്തി
...നന്ന് സ്വയം തിരിച്ചറിഞ്ഞു.
...ഉദ്യോഗത്തിനു ശേഷം 1973
...ിനായി അമേരിക്കയിലെത്തി.
...ജ.ജെ. ആശുപത്രിയിൽ നേ
... പായിപ്പാട് നെടുംപറമ്പിൽ
...മ്മയുടേയും മകൾ ഗ്ലോറിയെ
...-ൽ ഗ്ലോറിയും അമേരിക്കയി
...ം ഇരുവരും ഒന്നിച്ച് തുഴയാ

...മിറങ്ങുമ്പോൾ തന്നെ അമേ
...ിലേക്കുള്ള കാൽവെയ്പ്പായി
... തോന്നിയിരുന്നു. സൂര്യൻ
...ിലേക്ക് കേരളത്തിലെ ഒരു
...ഒരു പറിച്ചുനടൽ കൂടിയായി
...ന്റ പുതുവഴികളിൽ പകച്ചു
...കൊണ്ട് ജീവിതത്തെ നേരി
...ത്തിന്റെ വിവിധ ഭാഗങ്ങളിൽ
...ൃദ്ധിയിലേക്ക് വന്നിറങ്ങുന്ന
...ക്ക് താമസിക്കാൻ വീടും ഭൂ
.... ആ ദിശയിലേക്കായി പ്രധാ
... അങ്ങനെ ഒരു റിയലെറ്ററുടെ
...ച്ചറിയുകയും റിയൽ എസ്റ്റേറ്റ്
... ചെയ്തു. പണം ഉണ്ടാക്ക
...ചയ്തെങ്കിലേ സാധിക്കു എ
...മുതൽക്കേ ഉണ്ടായിരുന്നതി
...ിനസ് ഒരു പുതിയ അനുഭവ
...ാന്. ആദ്യമായി തീ പിടിച്ച
... പണിത് വിൽപ്പന നടത്തി
...ാട്ട് നീങ്ങിയ അദ്ദേഹത്തിന്
...ായിരുന്നില്ല. തനിക്കായി തു
...ൽ ഉള്ളതെന്ന് തിരിച്ചറിഞ്ഞ്
...കൾ വാങ്ങുകയും വിൽക്കു
...ീക്ഷകളുമായി അക്കാലത്ത്
...ക്കും തണലൊരുക്കാൻ അ
...ത്ത് ഫ്ളോറിഡയിലേക്ക് താ
...റിയൽ എസ്റ്റേറ്റ് മേഖലയിൽ
...പി.വി. ചെറിയാൻ നേരത്തെ
...ാണ് സത്യം. ഒരുപക്ഷെ, ഒ
...ച്ചതിന്റെ കൃത്യതയും ആർ
...സിന് ഏറെ ഗുണം ചെയ്തു
...ക്കിയിരുന്നു. അതുകൊണ്ടു
...രങ്ങളും അദ്ദേഹത്തെ തേടി
...ൾഡൻ റിയൽട്ടർ പുരസ്കാ
... ലഭിക്കുമ്പോഴൊക്കെ അവ
...നത്തിന് ലഭിക്കുന്ന അംഗീ
...രിച്ചു.

...ക കാണിക്കുക എന്നതാണ്
...ുലർത്തേണ്ട നല്ല ശീലം. പ
...പ്രവർത്തിയും തമ്മിൽ അക
...ദനെ ചിന്തിക്കുന്ന, അതിന്

വേണ്ടി ഈ എഴുപത്തിയേഴാം വയസിലും തന്റെ പ്രവർത്തന വഴികളിൽ പി.വി ചെറിയാൻ സജീവമാണ്.

### സംഘടനാ പ്രവർത്തനം: ഫ്ളോറിഡ മുതൽ ഫൊക്കാന വരെ

ചെറുപ്പം മുതൽ പി.വി.യുടെ മനസ്സിൽ കടന്നുകൂടിയതാണ് സാമൂഹ്യ പ്രവർത്തനത്തിന്റെ നന്മകൾ. അതുകൊണ്ടുതന്നെ അമേരിക്കയിൽ എത്തിയപ്പോഴും അത്തരം പ്രവർത്തനങ്ങൾക്കൊപ്പം അദ്ദേഹവും സഞ്ചരിക്കുവാൻ തുടങ്ങി. മലയാളി അസ്സോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ തുടക്കം മുതൽ അവിടെ സജീവമായി. കമ്മറ്റി അംഗം, ട്രസ്റ്റി ബോർഡ് ചെയർമാൻ എന്നീ നിലകളിലെല്ലാം സംഘടനയ്ക്കൊപ്പം പ്രവർത്തിച്ച പി.വി ചെറിയാൻ ഫൊക്കാനയിലും സജീവമായി. കമ്മറ്റി അംഗം മുതൽ ചെറുതും വലുതുമായ നിരവധി ഉത്തരവാദിത്വങ്ങൾ ഫൊക്കാന കൺവൻഷൻ സമയങ്ങളിൽ ഏറ്റെടുക്കുന്നതോടൊപ്പം പ്രധാന സ്പോൺസർമാരിൽ ഒരാളായി പി.വി. ചെറിയാനും 1983 മുതൽ ഇന്ന് വരെ ഫൊക്കാനയ്ക്ക് ഒപ്പമുണ്ട്. ഒർലാണ്ടോ കൺവൻഷൻ സെക്യൂരിറ്റി ചെയർമാൻ ആയി പ്രവർത്തിച്ചത് വ്യത്യസ്ത അനുഭവം ആയിരുന്നു എന്ന് അടയാളപ്പെടുത്തുന്ന പി.വിയെ വിഷമിപ്പിച്ചത് ഫൊക്കാനയിലുണ്ടായ പിളർപ്പാണ്. ഒന്നായി ഓടിനടന്ന കൂട്ടുകാർ പെട്ടെന്ന് വേർപെട്ട് ശത്രുക്കൾ ആയി മാറിയ നിമിഷങ്ങൾ ഇന്നും അദ്ദേഹത്തിന്റെ ഓർമ്മയിലുണ്ട്. അന്ന് നടന്ന തെരഞ്ഞെടുപ്പിൽ ചില ക്രമക്കേടുകൾ ഉണ്ടായി. തുടർന്ന് സംഘടന പിളർപ്പിലേക്ക് പോയി. അമേരിക്കൻ മലയാളികളുടെ സംഘടനാ ബോധത്തിനേറ്റ ഏറ്റവും വലിയ പ്രഹരമായിരുന്നു പിളർപ്പ്. അതിന് ശേഷം ഒരു സംഘടനകൂടി വന്നുവെങ്കിലും ഒന്നായി നിന്ന് പ്രവർത്തിച്ചപ്പോൾ ലഭിച്ച ജനപിന്തുണ രണ്ട് സംഘടനകൾക്കും ലഭിക്കുന്നില്ല എന്നത് സത്യമാണ്. പണാധിപത്യം ഏതൊരു സംഘടനയെ വിഴുങ്ങുന്നുവോ അന്നു മുതൽ ജനാധിപത്യത്തിന് കോട്ടം തട്ടും. അത് പല മലയാളി സംഘടനകളും ഇല്ലാതാകുന്നതിന് കാരണമാകുന്നു. ഒരു സംഘടന എന്നത് അഭിപ്രായ സമന്വയത്തിന്റെ കൂടിച്ചേരൽ കൂടിയാണ്. എങ്കിലേ ഏതൊരു സംഘടനകൾക്കും ജനമനസുകളിൽ സ്ഥാനമുണ്ടാകു.

പക്ഷെ, ഫൊക്കാനയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് വരുന്ന വ്യക്തികൾക്ക് പണം ഉണ്ടാവണം. കുറഞ്ഞത് രണ്ടര ലക്ഷം ഡോളറെങ്കിലും മുടക്കാൻ മനസുള്ളവരും സാമ്പത്തികശേഷി ഉള്ളവരുമായിരിക്കണം സംഘടനയുടെ തലപ്പത്തേക്ക് വരേണ്ടത്. ഈ കഴിഞ്ഞ രണ്ട് വർഷങ്ങൾ ഫൊക്കാനയ്ക്ക് ലോകശ്രദ്ധ ലഭിച്ച കാലഘട്ടമായിരുന്നു എന്ന് നമുക്ക് എല്ലാവർക്കും അറിയാം. ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വം വലിയ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. സ്വാർത്ഥ താല്പര്യങ്ങളില്ലാതെ പ്രവർത്തിച്ചതുകൊണ്ടും ആവശ്യമായ അവസരങ്ങളിലെല്ലാം സ്വന്തം കൈയ്യിൽനിന്നും പണം മുടക്കി നിരവധി പരിപാടികളും ജീവകാരുണ്യ പ്രവർത്തനങ്ങളും സംഘടിപ്പിച്ചതുകൊണ്ടും സംഘടനയ്ക്ക് വലിയ പ്രചാരം കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചു. കുവൈറ്റിൽ തീ പിടുത്തത്തിൽ മരിച്ച മലയാളി സഹോദരങ്ങളുടെ കുടുംബത്തിന് ആദ്യ സഹായമായി മാറാൻ ഡോ. ബാബു സ്റ്റീഫൻ കാട്ടിയ സന്മനസ് ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ നന്മ കൂടിയാണ്.

വാശിയേറിയ മത്സരങ്ങൾ അല്ല മറിച്ച് സമന്വയത്തിന്റേയും സമഭാവനയുടെയും വഴികൾ തുറക്കലാവണം ഓരോ ഫൊക്കാന തെരഞ്ഞെടുപ്പുകളും എന്നാണ് പി.വിയുടെ പക്ഷം. കാരണം അമേരിക്കൻ മലയാളികളുടെ നിരവധി പ്രശ്നങ്ങൾക്ക് തണലായി നിൽക്കാനാണ് ഫൊക്കാന എന്ന വലിയ കുട നിർമ്മിച്ചത്. പക്ഷെ ഇപ്പോൾ വാശിയേറിയ മത്സരങ്ങൾ വ്യക്തി വിദ്വേഷങ്ങളിലേക്കും, വ്യക്തിഹത്യയിലേക്കും വരെ വന്നെത്തിയിരിക്കുന്നു. അത്തരം പ്രവണതകൾ ഒരു സംഘടനകൾക്കും ഭൂഷണമല്ല.

ഫൊക്കാനയുടെ തുടക്കം മുതൽ ഫൊക്കാനയ്ക്കൊപ്പം നിലകൊണ്ട ഒരു വ്യക്തിയുടെ ആശങ്കകൾക്ക് ഫൊക്കാന നേതാക്കൾ ശ്രദ്ധ നൽകും എന്നാണ് പി.വിയുടെ പക്ഷം.

### ജീവകാരുണ്യ പ്രവർത്തനങ്ങൾ

അർപ്പണ ബോധത്തോടും സ്ഥിരതയോടും കൂടിയുള്ള യാത്ര തുടക്കത്തിൽ ദൈർഘ്യമേറിയതും കഠിനവും ആണെന്ന് തോന്നുമെങ്കിലും അവസാനം നമുക്ക് ലഭിക്കുന്ന പ്രതിഫലം നമ്മെ എക്കാലവും നിലനിർത്തും എന്ന വിശ്വാസമാണ് പി.വി. ചെറിയാനുള്ളത്. അതുകൊണ്ടുതന്നെ ജീവകാരുണ്യ പ്രവർത്തനങ്ങൾ തന്റെ ജീവിതത്തിന്റെ ഭാഗമായി മാറ്റുകയാണ് പി.വി. ചെറിയാൻ. അമേരിക്കൻ ജീവിത പശ്ചാത്തലത്തിൽ അദ്ദേഹം ഇപ്പോൾ ചിന്തിക്കുന്ന ഒരു പ്രധാന വിഷയം കേരളത്തിൽ പ്രായമേറുന്ന മനുഷ്യരുടെ സംരക്ഷണം ഒരു കീറാമുട്ടിയാണ്. കുറച്ചു പേർക്കെങ്കിലും തണൽ ഒരുക്കുന്ന ഒരു സംരംഭം തന്റെ ജന്മനാട്ടിൽ ആരംഭിക്കണം എന്ന ആഗ്രഹം ഉണ്ട്. ഇവിടെ ജാതിക്കും മതത്തിനും സ്ഥാനമില്ല. നാനാജാതി മതസ്തരേയും ഒപ്പം നിർത്തി അവർക്ക് വേണ്ട സഹായങ്ങൾ തന്റെ ചെറുപ്പകാലം മുതൽക്കേ അദ്ദേഹം ചെയ്ത് നൽകാറുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മതമില്ല എന്ന് വിശ്വസിക്കുന്ന പി.വി തന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരുമ്പോൾ പാലിയേറ്റീവ് മേഖല കേരളത്തിൽ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിക്കണമെന്ന് ആഗ്രഹിക്കുന്നു. രോഗികളുടെ വേദനയ്ക്കുള്ള ശാശ്വത പരിഹാരം പാലിയേറ്റീവ് കെയർ ആണ്. അതിനായി ചില സംരംഭങ്ങൾക്കൊപ്പം പി.വിയും പദ്ധതികൾ പ്ലാൻ ചെയ്യുന്നുണ്ട്.

### പുരസ്കാരങ്ങൾ പ്രചോദനമാകുമ്പോൾ

ഒരു ഹസ്തദാനം പോലും അംഗീകാരമാണെന്ന് കരുതുന്ന പി.വി. ചെറിയാന് ചെറുതും വലുതുമായ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. പക്ഷെ, ഭാരതത്തിന്റെ അഭിമാനവും, ലോക ജനതയുടെ ആരാധ്യ പുരുഷനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ കൈയ്യിൽ നിന്നും അമേരിക്കൻ കോൺസുലേറ്റിന്റെ അംഗീകാരം നേടാനായത് ജീവിതത്തിലെ സുന്ദര നിമിഷമായി പി.വി. ചെറിയാൻ നെഞ്ചേറ്റുന്നു. കേരള മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവും ആയിരുന്ന ഉമ്മൻ ചാണ്ടിയുമായി ഏറെ സൗഹൃദം പുലർത്തിയിരുന്ന പി.വി. ചെറിയാൻ അദ്ദേഹത്തിലെ നേതാവിനെ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ന്യൂയോർക്കിൽ സംഘടിപ്പിക്കപ്പെട്ട ലോക കേരള സഭയുടെ അംഗമായും തെരഞ്ഞെടുക്കപ്പെട്ടു.

### കുടുംബം നന്മകൾ

ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഉയർച്ചയിൽ കുടുംബം നൽകുന്ന പിന്തുണയ്ക്ക് ആ വ്യക്തി കടപ്പെട്ടിരിക്കുന്നത് കുടുംബത്തോട് തന്നെയാണ്. തന്റെ മാതാപിതാക്കളും, സഹോദരങ്ങളും നൽകിയ ഊർജ്ജം തന്റെ മക്കളിലേക്ക് പകരുമ്പോൾ കുടുംബം എന്ന ജീവിത ചക്രം ഉരുണ്ടു കൊണ്ടേയിരിക്കും. തലമുറകളിൽ നിന്ന് തലമുറകളിലേക്ക്... ഈ യാത്രയിൽ തന്റെ ഭാര്യ ഗ്ലോറിയുടെ മരണം ഒരു തീരാനഷ്ടമായി പി.വിയ്ക്കൊപ്പം ഉണ്ടെങ്കിലും മക്കളായ മാത്യു ചെറിയാൻ (മോഹൻ - മെഡിക്കൽ ഡോക്ടർ), മരുമകൾ റേച്ചൽ, പീറ്റർ ചെറിയാൻ (ജെഫി - ഇന്റേണൽ മെഡിക്കൽ ഡയറക്ടർ) എന്നിവരുടെ പിന്തുണ ഈ വഴിത്താരയിൽ പി.വി. ചെറിയാൻ എന്ന പിതാവിന് നൽകുന്ന ബലം വളരെ വലുതാണ്.





ഏതൊരാളും എന്ത് ആവശ്യവുമായും തന്റെ മുന്നിലേക്ക് വന്നാൽ അവർക്ക് ആവശ്യമായ സഹായങ്ങളുടെ വാതിൽ തുറന്നിടുന്ന പി.വി. ചെറിയാൻ ഏതൊരു മനുഷ്യനും മാതൃകയാക്കാവുന്ന വ്യക്തിത്വമാണ്. അതിലുപരി ഒരു സംരംഭകന് താൻ പ്രവർത്തിക്കുന്ന മേഖലയിൽ എക്കാലവും എങ്ങനെ വിജയിയായി തിളങ്ങി നിൽക്കാം എന്ന് പഠിപ്പിക്കുന്ന ഒരു പാഠപുസ്തകം കൂടിയാണ് പി.വി. ചെറിയാൻ. കാരണം ചില ജീവിതങ്ങൾ തലമുറകൾക്ക് മാതൃകയാകുവാൻ വേണ്ടിയാണ് അടയാളപ്പെടുത്തുന്നത്. പി.വി. ചെറിയാന്റെ ജീവിതം അത്തരത്തിൽ അടയാളപ്പെടുത്തേണ്ട ഒന്നാകുന്നു. അദ്ദേഹത്തിന്റെ ജീവിത വഴികൾ നന്മയുടെ പൂമരമായി പൂത്തുലയട്ടെ.. ആശംസകൾ.







© Kerala Express

# റീനി മമ്പലത്തിന്റെ വേർപാടിന്റെ നൊമ്പരത്തിൽ സർഗ്ഗവേദി

പി.ടി. പൗലോസ്

ന്യൂയോർക്ക്: ജൂൺ 30 ഞായർ വൈകുന്നേരം 6 മണി. ന്യൂയോർക്ക് സർഗ്ഗവേദി ഭാവനാസമ്പന്നയായ എഴുത്തുകാരിയും സർഗ്ഗവേദിയുടെ ആത്മബന്ധുവുമായിരുന്ന റീനി മമ്പലത്തിന്റെ അകാല വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തുവാനും ഓർമ്മകൾ പങ്കുവെക്കുവാനും പുതിയ ഒരദ്ധ്യായം തുറ





ന്നു. ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി പ്രതികൂലമാക്കിയ കാലാവസ്ഥയെ അവഗണിച്ച് മൂന്നു പതിറ്റാണ്ടുകൾ സർഗ്ഗവേദിയുടെ സ്ഥിരസാന്നിദ്ധ്യമായിരുന്ന റീനി മമ്പലത്തിന്റെ കൂട്ടുകാർ ന്യൂയോർക്ക് കേരളാ സെന്ററിലെ ഡോ. തോമസ് ഏബ്രഹാം ലൈബ്രറി ഹാളിൽ ഒത്തുകൂടി.

പ്രവാസമണ്ണിലേക്ക് പറിച്ചുനടപ്പെട്ട പച്ചയായ മനുഷ്യരുടെ മോഹങ്ങളും മോഹഭംഗങ്ങളും സർഗ്ഗചാതുരിയോടെ കടലാസിലേക്ക് പകർത്തിയ കഥാകാരിയായിരുന്നു റീനി മമ്പലം എന്നും റീനിയുടെ വേർപാട് സർഗ്ഗവേദിയുടെ നികത്താനാവാത്ത വിടവാണെന്നും ആമുഖമായി പറഞ്ഞുകൊണ്ട് മനോഹർ തോമസ് സദസ്സിനെ സ്വാഗതം ചെയ്തു. കേരളത്തിലെയും ജനനി മാസിക ഉൾപ്പെടെ അമേരിക്കയിലെയും പ്രധാനപ്പെട്ട എല്ലാ അച്ചടി മാധ്യമങ്ങളിലും ഒരുപോലെ ശോഭിച്ച എഴുത്തുകാരിയായിരുന്നു റീനി മമ്പലം എന്ന് തുടർന്നു സംസാരിച്ച ജെ. മാത്യൂസ് അഭിപ്രായപ്പെട്ടു. ഒട്ടുമിക്ക മലയാളി എഴുത്തുകാരും ഉപയോഗിക്കാത്ത ചില പ്രത്യേക ഭാഷാ പ്രയോഗങ്ങൾ റീനിയുടെ 'റിട്ടേൺ ഫ്ളൈറ്റ്' എന്ന കഥാസമാഹാരത്തിലെ കഥകളിൽ കാണാം എന്ന് ജെ. മാത്യൂസ് കൂട്ടിച്ചേർത്തു.

ഇ-മലയാളിയിൽ റീനി മമ്പലത്തിന്റെ കഥകൾക്ക് എന്നും പ്രസക്തി ഉണ്ടായിരുന്നു എന്നും റീനിയുടെ അകാല വിയോഗം ഇ-മലയാളിയുടെ സാഹിത്യവിഭാഗത്തിന് ഭാവിയിൽ ഒരു നഷ്ടമായിരിക്കുമെന്നും പ്രശസ്ത പത്രപ്രവർത്തകനും ഇ-മലയാളി പത്രാധിപരുമായ ജോർജ് ജോസഫ് പറഞ്ഞു. ജയൻ കെ.സിയുടെ നിരീക്ഷണം, ആരും ശ്രദ്ധിക്കാത്ത വഴികളിലൂടെ സഞ്ചരിച്ച് പുതിയ സങ്കേതങ്ങൾ കണ്ടെത്തി കഥയുടെ ആത്മാവിനെ തൊട്ട് ആർക്കും പിടികൊടുക്കാതെ വിട്ടുപോകുന്ന കഥയെഴുത്തിന്റെ ഇന്ദ്രജാലമായിരുന്നു റീനി മമ്പലം എന്നായിരുന്നു. ജോസ് കാടാപുറം റീനിയുടെ പുസ്തകങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു. ഹൃദയത്തിന്റെ അടിത്തട്ടുകളെ ഉലയ്ക്കുന്ന കാമ്പുള്ള കഥകളെ അവതരിപ്പിക്കുവാനുള്ള റീനിയുടെ പ്രത്യേക കഴിവിനെ ജോസ് എടുത്തു പറഞ്ഞു.

കഥകളിലെ സങ്കീർണ്ണതകൾ പോലെതന്നെ അറംപറ്റുന്നതായിരുന്നു റീനിയുടെ ദുര്യോഗവും. റീനിയും സർഗ്ഗസമ്പന്നതയുടെ ഔന്നത്യങ്ങളിലിരിക്കെ രോഗശയ്യയിലെ ശാരീരിക വേദനകളോട് വിടപറഞ്ഞ് ഏകാന്തതയുടെ ഏതോ കാണാത്തുരുത്തിലേക്ക് ഒരു റിട്ടേൺ ഫ്ളൈറ്റ് പോലെ പറന്നകന്നു എന്ന് മാമ്മൻ സി. മാത്യു പറഞ്ഞപ്പോൾ സദസ്സ് ഒരു നിമിഷം മൂകമായി. തുടർന്ന് സംസാരിച്ച രാജു തോമസ് റീനിയുടെ ഓർമ്മകൾ പങ്കുവെച്ചതോടൊപ്പം സർഗ്ഗവേദിയിൽ നിന്നും ഭൗതികമായി വേർപെട്ടുപോയ മറ്റ് അംഗങ്ങളുടെ പേരുകൾ വായിച്ച് ഒരുനിമിഷം മൗനം ആചരിച്ചു.

റീനിയുടെ ബന്ധുവും സുകുമാർ അഴീക്കോട് തത്വമസി സാംസ്കാരിക അക്കാഡമിയുടെ ഈ വർഷത്തെ ആത്മകഥാ വിഭാഗത്തിലെ സാഹിത്യപുരസ്കാരം നേടിയ 'ഒരു പിരിയൻ ഗോവണി' എന്ന പുസ്തകത്തിന്റെ രചയിതാവ് മനോ ജേക്കബ്, കവയിത്രിയും കഥാകൃത്തുമായ ഉമാ സജി, കേരളാ സെന്റർ പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ, ഡോ. സാം മണ്ണിക്കരോട്ട്, ഷൈനി ജേക്കബ്, ജോസ് ചെരിപുറം, നിർമ്മലാ ജോസഫ് (മാലിനി), ജേക്കബ് എന്നിവർ റീനിയുടെ കഥകളെക്കുറിച്ചും വ്യക്തിപരമായ ഇടപെടലുകളെക്കുറിച്ചും സംസാരിച്ചു. സന്തോഷ് പാലാ, സാനി അമ്പൂക്കൻ, പ്രിൻസ് മർക്കോസ് എന്നിവരും റീനിയുടെ ഓർമ്മകൾ പങ്കുവെച്ചു. മരണം ഒരു ദാർശനിക സത്യമാണ്. അത് അനിവാര്യവുമാണ്. എന്നാൽ, നമ്മോടു ചേർന്നു നിൽക്കുന്നവരുടെ വേർപാട് നമ്മിൽ ഏല്പിക്കുന്ന ആഘാതം അപാരമാണ്. അതാണ് റീനിയുടെ വിയോഗത്തിൽ നമുക്ക് അനുഭവപ്പെട്ടതും.

ഒരു എഴുത്തുകാരി എന്നതിനപ്പുറം തന്റെ ജീവിതവഴികളിൽ മുഴുവനും നല്ല സൗഹൃദം കാത്തുസൂക്ഷിച്ച സഹൃദയ കൂടിയായിരുന്നു റീനി മമ്പലം എന്നു പറഞ്ഞുകൊണ്ടും ജേക്കബിനും മക്കൾക്കും ഈ ദുർഘട സന്ധിയെ അതിജീവിക്കാനുള്ള ആത്മധൈര്യം ഉണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ടും പി.ടി. പൗലോസ് അനുസ്മരണ യോഗത്തിൽ ഓർമ്മകൾ പങ്കുവെക്കുവാൻ എത്തിയ എല്ലാവർക്കും ഹൃദയപൂർവം നന്ദി പറഞ്ഞു.

സ്നേഹവിരുന്നോടെ പരിപാടികൾ പൂർണ്ണമായി.

# സോജൻ ജോസഫിന് അഭിനന്ദനങ്ങൾ

ജോസഫ് മുല്ലപ്പള്ളി



ചിക്കാഗോ: ബ്രിട്ടീഷ് പാർലമെന്റിലെ പ്രഥമ മലയാളി സാന്നിദ്ധ്യമായി ചരിത്ര തെരഞ്ഞെടുപ്പ് വിജയം കൈവരിച്ച സോജൻ ജോസഫിന് ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ. കൈപ്പുഴ ഗ്രാമത്തിൽ ജനിച്ച് വളർന്ന്, അവിടെത്തന്നെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ക്നാനായ സമുദായാഗം കൂടിയായ സോജൻ ജോസഫിന്റെ വിജയം കൈപ്പുഴ ഗ്രാമവാസികൾക്കൊപ്പം ക്നാനായ സമുദായത്തിനും അഭിമാനിക്കാൻ വകയേറെയുള്ളതാണ്. കൂടാതെ മലയാളി യുവാക്കൾ വ്യാപകമായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്ന ഈ കാലഘട്ടത്തിൽ, നിരവധി മലയാളികൾക്ക് തങ്ങൾ വസിക്കുന്ന ദേശങ്ങളിലെ പൊതുജീവിതത്തിൽ സജീവമാകുന്നതിനും തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനും സോജൻ ജോസഫിന്റെ തെരഞ്ഞെടുപ്പ് വിജയം പ്രേരകവുമാകും. ബ്രിട്ടണിൽ പുതുതായി കുടിയേറുന്ന നേഴ്സസ്, കെയർ ഗവേഴ്സ്, സ്റ്റുഡന്റ്സ് എന്നിവർ അഭിമുഖീകരിക്കുന്ന തൊഴിൽപരവും സാമൂഹികവുമായ പ്രശ്നങ്ങൾ പുതിയ പ്രധാനമന്ത്രി കിയാ സ്റ്റാമറിന്റെയും വകുപ്പ് മേധാവികളുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവയ്ക്ക് പരിഹാരം കാണുവാൻ നേഴ്സിംഗ് പശ്ചാത്തലം കൂടിയുള്ള സോജൻ ജോസഫിനു കഴിയട്ടെയെന്ന് കാനാ ആശംസിക്കുന്നു.

# നിയമരംഗത്ത് മികച്ച നേട്ടവുമായി അഭിലാഷ് തോപ്പിൽ മത്തായി

രാജു മൈലപ്ര

ഫ്ളോറിഡ: ഫ്ളോറിഡ സ്റ്റെറ്റസൺ യൂണിവേഴ്സിറ്റിയിൽനിന്നും LLM ഡിഗ്രി നേടിയ അഭിലാഷ് മത്തായി, ഫോറിൻ ലീഗൽ കൺസൾട്ടന്റായി പ്രാക്ടീസ് ചെയ്യുന്നതിനുള്ള International Lawyer Bar Licence-ഉം കര



സ്ഥമാക്കി. ഫ്ളോറിഡയിൽ FLC ലൈസൻസ് ലഭിക്കുന്ന ആദ്യത്തെ ഇന്ത്യക്കാരനാണ് അദ്ദേഹം.

2019-ൽ ഉത്തർപ്രദേശിലെ ഗ്ലോക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും LLB-ബിരുദം നേടിയ അഭിലാഷ് ഇന്ത്യയിലെ വിവിധ കോടതികളിൽ പ്രാക്ടീസ് ചെയ്തിട്ടുണ്ട്.

സിവിൽ എൻജിനീയറിംഗ് ബിരുദധാരിയായ അഭിലാഷ്, അബുദാബി ഓയിൽ കമ്പനി, ദുബായ് ഓയിൽ കമ്പനി തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളിൽ പ്രോജക്ട് മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒരു മോട്ടിവേഷൻ സ്പീക്കറായ അദ്ദേഹം ഗിറ്റാർ, കീ ബോർഡ്, ഡ്രംസ് എന്നീ സംഗീതോപകരണങ്ങളിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

'The wooden Shield' എന്ന പേരിൽ സ്വന്തമായിട്ടുള്ള മ്യൂസിക് ബാൻഡ്, പതിനഞ്ച് അറേബ്യൻ രാജ്യങ്ങൾ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

ടാമ്പായിലെ ബാഡ്മിന്റൺ, ക്രിക്കറ്റ് ടീമുകളിൽ അംഗമായ അഭിലാഷ് മുളന്തുരുത്തി തോപ്പിൽ വീട്ടിൽ റിട്ടയേഡ് മുനിസിപ്പൽ ഓഫീസർ മത്തായി ഇട്ടൻ-ലീലാമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ ആഷ്‌ലി, മക്കളായ ജെറമി, ആദിത്യ, ആകാശ് എന്നിവരോടൊപ്പം ഫ്ളോറിഡായിലെ ടാമ്പാ പോർട്ട് റിച്ചിയിൽ താമസം.



# വിഴിഞ്ഞത്തെ ആദ്യ കപ്പലിൽ ഏക മലയാളിയായി പ്രജീഷ് ഗോവിന്ദരാജ്



വാണിയംകുളം: വിഴിഞ്ഞത്ത് ആദ്യ ചരക്കുകപ്പൽ എത്തിയപ്പോൾ അഭിമാനമായി വാണിയംകുളം സ്വദേശിയും. വാണിയംകുളം പ്രജീഷ് ഗോവിന്ദരാജാണ് കപ്പലിലെ ഏക മലയാളി. 10 വർഷമായി മർച്ചന്റ് നേവിയിലാണ് പ്രജീഷ്. വിഴിഞ്ഞത്തെത്തിയ സാൻഫെർണാൻഡോവിൽ കഴിഞ്ഞ ഫെബ്രുവരിയിലാണ് ജോലിക്ക് കയറിയത്. ഇലക്ട്രോ ടെക്നിക്കൽ ഓഫീസർ (ഇടിഒ) ആണ്. കേരളത്തിനും ഇന്ത്യക്കും അഭിമാനമായ നേട്ടത്തിൽ പങ്കാളിയായതിൽ അഭിമാനമുണ്ടെന്ന് പ്രജീഷ് പറഞ്ഞു. വിഴിഞ്ഞത്ത് എത്തുന്ന കപ്പലിലാണെന്ന് അറിയില്ലായിരുന്നു. എന്നാൽ, പിന്നീട് അറിയിപ്പ് കിട്ടിയതോടെ സന്തോഷം തോന്നി. ശരണ്യയാണ് ഭാര്യ. രണ്ടുവയസ്സുകാരൻ വിഹാൻ മകൻ. അച്ഛൻ: ഗോവിന്ദരാജ്. അമ്മ: ശശിപ്രഭ.

ഫൊക്കാന കൺവൻഷന് ആശംസകൾ


# CHOOSE,
## TO STAY WITH US.

Athulya happily brings you a range of senior stay options, ranging from short vacation stays to permanent residence. Select your preference and enter a world of bliss and comfort.

Athulya Senior Care

Most Preferred Senior Care
ET Business Awards 2024

30,000+ seniors served | 1000+ beds | 5 cities | 10 locations

- Clean and infection free ambience
- 24 x 7 Assistance
- Healthy diet
- Lively Community
- Senior friendly infrastructure

Kakkanad, Kochi.

98849 45900 | athulyaseniorcare.com

BENGALURU | CHENNAI | COIMBATORE | HYDERABAD | KOCHI AND GROWING!



**RECOVERY STAYS**

Recovery-oriented stays, post your hospital discharge to help you heal before you get back home.

**ASSISTED LIVING**

Permanent residence, with assistance in living everyday life, along with medication management and personal care.

**SAFE STAYS**

Short stays with everyday assistance – for those occasions when your immediate family is travelling for a long time.





Adorn yourself in heritage,
Discover the artistry of silk

LARGEST SILK SHOWROOM IN CHANGANASSERY

ഇനി പട്ടിന്റെ ആഘോഷം
ചങ്ങനാശ്ശേരിയിലാണ്

SILK KENDRA
THE ONE STOP WEDDING STORE

SILK KENDRA,OPP EDIMANNICKAL JEWELLERY
KAVALAM NAGAR ,
M C ROAD CHANGANASSERY, KOTTAYAM 686101
silkkendra04@gmail.com
+91 7736143007

# മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്തീസ്റ്റ് അമേരിക്കൻ ഭദ്രാസന റിട്രീറ്റ് സെന്റർ യാഥാർത്ഥ്യമായി

ജോർജ് തുമ്പയിൽ

പെൻസിൽവാനിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ചിരകാല അഭിലാഷമായ റിട്രീറ്റ് സെന്റർ പെൻസിൽവാനിയായിൽ. ഡാൽട്ടണിലെ (ഫാത്തിമ സെന്ററിൽ) വിപുലവും ആധുനിക സജ്ജീകരണങ്ങളോടും കൂടിയ സെന്റർ സ്ഥാപിക്കാനുള്ള നിശ്ചയം ഏറെക്കാലമായി സഭയുടെ വലിയൊരു ആഗ്രഹമായിരുന്നു സ്വന്തമായി ഒരു റിട്രീറ്റ് സെന്റർ എന്നത്. ഇതിനുവേണ്ടി പലതവണ യോഗങ്ങൾ ചേർന്നു. ഒടുവിൽ 2015 ജൂണിൽ മേരിലാന്റിലെ ബാൾട്ടിമൂറിൽ ചേർന്ന ഭദ്രാസന പൊതുയോഗമാണ് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന് ഒരു റിട്രീറ്റ് സെന്റർ വേണമെന്ന ആവശ്യം ഉയർത്തിയത്. തുടർന്ന് അനുയോജ്യമായ സ്ഥലം കണ്ടെത്താനും സെന്ററിന്റെ നിർമാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാനും ഭദ്രാസന കൗൺസിലിനെ ചുമതലപ്പെടുത്തി. മൂന്നു വർഷക്കാലം ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവാനിയ എന്നിവിടങ്ങളിൽ സ്ഥലങ്ങൾ അന്വേഷിച്ചു. ഒടുവിൽ അനുയോജ്യമായ ഇടമായി പെൻസിൽവാനിയായിലെ ഫാത്തിമ റിന്യൂവൽ സെന്ററായിരുന്നു കണ്ടത്. മുൻപ് ഇത് പെൻസിൽവാനിയ സ്ക്രാൻടൺ റോമൻ കാത്തലിക് രൂപതയുടെ കീഴിലുണ്ടായിരുന്ന സെന്റ് പയസ് ടെൻത് റോമൻ കാത്തലിക് സെമിനാരിയായിരുന്നു.

2016 മേയിൽ സഫേണിൽ ചേർന്ന ഭദ്രാസന പൊതുയോഗത്തിൽ ഫാത്തിമ റിട്രീറ്റ് സെന്റർ വാങ്ങാൻ തീരുമാനിച്ചു. ഫിലാഡൽഫിയയിൽ നിന്നും ന്യൂയോർക്കിൽനിന്നും രണ്ട് മണിക്കൂർ യാത്ര മാത്രമാണ് പെൻസിൽവാനിയായിലെ ഡാൽട്ടൺ ട്രാൻസ് ഫിഗറേഷൻ റിട്രീറ്റ് സെന്ററിലേക്കുള്ളൂ. ഔട്ട്ഡോർ മെഡിറ്റേഷന് പറ്റിയ അന്തരീക്ഷമാണ് ഇവിടെയുള്ളത്. 350 ഏക്കർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന ഇവിടെ മനോഹരമായ ഒരു തടാകവും അതിനോട് ചേർന്ന് പച്ചപിടിച്ച പുൽമെത്തകളും ഒപ്പം മരങ്ങളുടെയും ചെറിയ ചെടികളുടെയുമൊക്കെ ഒരു വലിയ കേദാരവുമുണ്ട്.

ചാപ്പൽ, ലൈബ്രറി, കോൺഫറൻസ് മുറികൾ, ഓഫീസുകൾ എന്നിവയെല്ലാം റിട്രീറ്റ് സെന്ററിലുണ്ട്. ഇരുനൂറോളം അതിഥികളെ താമസിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള രണ്ട് ഡോർമെറ്ററികൾ, ജിംനേഷ്യം, 800 പേർക്ക് ഇരിപ്പിടമൊരുക്കുന്ന വിശാലമായ ഓഡിറ്റോറിയം എന്നിവയെല്ലാം തന്നെ ഇവിടെയുണ്ട്. ഭദ്രാസനത്തിന് മാത്രമല്ല സഭയ്ക്കാകമാനംതന്നെ അഭിമാനിക്കാവുന്ന നേട്ടമാണ് ഇതെന്ന് അഭിവന്ദ്യ സക്കറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത പറഞ്ഞു.

4.50 മില്യൺ ഡോളറിനാണ് റിട്രീറ്റ് സെന്റർ സഭ സ്വന്തമാക്കിയത്. ഇത് കേവലമൊരു പദ്ധതിയായി കാണരുതെന്നും ദൈവവുമായുള്ള മനുഷ്യന്റെ അകലം കുറയ്ക്കാനുള്ള ഒരു ഇടമായി ഇതിനെ കാണണമെന്നും മാർ നിക്കോളോവോസ് പറഞ്ഞു.

കോവിഡിന് മുൻപാണ് തുടങ്ങിയതെങ്കിലും പ്രോഗ്രസീവ് ആയി ഇടപെട്ടുകൊണ്ട്, എല്ലാ വൈതരണികളെയും പിന്നിട്ട്കൊണ്ട് പുത്തൻ പ്രതീക്ഷകളോടെ, ശുഭാപ്തി ചിന്തകൾക്ക് വഴി തെളിഞ്ഞു.

2023-ൽ മാത്രം 35 ഇവന്റുകളാണ് HTRC-ൽ അരങ്ങേറിയത്. പാൻഡമിക് വർഷങ്ങളെ അപേക്ഷിച്ച് അഭൂതപൂർവമായ വളർച്ചയാണ് ഈ വർഷം ഉണ്ടായത്. 2023-2024 വർഷം 121,000 ഡോളറാണ് ഈയിനത്തിൽ കിട്ടിയത്.



HTRC ബോട്ട്ഹൗസ് പ്രോജക്റ്റും നന്നായി നടന്നുവരുന്നു. ഈ പ്രോജക്ടിന്റെ ഭാഗമായി ഇവിടെയുള്ള sweeney pond-ൽ കയാക്കിങ്, ഫിഷിങ് മുതലായ പരിപാടികൾ ഈ വർഷംതന്നെ പൂർത്തിയാകും.

**ഈ വർഷം നടന്ന പരിപാടികൾ:**

മെയ് 29, 30 തീയതികളിൽ ഭദ്രാസന ലീഡർഷിപ്പ് റിട്രീറ്റ്

ജൂൺ 13-16: മർത്ത മറിയം വനിതാ സമാജം റിട്രീറ്റ്

ജൂൺ 26-29: സമ്മർ സമ്മിറ്റ് കോളജ് ക്യാമ്പ്

ജൂലൈ 7-12 ICON പെയിന്റിങ് ക്യാമ്പ്

ജൂലൈ 12-14 സ്ക്രാൻടൺ രൂപതയുടെ 'ISIL' റിട്രീറ്റ്

**നടക്കുവാൻ പോകുന്ന പരിപാടി:**

ജൂലൈ 26-27 ഗ്രേറ്റർ ഗ്രിഗോറിയോസ് SGMOC മെൻസ് അഡ്വഞ്ചർ

ഡയറക്ടർ ആയി ഫാ. ഷിബു വേണാട് മത്തായി, പ്രോഗ്രാം കോ-ഓർഡിനേറ്റർ ആയി ഗാരി ഡേവിസ് എന്നിവരും സേവനമനുഷ്ഠിക്കുന്നു. തിരുമേനി, ഭദ്രാസന സെക്രട്ടറി, കൗൺസിൽ, എക്സിക്യൂട്ടീവ് ഓഫീസ് എന്നിവരോടൊപ്പം ജോസഫ് ഏബ്രഹാം, ഡോ. സാക്ക് സഖറിയാ എന്നിവരുടെയും സേവനങ്ങൾ HTRC-ക്ക് ലഭിക്കുന്നുണ്ട്.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലും അതിന് പുറത്തും എച്ച്ടിആർസി (HTRC) പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. റിട്രീറ്റ് സെന്റർ ഇതിനായി നിരവധി പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്. എച്ച്ടിആർസി മൂലധനം വർധിപ്പിക്കുന്ന പദ്ധതികൾക്കായി വിവിധ ഫൗണ്ടേഷനുകളിൽനിന്നും സ്റ്റേറ്റ് ലവലിലും ഗ്രാന്റുകൾക്കായി അപേക്ഷിച്ച ഗ്രാന്റ് റൈറ്ററെ നിയമിക്കുന്നത് ഉൾപ്പെടെ നിരവധി യത്നങ്ങൾ റിട്രീറ്റ് സെന്റർ ഇതിനായി സ്വീകരിച്ചു.

കൂടാതെ, അടുത്തിടെ നടന്നതും നിലവിൽ നടക്കുന്നതുമായ റിട്രീറ്റുകളും മറ്റ് പരിപാടികളും ഷെഡ്യൂൾ ചെയ്ത ഭാവി പരിപാടികളും ഔട്ട്റീച്ച് പ്രോഗ്രാമുകളും പ്രധാനമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള HTRC ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടുണ്ട്.

മുൻകാല റിട്രീറ്റ് സെന്റർ ഫെസിലിറ്റേറ്റർമാരുമായി നടത്തുന്ന സെയിൽസ് കോളുകളിലൂടെയും, മത-ആത്മീയ നേതാക്കളുമായുള്ള നെറ്റ്‌വർക്കിംഗ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തൽ, കമ്മ്യൂണിറ്റി അധിഷ്ഠിത ഗ്രൂപ്പുകളുമായി ഇടപഴകൽ എന്നിവയിലൂടെയും പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നു.

റിട്രീറ്റ് സെന്ററിലെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രോജക്റ്റുകൾ നടന്നുവരുന്നു.

2023-നെ സംബന്ധിച്ച് ഏറ്റവും ശ്രദ്ധേയമായത് മുന്നൂറിലേറെ പേരെ പങ്കെടുപ്പിച്ച് എച്ച്ടിആർസിയിൽ ജൂലൈയിൽ നടന്ന ഫാമിലി കോൺഫറൻസാണ്.

പ്ലംബിംഗ്, ഇലക്ട്രിക്കൽ ഹീറ്റിംഗ് സിസ്റ്റത്തിലും കൂടുതൽ നവീകരണ പ്രവർത്തനങ്ങളും റിപ്പയർ വർക്കുകളും നടന്നു. NEAD ഭദ്രാസന ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് എട്ട് വലിയ സീലിംഗ് ഫാനുകൾ കൂടി ഘടിപ്പിക്കുകയുണ്ടായി. ജിം-റിക്രിയേഷൻ സെന്ററിലും ലൈറ്റിംഗ് സജ്ജീകരണങ്ങൾ വിപുലപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ വർഷത്തെ 'ഗിവിങ് ട്യൂസ്ഡേ'യോടനുബന്ധിച്ച് സെന്ററിലെ സൗകര്യങ്ങളും എനർജി കപ്പാസിറ്റിയും മെച്ചപ്പെടുത്തുന്നതിലേക്കായി 28,000 ഡോളറിലേറെ സമാഹരിച്ചു.

ഗ്യാസ്, ഇലക്ട്രിക് സർവീസ് റേറ്റുകൾ 20 ശതമാനം കുറയ്ക്കുകയുണ്ടായി. പുതിയ വോളിബോൾ കോർട്ടും സജ്ജീകരിക്കുകയുണ്ടായി. എച്ച്ടിആർസി ക്യാമ്പസിന്റെ മനംമയക്കുന്ന പ്രകൃതിഭംഗി ഇവിടെയെത്തുന്നവരെ ഏറെ ആകർഷിക്കുന്നു. ബോട്ട് ഹൗസും തടാകവും കൂടുതൽ മോടിപിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

2020-ൽ കടബാധ്യത 2.7 മില്യൺ ആയിരുന്നു. ബാങ്കിലെ പലിശനിരക്ക് 9.5 ശതമാനമായതിന്റെ പശ്ചാത്തലത്തിൽ അത് മുഴുവൻ കൊടുത്തുതീർക്കുവാൻ കൗൺസിൽ തീരുമാനിച്ചു. 2020-2024 കാലയളവിൽ 30 വർഷത്തെ മോർട്ട്ഗേജായ 2,143,464 ഡോളറും നാല് വർഷം കൊണ്ട് അടച്ചുതീർത്തു. വ്യക്തിഗത കടങ്ങൾ ഇപ്പോഴും ബാക്കിയാണ്. ഇതിനായി, പുതിയതായി ചാർജ് എടുത്ത ഭദ്രാസന സെക്രട്ടറി വർഗീസ് എം. ഡാനിയേലിനൊപ്പം എല്ലാവരും ഒത്തുചേർന്നു. ഒട്ടനവധി പേരെ സമീപിച്ചു. എല്ലാവരും സഹായ വാഗ്ദാനങ്ങൾ നൽകി. അടുപ്പങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി എല്ലാവരും സഹകരിച്ചു.

ഭദ്രാസനത്തിൽ തലമുറകളെ ബന്ധിപ്പിക്കുന്നതിനും വർധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ചും വിവിധ ആവശ്യങ്ങൾക്കുതകുന്ന HTRC പോലെയുള്ള ഒരു സെന്ററിന്റെ വളർച്ച പരിപൂർണതയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്.

ആത്മീയമായ സംഘടനകളുടെ പ്രവർത്തനങ്ങൾ കാലികമായി വളർന്നുകൊണ്ടിരിക്കുകയാണെന്നും 95 ശതമാനം പള്ളികൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടായി എന്നതും നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിന്റെ വളർച്ചയുടെ പന്ഥാവുകൾ വീക്ഷിക്കുന്നവർക്ക് എളുപ്പം മനസിലാകുന്ന സംഗതി മാത്രമാണ്.

# ഡോ. സുശീൽ മാത്യു ചർച്ച് ഓഫ് ഗോഡ് മിഡിലീസ്റ്റ് റീജിയൻ സൂപ്രണ്ട്

രാജൻ ആര്യപ്പള്ളിൽ

അറ്റ്ലാന്റ: 2024 ജൂലൈ 12-ന് ഇൻഡ്യാനാപോളിസിൽ നടന്ന ചർച്ച് ഓഫ് ഗോഡിന്റെ 79-ാമത് അന്താരാഷ്ട്ര പൊതുസമ്മേളനത്തിൽ, കുവൈറ്റ്, തുർക്കി, അർമേനിയ എന്നീ രാജ്യങ്ങളിലെ നാഷണൽ ഓവർസിയർ ആയി 2014 മുതൽ 2024 വരെ പ്രവർത്തിച്ചുവന്നിരുന്ന ഡോ. സുശീൽ മാത്യുവിനെ മിഡിലീസ്റ്റ് റീജിയണൽ സൂപ്രണ്ടായി നിയമിച്ചു. ഗൾഫ് രാജ്യങ്ങളുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാൻ ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ പുതുതായി ആരംഭിച്ചതാണ് മിഡിലീസ്റ്റ് റീജിണൽ സൂപ്രണ്ട് എന്ന പദവി.

കുവൈറ്റ് നാഷണൽ ഓവർസിയർ എന്ന നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഡോ. സുശീൽ ഏഴ് ദേശീയ ഓവർസിയർമാരുമായി അടുത്തു പ്രവർത്തിക്കുന്നതിനാൽ സഭാനേതാക്കളേയും നിലവിലുള്ള സഭകളെയും മിഷൻ കേന്ദ്രീകരിച്ച് വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അദ്ദേഹം നേതൃത്വം നല്കും.

ഇന്ത്യൻ ആർമിയിൽ നിന്നുള്ള ഒരു മുൻ മിലിട്ടറി ഓഫീസർ (മേജർ) ആയിരുന്ന ഡോ. സുശീൽ 1988-ൽ യുഎസ്എയിലേക്ക് കുടിയേറി ബിസിനസ് അഡ്മിനിസ്ട്രേഷൻ ബിരുദം നേടുകയും പൊതു-സ്വകാര്യ മേഖലകളിൽ പുരോഗമനപരമായ വിവിധ പദവികൾ വഹിക്കുകയും ചെയ്തിട്ടുണ്ട്. ലീ യൂണിവേഴ്സിറ്റി, ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റി, കാലിഫോർണിയയിലെ പാറ്റ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ അഡ്ജക്റ്റ് പ്രഫസറാണ്. കുവൈറ്റിലെ ചർച്ച് ഓഫ് ഗോഡ് സെമിനാരിയുടെ പ്രസിഡണ്ട് എന്ന നിലയിൽ അദ്ദേഹം ജീവനക്കാർക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നേതൃത്വവും മാർഗ്ഗനിർദേശവും നല്കുന്നു. കൂടാതെ ഗ്വാട്ടിമാലയിലെ



എസ്‌സിഇബിഐപിസിഎ-യിലെ വിസിറ്റിംഗ് പ്രഫസറായി വിവിധ മിഷനുകളുടെ കോഴ്സുകൾ പഠിപ്പിക്കുന്നു. മതേതര മേഖലയിൽനിന്നും ശുശ്രൂഷയിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ വിദ്യാഭ്യാസവും പ്രവൃത്തിപരിചയവും നേതൃത്വം നല്കുന്നതിന് തന്റെ അറിവും കഴിവുകളും ശുശ്രൂഷയിലെ അനുഭവവും പ്രയോഗിക്കാൻ അദ്ദേഹത്തെ പ്രാപ്തമാക്കി. ഭാര്യ: ഗ്രേസി (ചർച്ച് ഓഫ് ഗോഡ് മുൻ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ എ.റ്റി. തോമസിന്റെ മകൾ). മക്കൾ: അലൻ, ഷെറിൽ, ആൻ മാത്യു. കൊച്ചുമകൾ: ഏലിയാ എന്നിവർ ടെക്സസിലെ റൗലറ്റിൽ താമസിക്കുന്നു.

ഫൊക്കാന കൺവൻഷന് ആശംസകൾ






# അന്ത്യത്തോളം വിശ്വസ്തരായിരിക്ക

എൽസി ബേബി

ആരെങ്കിലും മരിച്ചാൽ അവരുടെ സംസ്കാരസമയത്ത് ആവർത്തിച്ചു പറയുന്ന വാക്കാണ് “ഈ ആൾ തന്റെ ഓട്ടം തികച്ചു, നല്ല പോർ പൊരുതി, വിശ്വാസം കാത്തു” എന്നത്. വി. പൗലോസ് അപ്പോസ്തലൻ ജീവിതാന്ത്യത്തിൽ തന്റെ ജീവിതത്തെ വിലയിരുത്തിക്കൊണ്ട് പറഞ്ഞ വാക്കുകളാണിത്. തന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ തനിക്ക് ധൈര്യമായി പറയാവുന്ന ജീവിതാനുഭവങ്ങളുടെ ആകെത്തുകയായിരുന്നു അത്. ഒരു യഹൂദറബ്ബിയായി, യഹൂദപ്രമാണിയായി ജീവിക്കേണ്ട ശൗൽ എന്ന ബെന്യാമിൻ ഗോത്രക്കാരൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ച്, ഉപദ്രവിച്ച് കൊന്നുകളഞ്ഞ ഒരു വീരശൂര പരാക്രമിയായിരുന്നു. എന്നാൽ, യേശുക്രിസ്തുവിന്റെ നേരിട്ടുള്ള ദർശനം ലഭിച്ചതിന്റെ ഫലമായി അദ്ദേഹം മാനസാന്തരപ്പെടുകയും ക്രിസ്തുവിന്റെ കല്പനയനുസരിച്ച് ഒരു വിശ്വസ്ത ക്രിസ്തുശിഷ്യനായി. ലോകത്തെ തന്റെ സുവിശേഷീകരണത്തിലൂടെയും തിരുവചന പഠിപ്പിക്കലുകൾകൊണ്ടും രാപ്പകലില്ലാതെ ഓടിനടന്നതിന്റെ ഫലമായി യഹൂദന്മാരാൽ ധാരാളം പീഡകൾ അനുഭവിക്കേണ്ടിവന്നു. യഹൂദന്മാർ അദ്ദേഹത്തെ കൊല്ലുവാൻ തക്കംനോക്കി ഉപദ്രവിച്ചു പീഡിപ്പിച്ചു. താൻ അനുഭവിച്ച കഷ്ടപ്പാടുകളെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത്: ഞാൻ ഏറ്റവുമധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, പലപ്പോഴും പ്രാണഭയത്തിൽ യഹൂദന്മാരാൽ അടികൊണ്ടു. ഒരിക്കൽ കല്ലേറുകൊണ്ടു മൂന്നുവട്ടം കപ്പൽച്ചേദത്തിലകപ്പെട്ടു. ഒരു രാപ്പകൽ വെള്ളത്തിൽ കഴിഞ്ഞു. ഞാൻ പലപ്പോഴും യാത്ര ചെയ്തു. നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനങ്ങളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, സഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം ഉറക്കളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, നഗ്നത എന്നീ അസാധാരണ സംഗതികൾ അനുഭവിച്ച ഒരു ക്രിസ്തുഭക്തൻ. അതുകൂടാതെ തന്റെ ശരീരത്തിൽ അതിവേദനയുള്ള ഏതോ രോഗവും ഉണ്ടായിരുന്നു. അതൊക്കെ മാറിക്കിട്ടാൻ പ്രാർത്ഥിച്ചപ്പോൾ ലഭിച്ച മറുപടി ‘എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു’ എന്നായിരുന്നു. അതിലും ഞാൻ നിരാശനായില്ല. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു എന്റെ പ്രാണനെ ഞാൻ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷ തികയ്ക്കണം എന്നേ എനിക്കുള്ളൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം.



ലേഖിക

ഇതിനാധാരമായി അദ്ദേഹം പറഞ്ഞത് എനിക്കു ശക്തി നല്കിയ ക്രിസ്തു യേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്നെണ്ണി ശുശ്രൂഷകനാക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു. എങ്കിലും അവിശ്വാസത്താൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്ക് കരുണ ലഭിച്ചു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ. ആ പാപികളിൽ ഞാൻ ഒന്നാമൻ. എനിക്ക് കൃപ ലഭിച്ചു. എന്തൊരു അനുഭവ സാക്ഷ്യം.

സുവിശേഷത്തിനുവേണ്ടി റോമാ ഭരണാധികാരിയായ നീറോചക്രവർത്തിയുടെ മൂർച്ചയേറിയ വാളിന് തന്റെ കഴുത്തു വെച്ചുകൊടുത്തപ്പോഴും പതറാതെ, ധൈര്യത്തോടെ ക്രിസ്തു എന്റെ രക്ഷിതാവ്. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നേറ്റുപറഞ്ഞു രക്തസാക്ഷിമരണം ആസ്വദിച്ച ഒരു ക്രിസ്തുഭക്തന്റെ അന്ത്യവാക്കുകളാണ് “ഞാൻ നല്ല പോർ പൊരുതി. ഓട്ടം തികച്ചു. വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായധിപനായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും” എന്നത് ഇന്ന് അങ്ങനെ പറയുവാൻ ധൈര്യമുള്ള എത്ര ക്രിസ്തുവിശ്വാസികൾ കാണും?

1992-ൽ നടന്ന ഒളിമ്പിക് മത്സരത്തിലെ ഒരു സംഭവം എന്റെ ഓർമ്മയിലേക്കു വരുന്നു. ബ്രിട്ടണിലെ പ്രശസ്ത ഓട്ടക്കാരനായ ഡെറിക് റെയ്മണ്ട് തന്റെ 400 മീറ്റർ ഓട്ടത്തിൽ ക്വാർട്ടർ ഫൈനലിൽ ഒന്നാം സ്ഥാനം നേടി. പക്ഷേ, ഫൈനൽ മത്സരത്തിൽ ഏകദേശം 250 മീറ്റർ മാത്രം ഓടിത്തീർക്കാനുള്ളപ്പോൾ കാൽ വഴുതി അതിവേദനയോടെ നിലംപതിച്ചു. തന്നെ കയറ്റിക്കൊണ്ടു പോകാൻ സ്ട്രക്ച്ചറുമായി വന്നപ്പോൾ അദ്ദേഹം അത് നിരസിക്കുക മാത്രമല്ല ഉളുക്കിയ കാലുമായി ഓട്ടം തികയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. ആൾക്കൂട്ടത്തിലൂടെ അദ്ദേഹത്തിന്റെ പിതാവ് ഓടിയെത്തി. പിതാവിന്റെ സഹായത്താൽ ധീരനായ ആ ഓട്ടക്കാരൻ, നിരാശനായി, ദുഃഖിതനായി തകർന്ന സ്വപ്നവുമായി തന്റെ ഓട്ടം തികച്ചു.

നമ്മുടെ വിശ്വാസയാത്രയിൽ ചില പാളിച്ചകളും വീഴ്ചകളും പരാജയങ്ങളും അഭിമുഖീകരിക്കേണ്ടി വന്നേക്കാം. പിശാചിന്റെ പരീക്ഷണത്തിൽ, അവന്റെ കെണിയിൽ വീണെന്നുവരാം. അവയിലൊന്നും നിരാശപ്പെട്ട് നിരുത്സാഹപ്പെട്ട് നമ്മുടെ ഓട്ടം നിർത്തേണ്ടതില്ല. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ നമ്മുടെ കർത്താവായ യേശുവിനെ നോക്കിക്കൊണ്ട് നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടുവാൻ നമ്മുടെ കർത്താവ് നമ്മെ സഹായിക്കും. നാം വീണുപോയാലും നിലംപരിശാകാതെ ഭയപ്പെടേണ്ട. ധൈര്യപ്പെടുവിൻ. ഞാൻ നിന്നെ പിടിച്ചിരിക്കുന്നു എന്നു പറഞ്ഞ് നമ്മെ ധൈര്യപ്പെടുത്തി ഡെറിക് റേമണ്ടിന്റെ പിതാവിനെപ്പോലെ നമ്മുടെ ഓട്ടം തികച്ചു വിരുതു പ്രാപിക്കുവാൻ നമ്മെ സഹായിക്കും. നമ്മുടെ ജീവിതം ഓട്ടക്കളത്തിൽ ഓടുന്ന ഓട്ടക്കാരനു തുല്യമാകുന്നു. ഒരു നിശ്ചയവുമില്ലാത്ത, പ്രത്യാശയുമില്ലാത്ത ഓട്ടമല്ല നാം ഓടുന്നത്. നാം തനിച്ചുമല്ല ഓടുന്നത്.

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.61 |
| യൂറോ | 91.24 |
| സ്റ്റെർലിംഗ്പൗണ്ട് | 108.51 |
| സ്വിസ് ഫ്രാങ്ക് | 93.54 |
| സിംഗപ്പൂർ ഡോളർ | 62.31 |
| കനേഡിയൻ ഡോളർ | 61.28 |
| ഒമാൻ റിയാൽ | 217.22 |
| ബഹ്റൈൻ ദിനാർ | 221.83 |
| സൗദി റിയാൽ | 22.29 |
| യു.എ.ഇ. ദിർഹം | 22.76 |
| കുവൈത്ത് ദിനാർ | 273.56 |

# ഊട്ടി കുതിരപ്പന്തയ മൈതാനം തമിഴ്നാട് സർക്കാർ ഏറ്റെടുത്ത നടപടി സുപ്രീം കോടതി ശരിവെച്ചു

ഊട്ടി: പന്തയപ്രേമികളുടെ അവസാന പ്രതീക്ഷയും അസ്തമിച്ചു; ഊട്ടിയിലെ കുതിരപ്പന്തയ മൈതാനം തമിഴ്നാട് സർക്കാർ ഏറ്റെടുത്ത നടപടി സുപ്രീം കോടതിയും ശരിവെച്ചു. നടപടിക്കെതിരെ മദ്രാസ് റേസ് ക്ലബ് സുപ്രീംകോടതിയിൽ നൽകിയ ഹർജിയാണു തള്ളിയത്. മൈതാനത്തിന്റെ പാട്ടക്കുടിശിക 822 കോടി രൂപയായതിനെത്തുടർന്ന് അതടയ്ക്കാൻ നിർവാഹമില്ലെന്നു പറഞ്ഞ് മദ്രാസ് റേസ് ക്ലബ് മദ്രാസ് ഹൈക്കോടതിയിൽ നൽകിയ കേസിൽ സർക്കാരിന് അനുകൂലമായി വിധി വരികയായിരുന്നു. അതോടെ, 52.34 ഏക്കർ ഭൂമി കഴിഞ്ഞ അഞ്ചിനാണു നീലഗിരി ജില്ലാ ഭരണകൂടം ഏറ്റെടുത്തു ഹോർട്ടികൾച്ചർ വിഭാഗത്തിനു കൈമാറിയത്. ഇവിടെ ഇക്കോ പാർക്ക് നിർമിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

ഇതിനു മുൻപും പാട്ടക്കുടിശിക കേസിൽ മൈതാനം ഏറ്റെടുക്കാൻ കോടതി ഉത്തരവുകളുണ്ടായിരുന്നെങ്കിലും മദ്രാസ് റേസ് ക്ലബ് നൽകിയ അപ്പീലുകളെത്തുടർന്നു തിരികെ ലഭിക്കുകയായിരുന്നു. ഇത്തവണയും അങ്ങനെ സംഭവിക്കും എന്ന പ്രതീക്ഷയിലായിരുന്നു പന്തയപ്രേമികൾ. എന്നാൽ, ഹർജി സുപ്രീംകോടതി തള്ളിയതോടെ ഊട്ടിയിലെ 137 വർഷത്തെ കുതിരപ്പന്തയങ്ങൾ ഓർമയാകുമെന്ന് ഉറപ്പായി. ഏപ്രിൽ, മെയ് മാസങ്ങളിൽ നടക്കുന്ന പന്തയങ്ങളിൽ പങ്കെടുക്കാൻ പ്രശസ്ത പന്തയക്കാർ അടക്കം ആയിരക്കണക്കിനാളുകൾ ഇവിടെയെത്താറുണ്ടായിരുന്നു.



ഊട്ടി കുതിരപ്പന്തയ മൈതാനത്തിലെ മത്സരത്തിൽനിന്ന് (ഫയൽ ചിത്രം).

ഇതു മുടങ്ങുന്നതോടെ വിനോദ സഞ്ചാര മേഖലയ്ക്കും കനത്ത നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്.




# ചിക്കാഗോ സീറോമലബാർ കത്തീഡ്രലിൽ മാർ തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു



**ബീനാ വള്ളിക്കളം**

ചിക്കാഗോ: ബെൽവുഡിലുള്ള മാർ തോമാ ശ്ലീഹാ കത്തീഡ്രലിൽ ഭാരത അപ്പസ്തോലനും ഇടവക മദ്ധ്യസ്ഥനുമായ വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ജൂൺ 30-ന് കൊടിയേറ്റോടു കൂടി ആരംഭിച്ച് സമുചിതവും വർണ്ണാഭവുമായി കൊണ്ടാടി. ജൂലൈ മൂന്നിനു നടന്ന ഇംഗ്ലീഷ് തിരുനാൾ റാസയ്ക്ക് രൂപതയിലെ യുവവൈദികരായ ഫാ. ജോയൽ പയസ്, ഫാ. ജോർജ് പാറയിൽ എന്നിവർ നേതൃത്വം നല്കി. ജൂലൈ നാലിന് മലയാളത്തിലുള്ള തിരുനാൾ റാസ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

ജൂലൈ 5-ന് വെള്ളിയാഴ്ച രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം മനോഹരമായ സീറോമലബാർ നൈറ്റ് അരങ്ങേറി. കൾച്ചറൽ അക്കാഡമിയുടെ നേതൃത്വത്തിൽ നടന്ന ഈ പരിപാടിയിൽ വൈവിദ്ധ്യമാർന്ന ഇനങ്ങൾ അവതരിപ്പിക്കപ്പെട്ടു. സോഷ്യൽ മീഡിയയുടെ വിവിധ വശങ്ങളെക്കുറിച്ച് പ്രതിപാദിച്ച പരിപാടി ഏറെ ശ്രദ്ധ പിടിച്ചുപറ്റി. തുടർന്നു നടന്ന എല്ലാ കലാപരിപാടികളും മനോഹരമായി അവതരിപ്പിക്കപ്പെട്ടു.

ജൂലൈ 6-ന് ശനിയാഴ്ച വികാരി ജനറൽ ഫാ. തോമസ് മുളവനാലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലിക്കു ശേഷം പ്രസുദേന്തി നൈറ്റ് നടത്തപ്പെട്ടു. പരിപാടിയിലെ ആദ്യ ഇനമായിരുന്ന സംഗീത സന്ധ്യ അതിമനോഹരമായി. പ്രമുഖ സംഗീത സംവിധായകനും രൂപതാ ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ സഹപാഠിയുമായ ഔസേപ്പച്ചന്റെ നേതൃത്വത്തിൽ മുന്നൂറിൽപ്പരം ഗായകർ അണിനിരന്ന ഈ സംഗീതസന്ധ്യ ഇടവകയ്ക്ക് പുതിയൊരു ശ്രവണമധുരമായ അനുഭവമായി. അമേരിക്കയിൽ ആദ്യമായി മാതാവിന്റെ 33 പ്രത്യക്ഷീകരണങ്ങളുടെ അവതരണം നടത്തിയത് വലിയൊരു വിശ്വാസാനുഭവമായി മാറി. ഇന്നും തുടരുന്ന വേറോനിക്കായുടെ വിശ്വാസാനുഭവത്തിന്റെ അവതരണം വലിയൊരു വിജയമായി. വിശുദ്ധ തോമാ ശ്ലീഹായുടെ ഭാരതപ്രവേശനവും വിശ്വാസ കൈമാറ്റവും കുടുംബങ്ങളിലെ വിശ്വാസവളർച്ചയും യുവജനങ്ങളിലുള്ള പ്രതീക്ഷയും പുതുമയുള്ള അവതരണവിഷയങ്ങളായി. നിറങ്ങളുടെ ലോകത്തിലേക്കുള്ള യാത്രയായി മാറിയ ഫെസ്റ്റിവൽ ഓഫ് കളേഴ്സ് അവതരണ വ്യത്യസ്തത കൊണ്ട് ശ്രദ്ധേയമായി.

ജൂലൈ 7-ന് ഞായറാഴ്ച ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് ശേഷം പട്ടണപ്രദക്ഷിണം നടന്നു. പരമ്പരാഗത ശൈലിയിൽ, തനി കേരളത്തനിമയിൽ വിശുദ്ധരുടെ തിരുസ്വരൂപങ്ങളും വഹിച്ച് ചെണ്ടമേളങ്ങളുടെയും കൊടിതോരണങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ ഭക്തിപൂർവം നടന്ന പട്ടണപ്രദക്ഷിണം അതിമനോഹരമായി.









ഇടവക ഒരു കുടുംബം എന്ന ആശയം മുൻനിർത്തി നടത്തിയ ഈ തിരുനാളിന് നേതൃത്വം കൊടുത്തത് ഇടവകയിലെ വനിതകളായിരുന്നു. ബീനാ വള്ളിക്കളം, നിഷാ മാണി, റോസ് വടകര, ലത കൂള, സുജിമോൾ ചിറയിൽ, ആൻ വടക്കുംചേരി, അലീഷ്യാ ജോർജ് എന്നിവരായിരുന്നു തിരുനാൾ കോ-ഓർഡിനേറ്റർമാർ.

നൂറുകണക്കിനു വോളണ്ടിയർമാർ ആഴ്ചകൾ രാവും പകലും ഒന്നിച്ച് പ്രാർത്ഥിച്ച് പരിശ്രമിച്ചതിന്റെ ഫലമായിരുന്നു തിരുനാളിന്റെ വിജയം. ആയിരത്തോളം കലാകാരന്മാരുടെ മണിക്കൂറുകൾ നീണ്ട പരിശീലനങ്ങളും അവർക്ക് നേതൃത്വം കൊടുത്ത ഏവരുടെയും അക്ഷീണമായ പരിശ്രമങ്ങളും അവതരണത്തിനു മോടി കൂട്ടി.

പ്രദക്ഷിണത്തിനുശേഷം കത്തീഡ്രലിൽ തന്നെ കിച്ചൻ ഡോൺസിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ സ്നേഹവിരുന്ന് അയ്യായിരത്തോളം വിശ്വാസികൾക്ക് നല്കാനായത് ഏറെ സന്തോഷം നല്കിയ ഒന്നായിരുന്നു. തുടർന്ന് അതിമനോഹരമായ കരിമരുന്ന് കലാപ്രകടനവും ഉണ്ടായിരുന്നു. ഭക്ത്യാദരപൂർവം നടന്ന ഈ തിരുനാൾ ഇന്ത്യക്ക് പുറത്തെ സീറോമലബാർ സമൂഹത്തിന്റെ വിശ്വാസ പിന്തുടർച്ചയുടെ പ്രതീക്ഷയായി മാറി. കൈക്കാരന്മാരായ ബിജി സി. മാണി, സന്തോഷ് കാട്ടൂക്കാരൻ, വിവീഷ് ജേക്കബ്, ബോബി ചിറയിൽ, ഡേവിഡ് ജോസഫ്, ഷാരൺ തോമസ് എന്നിവർ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കാൻ കോ-ഓർഡിനേറ്റർമാർക്കൊപ്പം പ്രവർത്തിച്ചു. തിരുനാളിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നതോടൊപ്പം ഏവർക്കും മാർ തോമാശ്ലീഹായുടെ അനുഗ്രഹവും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി ഇടവക വികാരി ഫാ. തോമസ് കടുകപ്പിള്ളിലും സഹവികാരി ഫാ. ജോയൽ പയസും അറിയിച്ചു.













# ആഘോഷിക്കൂ...ഓരോ നിമിഷവും

രാജു മൈലപ്ര

'സർവ്വരാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ

സംഘടിച്ച് സംഘടിച്ച് ശക്തരാകുവിൻ' ഇത് കവിവചനം.

തൊഴിലാളികളെക്കാൾ ഏറെ മുതലാളിമാരാണെങ്കിലും അമേരിക്കയിൽ ഇന്നു മലയാളി സംഘടനകളുടെ പെരുമഴക്കാലം.

അമേരിക്കൻ മലയാളി സംഘടനകളുടെ ആരംഭം ക്രിസ്ത്യൻ ആരാധനാ ഗ്രൂപ്പുകളിൽ നിന്നുമാണ് ഉണ്ടായതെന്ന് അനുമാനിക്കാം. 'രണ്ടോ മൂന്നോ പേരുമാത്രം എന്റെ നാമത്തിൽ കൂടിയാലും അവരുടെ മദ്ധ്യേ ഞാനുണ്ട്' എന്നദൈവവചനം അനുസരിച്ചായിരുന്നു അന്നത്തെ കൂടിവരവ്. കാലം കഴിഞ്ഞതോടു കൂടി വിശ്വാസികളുടെ എണ്ണം കൂടി.

ഉള്ളിൽ കുടിയിരുന്ന വിഭാഗീയതപതിയെ തലപൊക്കി. കത്തോലിക്കരും യാക്കോബക്കാരും ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും പെന്തെക്കോസ്തുകാരുമെല്ലാം ക്രിസ്തുവിനെ കീറിമുറിച്ച് അവരവരുടെ പള്ളികളിൽ കൊണ്ടുചെന്നു പ്രതിഷ്ഠിച്ചു. ഇന്ന് എത്രയെത്ര സഭാവിഭാഗങ്ങൾ? എത്രയെത്ര ആരാധനാലയങ്ങൾ?

അതിനു പിന്നാലെ ജാതിമത ഭേദമെന്യേ എല്ലാവർക്കും ഒരുമിച്ച് ഒരു കുടക്കീഴിൽ അണിനിരക്കുവാനുള്ള വേദിയായി ഓരോ മുക്കിലും മൂലയിലും പുതിയ സാംസ്കാരിക സംഘടനകൾ രൂപംകൊണ്ടു. ആദ്യകാലങ്ങളിൽ വെറും കേരളസമാജം, മലയാളി അസോസിയേഷൻ എന്നീ രണ്ടു പേരുകൾ മാത്രമാണ് നിലവിലുണ്ടായിരുന്നത്. പിൽക്കാലത്ത് ഭാവനാസമ്പന്നരുടെ ഭാവനയിൽ വിരിഞ്ഞ പുതുമയുള്ള പല പേരുകൾ രംഗത്തുവന്നു. കല, മാപ്പ്, കോപ്പ്, പമ്പ, തൂമ്പാ, ലിംകാ, ഓർമ്മ, മറവി, ഒരുമ, ഉമ്മ, തങ്ക, മങ്ക, മാം, ഡാഡ്, മീനാ, നൈനാ, പിയാനോ, കാഞ്ച്, മഞ്ച്, കൊഞ്ച്... അങ്ങനെ എന്തെല്ലാം വെറൈറ്റികൾ!

സംഘടനകളുടെ എണ്ണം പെരുകിയപ്പോൾ, സംഘടനകളുടെ സംഘടനയായ ഫൊക്കാന എന്ന അംബ്രലാ ഓർഗനൈസേഷൻ രൂപംകൊണ്ടു. നേതാക്കന്മാരുടെ എണ്ണം പെരുകിയപ്പോൾ, അവർക്കെല്ലാംകൂടി ഒരു കുടക്കീഴിൽ നനയാതെ നിൽക്കുവാൻ നിവൃത്തിയില്ലാതായി. അങ്ങനെ ഫോമാ എന്ന പേരിൽ മറ്റൊരു കുടക്കമ്പനി കൂടി തുടങ്ങി. തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. പെപ്സി കോളയും കൊക്കോ കോളയും പോൽ! പോപ്പി കുടയും ജോൺസൺ കുടയും പോൽ! ഒ



ലേഖകൻ

രേ ആശയം, ഒരേ ലക്ഷ്യം. അമേരിക്കൻ മലയാളികൾക്ക് ഈ രണ്ട് സംഘടനകൾ കൊണ്ടും നാളിതുവരെ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. അമേരിക്കൻ മലയാളികളുടെ ഭാരം മുഴുവൻ തങ്ങളുടെ തലയിലാണെന്ന ഭാവത്തിൽ ഭാരവാഹികൾ മലബന്ധം പിടിച്ചുവെച്ചതുപോലെ ബലം പിടിച്ചവർ നടക്കുന്നു-എന്തിനോ വേണ്ടി തിളയ്ക്കുന്ന സാമ്പാർ!

ഇതിനിടെ സ്വയം പ്രഖ്യാപിത സാഹിത്യകാരന്മാരെല്ലാവരും കൂടി അവരുടേതായ കൂടിച്ചേരലിനു വേണ്ടി ഒരു അസോസിയേഷൻ ഉണ്ടാക്കി-സാഹിത്യത്തിലെ നൂതന പ്രവണതകളെക്കുറിച്ച് ഗഹനമായ ചർച്ചകൾക്ക് വേദിയൊരുക്കി. അമേരിക്കയിൽ രണ്ടക്ഷരം എഴുതുന്നവരെയെല്ലാം പടിക്കു പുറത്തുനിർത്തി, നാട്ടിൽ നിന്നുള്ള സാഹിത്യകാരന്മാരെ ക്ഷണിച്ചുവരുത്തി, അവർ പറയുന്നതെല്ലാം വേദവാക്യമായി ശിരസ്സാ വഹിച്ചുകൊണ്ടു നടക്കുന്നു. അമേരിക്കൻ മലയാളി എങ്ങനെ എഴുതണമെന്നുള്ള ഒരു 'ഗൈഡ് ലൈൻ' നല്കിയിട്ടാണ് ഈ പുംഗവന്മാർ തിരികെ പോകുന്നത്. പലതവണ വായിച്ചാലും ആർക്കും ഒന്നും മനസ്സിലാകാത്ത വാക്കുകൾ കൂട്ടി ച്ചേർത്ത് 'കവിത' എന്നപേരിൽ പലരും പടച്ചുവിടുന്നു.

ഈ സംഘടനകളുടെയെല്ലാം നേതാക്കന്മാരെയും സാഹിത്യകാരന്മാരെയും എല്ലാം അറിയണമെങ്കിൽ വാർത്താ മാധ്യമങ്ങൾ വേണ്ടേ? പത്രത്തിൽ പടവും വാർത്തയും അടിച്ചുവരണം. അതിനുമുണ്ടായി പരിഹാരം. 'പ്രസ്ക്ലബ്' എന്നൊരു പുതിയ ആശയം. തുടക്കത്തിൽ ഒരു പ്രസ്ക്ലബ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമേരിക്കയിലെ മിക്കവാറും എല്ലാ സ്റ്റേറ്റുകളിലും പ്രസ്ക്ലബുകൾ ഉണ്ട്. ഇവർക്കെല്ലാം കൂടി വീതിച്ചു നല്കുവാൻ പറ്റിയ വാർത്താ ബാഹുല്യം ഒന്നും ഇവിടില്ല. ഒരു സംഭവത്തെക്കുറിച്ച് രണ്ട് വരി റിപ്പോർട്ട് തയ്യാറാക്കാൻ കഴിവില്ലാത്തവരാണ് ഇത്തരം പ്രസ് ക്ലബുകളുടെ തലപ്പത്ത് എന്നുള്ളത് രസാവഹമാണ്.

"വായനക്കാരേക്കാൾ ഏറെ സാഹിത്യകാരന്മാരും വാർത്തകളേക്കാളേറെ പത്രപ്രവർത്തകരുമുള്ള മലയാളി സമൂഹം അത് അമേരിക്കൻ മലയാളികൾക്കു മാത്രം അവകാശപ്പെടാവുന്ന ഒരു വിശേഷണമാണ്.

ഈ സാംസ്കാരിക, സാമുദായിക സംഘടനകൾക്കെല്ലാം ദേശീയ കൺവൻഷനുകളുണ്ട്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ അമേരിക്കൻ മലയാളികളുടെ കൺവൻഷൻ പ്രളയകാലമാണ്. മലയാളികൾ കൂട്ടം കൂട്ടമായി ഒരു ദിക്കിൽ നിന്നും മറ്റൊരു ദിക്കിലേക്ക് പറന്നുപോയി ആത്മനിർവൃതിയണഞ്ഞു മയങ്ങുന്ന കാഴ്ച. നമ്മുടെ മഹത്തായ സംസ്കാരം വരും തലമുറകൾക്ക് പകരൻന്നു കൊടുക്കാനുള്ള മഹത്തായ ഒരു ഉദ്യമം" (നമ്മുടെ കുട്ടികൾ മലയാളം വാർത്താ ചാനലുകൾ കാണാത്തത് ഭാഗ്യം).

കൺവൻഷനിൽ ഏറ്റവുമധികം ആനന്ദനിർവൃതി അനുഭവിക്കുന്നത് തൈക്കിളവികളാണ്. അനേകനാളത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി സമ്പാദിച്ചുകൂട്ടിയ വില കൂടിയ സാരികളും ആഭരണങ്ങളും പ്രദർശിപ്പിക്കാൻ പറ്റിയ അവസരം.

പ്രായാധിക്യം മറയ്ക്കുവാൻ തലമുടി കറുപ്പിച്ചും ചുണ്ടു ചുവപ്പിച്ചും നടന്നുനീങ്ങുന്ന ആ തക്കിടമുണ്ടം താറാവുകളെ കാണുമ്പോൾ എന്നെപ്പോലെയുള്ള തൈക്കിളവന്മാർക്ക് കണ്ണിനൊരു കുളിർമ്മയാണ്.

"എന്റെ തങ്കമ്മേ! ഒരു മുപ്പതു കൊല്ലം മുമ്പു നിന്നെ കണ്ടിരുന്നെങ്കിൽ കൊത്തിക്കൊണ്ടു ഞാനങ്ങു പറന്നേനെ" എന്നു മനസ്സിൽ മന്ത്രിക്കും.

തൈക്കിളവന്മാർക്കും കൺവൻഷൻ ആസ്വദിക്കണമെന്നുള്ള ആഗ്രഹമുണ്ട്. പക്ഷേ,പണ്ടത്തെ കപ്പാസിറ്റി ഇല്ലാത്തതു കൊണ്ട് രണ്ട് 'സ്മോൾ' അടിച്ചു കഴിയുമ്പോഴേക്കും ആളു ഫ്യൂസായി ഏതെങ്കിലും മുറിയിൽ കിടന്ന് ഉറങ്ങിക്കൊള്ളും.

തന്നെ ദൈവം സൃഷ്ടിച്ച് ഈ ഭൂമിയിലേക്ക് വിട്ടിരിക്കുന്നത് കള്ളു കുടിക്കുവാൻ വേണ്ടി മാത്രമാണെന്നാണ് പലരുടെയും ധാരണ. ആ ദൗത്യം അവർ ആത്മാർത്ഥതയോടുകൂടി നടപ്പാക്കുന്നു. ലിവറില്ലാതെയും ജീവിക്കാമെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് അമേരിക്കൻ മലയാളി മദ്യപാനികൾ!

ദോഷം പറയരുതല്ലോ! വല്ലപ്പോഴുമൊരിക്കൽ ഇങ്ങനെ ഒരുമിച്ചൊന്നു കൂടുന്നത് സന്തോഷമുള്ള കാര്യമാണ്. പഴയ ബന്ധങ്ങൾ പുതുക്കുവാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കുവാനും! അതുകൊണ്ട് പ്രിയ അമേരിക്കൻ മലയാളികളേ, വരുവിൻ, ആനന്ദിപ്പിൻ...!

ആഘോഷിക്കൂ.... ഓരോ നിമിഷവും!

## റഷ്യയിൽ രണ്ട് ഇന്ത്യൻ കോൺസുലേറ്റ് കൂടി തുറക്കാൻ തീരുമാനം

മോസ്കോ: റഷ്യയിലെ കസാൻ, യെക്കാത്തെരിൻബെർഗ് എന്നീ നഗരങ്ങളിൽ ഇന്ത്യൻ കോൺസുലേറ്റുകൾ തുറക്കുമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു.

റഷ്യൻ വിപ്ലവത്തെത്തുടർന്ന് അധികാരഭ്രഷ്ടരായ സാർ ചക്രവർത്തിയെയും കുടുംബത്തെയും ബോൾഷെവിക്കുകൾ വധിച്ചത് യെക്കാത്തെരിൻബെർഗിൽ വെച്ചാണ്. സ്വയംഭരണാധികാരമുള്ള തത്താർസ്ഥാൻ റിപ്പബ്ലിക്കിന്റെ തലസ്ഥാനമായ കസാൻ ശാസ്ത്രപഠനങ്ങൾക്കും ഗവേഷണത്തിനും പേരുകേട്ടതാണ്.

നിലവിൽ റഷ്യയിൽ സെന്റ് പീറ്റേഴ്സ്ബർഗിലും വ്ളാഡിവോസ്റ്റോക്കിലുമാണു ഇന്ത്യൻ കോൺസുലേറ്റുകളുള്ളത്. ഇന്ത്യയിൽ ചെറുകിട ആണവനിലയങ്ങൾ നിർമിക്കാൻ റഷ്യ സഹായം നൽകും. ആറ് നിലയങ്ങൾ നിർമിക്കാനാണു ധാരണ. ആണവസാങ്കേതിക വിദ്യയ്ക്കൊപ്പം ആണവനിലയ ഭാഗങ്ങളും കൈമാറും.

റഷ്യയിലെ ആറ്റം പവലിയനിൽ പുട്ടിനൊപ്പം മോദി സന്ദർശനം നടത്തി. നിലവിൽ കൂടംകുളം ആണവനിലയ പദ്ധതിയിലാണു റഷ്യ സഹകരിക്കുന്നത്. പ്രതിരോധ രംഗത്താവശ്യമായ ഉപകരണഭാഗങ്ങളുടെ വിതരണത്തിനും കപ്പൽ നിർമാണരംഗത്തെ സഹകരണത്തിനും ധാരണയായി.

ജൂലൈ എട്ടിന് പുട്ടിന്റെ വസതിയിലെത്തിയ മോദി, ഇരുവരുടെയും സൗഹൃദം വ്യക്തമാക്കുന്ന ചിത്രങ്ങളും വീഡിയോയും സമൂഹമാധ്യമത്തിൽ പങ്കുവെച്ചിരുന്നു. റഷ്യയിലെ ഇന്ത്യാസമൂഹം നൽകിയ സ്വീകണത്തിലും മോദി പങ്കെടുത്തു.



# SEEKING BRIDEGROOM

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, pictures

# SEEKING BRIDE

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,** **+44 7776814498, +91 9846130814** with details and pictures.

# SEEKING BRIDEGROOM CONTD.....

and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

KERALA EXPRESS

# നിര്യാതരായി

## കെ.എസ്. ഡേവിഡ്

**കല്ലുമല:** കണ്ണാട്ടുമോടി കയറംവട്ടത്ത് കെ.എസ്. ഡേവിഡ് (80) അന്തരിച്ചു. ഭാര്യ: ചെറുകോൾ മണപ്പുറത്ത് വീട്ടിൽ പരേതയായ സൂസി ഡേവിഡ്. മക്കൾ: സിന്ധു (യുഎസ്), ബിന്ദു, ബിജു ഡേവിഡ്. മരുമക്കൾ: പാസ്റ്റർ സോളമൻ ഡാനിയേൽ (യുഎസ്), പാസ്റ്റർ സാജൻ പി. സാം (ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, മാലക്കര ടൗൺ), ജൻസി.

**പുളിങ്കുന്ന്:** ചങ്ങനാശേരി അതിരൂപതാംഗമായ പുളിങ്കുന്ന് വലിയവീട്ടിൽ ഫാ. ജോർജ് (83) അന്തരിച്ചു.

**ചങ്ങനാശേരി:** പുഴവാത് കക്കാട്ട് വർഗീസ് ജോസഫിന്റെ ഭാര്യ സാറാമ്മ വർഗീസ് (കുഞ്ഞൂഞ്ഞമ്മ-85) അന്തരിച്ചു.

## നോയ്‌ലിൻ സെബാസ്റ്റ്യൻ



**ചങ്ങനാശേരി:** പാലാത്ര സിബിച്ചന്റെ മകൾ നോയ്‌ലിൻ സെബാസ്റ്റ്യൻ (32) ന്യൂയോർക്കിൽ അന്തരിച്ചു. ഭർത്താവ് അടിമാലി കുനംപാറയിൽ റോണാൾഡ് കെ. സണ്ണി. മകൾ: ഈവ്‌ലിൻ.

**പത്തനംതിട്ട:** വിജ്ഞാന പത്തനംതിട്ട പദ്ധതിയുടെ മുഖ്യ ചുമതലക്കാരിയും കേന്ദ്രസർക്കാർ രൂപീകരിച്ച സംസ്ഥാന എൻവയൺമെന്റൽ അപ്രൈസൽ കമ്മിറ്റി വിദഗ്ദ്ധ അംഗവുമായിരുന്ന ഇലന്തൂർ ഇടപ്പരിയാരം ആനന്ദഭവനിൽ ബീനാ ഗോവിന്ദ് (56) അന്തരിച്ചു.

**മുക്കൂട്ടുതറ:** മുട്ടപ്പള്ളി ചിറപ്പുറയിടത്തിൽ (ആനിക്കാട്ട്) ജെയിംസ് ചെറിയാൻ (ജെയിംസ്കുട്ടി-62) അന്തരിച്ചു.

**ഇളങ്ങുളം:** ഒട്ടക്കൽ കാക്കനാട്ട് കെ.വി. ജോർജിന്റെ ഭാര്യ ചിന്നമ്മ ജോർജ് (76) അന്തരിച്ചു.

## ജാൻസി മാത്യു

**കോട്ടയം:** ദേവലോകം തൈക്കടവിൽ ജാൻസി മാത്യു (75) അന്തരിച്ചു. പള്ളം വലിയപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ്: കോട്ടയം ബസേലിയസ് കോളജ് കായിക വിഭാഗം മുൻ മേധാവി പ്രഫ. ടി.എം. മാത്യു. മക്കൾ: മഞ്ജുഷ മാത്യു (യുഎസ്), മാത്യു തൈക്കടവിൽ (എംഡി സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ കോട്ടയം). മരുമക്കൾ: സജി മാത്യു ചരുവിൽ ചിറക്കടവിൽ (കടമ്മനിട്ട), ഷെറിൻ മാത്യു പുതുവീട്ടിൽ (പള്ളം).

## റോസി എഡ്വേർഡ്

**കൊച്ചി:** പാപ്പാളി വീട്ടിൽ റോസി (88) അന്തരിച്ചു. പുവങ്കേരി കുടുംബാംഗമാണ്. ഭർത്താവ്: എഡ്വേർഡ് പാപ്പാളി (റിട്ട. ഗവ. കോളജ് പ്രിൻസിപ്പൽ). മക്കൾ: ജീൻ, കെൻ (യുഎസ്), സാം (യുഎസ്). മരുമക്കൾ: പ്രിയ പുത്തൻപുരയിൽ (യുഎസ്), സിമി കല്ലിങ്കൽ (യുഎസ്), പരേതനായ പീറ്റർ ലോറൻസ് കാട്ടുങ്കൽ.

**കോട്ടയം:** ചെന്നൈ എംആർഎഫ് മുൻ പിആർഒ പുന്നാപറമ്പിൽ (ഫോറസ്റ്റ് കോട്ടേജ്) പി.ജെ. കോശി (മനു-61) അന്തരിച്ചു.

**കളമശേരി:** എച്ച്എംടി മുൻ ജോയിന്റ് ജനറൽ മാനേജർ കോട്ടയം പാറക്കളത്തിൽ പി. കോര ജോർജ് (82) അന്തരിച്ചു.

**കൊച്ചി:** ചിറ്റിലപ്പിള്ളി ആൻഡ് എലൈറ്റ് ജ്വല്ലറി (യുഎഇ ആൻഡ് ഖത്തർ), റീലൈന്റ് ക്രെഡിറ്റ്സ് ഇന്ത്യ ലിമിറ്റഡ് ഗ്രൂപ്പ് ചെയർമാനും ദുബായ് ഗോൾഡ് ജ്വല്ലറി മുൻ ചെയർമാനുമായ ചിറ്റിലപ്പിള്ളി സണ്ണി (75) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** തൃപ്പൂണിത്തുറ റിട്ട. എസ്പി പൊടിമറ്റം പാറടിയിൽ പി.എം. ജോണി (62) അന്തരിച്ചു.

**കുറിച്ചി:** ചാണകക്കുഴിച്ചിറ പൊക്കം ഭാനുമതി കുട്ടൻ (ക്ലാര-106) അന്തരിച്ചു.

**തിടനാട്:** നീണ്ടൂർ പരേതനായ എൻ.ഡി. ജോസഫിന്റെ മകൾ ലിസി ജോസഫ് (57) അന്തരിച്ചു.

**ആർപ്പൂക്കര:** മണിയാംപറമ്പ് കണിച്ചേരിൽ നിഷ രതീഷ് (42) അന്തരിച്ചു.

## അന്നാമ്മ കല്ലുവെട്ടാംകുഴിയിൽ അന്തരിച്ചു



**കോട്ടയം:** താഴത്തങ്ങാടി കല്ലുവെട്ടാംകുഴിയിൽ പരേതനായ മാത്യുവിന്റെ ഭാര്യ അന്നാമ്മ (91) അന്തരിച്ചു. നീലംപേരൂർ മഞ്ഞപള്ളത്ര കുടുംബാംഗമാണ്. മക്കൾ: മോഹൻ കല്ലുവെട്ടാംകുഴിയിൽ (ഒക്കലഹോമ), പരേതയായ ശാന്തമ്മ തോമസ്, ജെസ്സി തോമസ്, ജിനി റോയി കണ്ണോത്തറ (ചിക്കാഗോ). മരുമക്കൾ: മേഴ്സി മോഹൻ കല്ലിടുക്കിൽ, പ്രഫ. കെ.എൽ. തോമസ് കരിമ്പിൻകാലായിൽ, തോമസുകുട്ടി വെള്ളാപ്പള്ളി, റോയി കണ്ണോത്തറ.

## ഏലമ്മ ജോസഫ്

**അതിരമ്പുഴ:** സൗത്ത് പറവൂർ പട്ടേൽ മെമ്മോറിയൽ യുപി സ്കൂൾ റിട്ട. അധ്യാപിക പേമല പുതുക്കാട്ട് പുത്തൻപുരയിൽ ഏലമ്മ ജോസഫ് (84) അന്തരിച്ചു. ഭർത്താവ്: പി.കെ. ജോസഫ് (റിട്ട. ഡപ്യൂട്ടി മാനേജർ കൊച്ചിൻ ഷിപ്‌യാഡ്). മക്കൾ: ടെസി ജോസ് (റിട്ട. പ്രഫ. അസംപ്ഷൻ കോളജ് ചങ്ങനാശേരി), ഉഷ ആന്റണി (യുഎസ്), വിനോദ് ജോസ് (എഞ്ചിനീയർ). മരുമക്കൾ: ജെയിക്ക് ജോസഫ് ചെറുവേലിൽ (റിട്ട. ചീഫ് എഞ്ചിനീയർ പിഡബ്ല്യുഡി), ആന്റണി വെള്ളുക്കുന്നേൽ (യുഎസ്), ബെറ്റ്സി ജോസഫ് കാഞ്ഞിരക്കാട്ട് (എഞ്ചിനീയർ).

**കോട്ടയം:** ഈരയിൽകടവ് മൈഓൺ കോളനി ചെറുതാന്നയിൽ ഏലിയാമ്മ ഉലഹന്നാൻ (94) അന്തരിച്ചു.

**കാപ്പുംതല:** മുക്കംതടത്തിൽ ജോസഫ് മാത്യു (ജോയി-62) അന്തരിച്ചു.

**പള്ളം:** ബോർമ്മക്കവല കളപ്പുരയ്ക്കൽ ജോസഫ് (ജോയി-75) അന്തരിച്ചു.

**തൃക്കോതമംഗലം:** മങ്ങാട്ട് മേരിക്കുട്ടി ചാക്കോ (84) അന്തരിച്ചു.

## കെ. ജോൺ വർഗീസ്

**നെടുങ്ങാടപ്പള്ളി:** റിട്ട. ആർടിഒ കുറ്റപ്പുഴ അനുഗ്രഹയിൽ കെ. ജോൺ വർഗീസ് (സന്തോഷ്-69) അന്തരിച്ചു. ഭാര്യ കറിക്കാട്ടൂർ തോട്ടത്തിൽ ബീന. മക്കൾ: അനു (യുഎസ്), അമ്മു (കുവൈറ്റ്),അച്ചു (തിരുവനന്തപുരം). മരുമക്കൾ: റോണി പ്ലാംകൂട്ടത്തിൽ (എറണാകുളം), നവീൻ പടിഞ്ഞാറ്റേതിൽ (കീഴ്‌വായ്പൂര്), രോഹിത് പുളിമൂട്ടിൽ (നെടുങ്ങാടപ്പള്ളി).

**പുതുപ്പള്ളി:** റിട്ട. മുനിസിപ്പൽ കമ്മീഷണർ വലിയപറമ്പിൽ പരേതനായ എം.ഐ. ഐപ്പിന്റെ മകൻ എം.ഡി. സതീഷ് ഐപ്പ് (51) അന്തരിച്ചു.

**വണ്ടമറ്റം:** റൊസാരിയൻ സഭാംഗം സിസ്റ്റർ മേരി അലോഷ്യ (ഏലിക്കുട്ടി-87) അന്തരിച്ചു.

**വഴിത്തല:** ഇല്ലിക്കാട്ടിൽ ജോസ് കുരുവിള (67) അന്തരിച്ചു.

**മല്ലപ്പള്ളി:** ചിറമേൽ മേക്കരിങ്ങാട്ട് തലച്ചിറയ്ക്കൽ മറിയാമ്മ ജോർജ് (101) അന്തരിച്ചു.

**മുണ്ടക്കയം:** പാലൂർക്കാവ് പനച്ചിക്കൽ പി.വി. ജോസഫ് (90) അന്തരിച്ചു.

**കോട്ടയം:** ഡിഫൻസ് അക്കൗണ്ട്സ് ഓഫീസർ (എസിഡിഎ) നാട്ടകം ചെട്ടിക്കുന്ന് നന്ദനം വീട്ടിൽ ടി.എൻ. നന്ദകുമാർ (70) അന്തരിച്ചു.

**വെളിയനാട്:** ഇൻഡസ്ട്രിയിൽ സെക്യൂരിറ്റി സർവീസസ് സ്ഥാപകൻ പള്ളിച്ചിറയിൽ മാട് കണ്ണാടിക്കാട് പി.സി. തങ്കച്ചൻ (74) അന്തരിച്ചു.

**പാലാ:** മുരിക്കുംപുഴ ഇലഞ്ഞിത്തറയിൽ തങ്കമ്മ രാഘവൻ (77) അന്തരിച്ചു.

## വി. മുകുന്ദൻ മേനോൻ

**തൃശൂർ:** ഡൺലപ് ഇന്ത്യ (ചെന്നൈ) റിട്ട. ചീഫ് പ്രൊജക്ട് മാനേജർ മുക്കാട്ടുകര മര്യാദമൂല വെട്ടത്ത് വി. മുകുന്ദൻ മേനോൻ (90) അന്തരിച്ചു. ഭാര്യ മുടവക്കാട്ടിൽ ശ്രീദേവി. മക്കൾ: ഡോ. ദീപാ മുകുന്ദൻ (യുഎസ്), വി.എം. രാജേശേഖർ. മരുമക്കൾ: ഡോ. പാണ്ഡുരംഗ രാവു (യുഎസ്), സന്ധ്യ രാജശേഖർ.

## ഏലമ്മ ജോസഫ്



**അതിരമ്പുഴ:** കൊച്ചിൻ ഷിപ്‌യാർഡ് സയന്റിഫിക് ഓഫീസർ അതിരമ്പുഴ പുത്തൻപുരയിൽ പി.കെ. ജോസഫിന്റെ ഭാര്യ ഏലമ്മ ജോസഫ് (റിട്ട. ടീച്ചർ) അന്തരിച്ചു. മക്കൾ: ടെസ്സി ജെയ്ക്ക് (റിട്ട.പ്രഫ. അസംപ്ഷൻ കോളജ് ചങ്ങനാശേരി), ഉഷ ആന്റണി, വിനോദ് ജോസ്, മരുമക്കൾ: ജെയ്ക്ക് ജോസഫ് ചെറുവേലിൽ, ആന്റണി വെള്ളുക്കുന്നേൽ (ചിക്കാഗോ), ബെറ്റ്സി വിനോദ്

**കുമാരനല്ലൂർ:** ദേവീക്ഷേത്രം കാരാണ്മ കൈസ്ഥാനീയ കുടുംബം വട്ടപ്പള്ളി ഇല്ലത്ത് ദിനേശ് ശർമ (62) അന്തരിച്ചു.

**തൃശൂർ:** ചിന്തകനും എഴുത്തുകാരനും യുക്തിവാദിയും ശ്രീനാരായണീയ പ്രസ്ഥാനങ്ങളുടെ സ്ഥാപകനും തൃശൂർ മാനസികാരോഗ്യ ആശുപത്രിയിലെ സീനിയർ സൈക്യാട്രിസ്റ്റുമായിരുന്ന തൃശൂർ ശങ്കരയ്യ റോഡ് പ്രശാന്തി മൻസിൽ പണ്ടാരപറമ്പിൽ ഡോ. പി.കെ. സുകുമാരൻ (82) അന്തരിച്ചു.

## ഇ.സി. ജേക്കബ്

**പൊൻപള്ളി:** ഇന്ത്യൻ എയർഫോഴ്സ് പാരഗൺ റിട്ട. ഉദ്യോഗസ്ഥൻ കുറുങ്കാട്ടിൽ ഇലഞ്ഞിക്കൽ ഇ.സി. ജേക്കബ് (സാംകുട്ടി-77) അന്തരിച്ചു. ഭാര്യ കല്ലൂപ്പാറ കരിമ്പിൽ ലീലാമ്മ. ജേക്കബ്. മക്കൾ: സ്വപ്ന, സോണി. മരുമക്കൾ: മനോജ് ബേക്കർ ഫെൻ (കുവൈറ്റ്), മനോജ് കണ്ണേൽ (യുഎസ്).

**പാമ്പാക്കുട:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സീനിയർ ശുശ്രൂഷകൻ പരുത്തിക്കുന്നേൽ പാസ്റ്റർ പി.യു. ജെയിംസ് (65) അന്തരിച്ചു.

**തിരുവല്ല:** അഴിയിടത്തുചിറ നടുവിലെചിറ ചന്ദ്രവനിൽ എൽ. സരസ്വതിയമ്മ (84) അന്തരിച്ചു.

**മാവേലിക്കര:** തുണ്ടയ്യത്ത് ജേക്കബ് തോമസ് (മോനി-67) അന്തരിച്ചു.

## ചാക്കോ ഉലഹന്നാൻ

**വാകത്താനം:** വിമുക്തഭടൻ ആനിക്കലായ പന്ത്രണ്ടാംകുഴിയിൽ ചാക്കോ ഉലഹന്നാൻ (പാപ്പച്ചൻ-84) അന്തരിച്ചു. ഭാര്യ: റാന്നി തുണ്ടിപറമ്പിൽ ലീലാമ്മ. മക്കൾ: അനി, സുനി, ജനി. മരുമക്കൾ: കറ്റോട് പാറയ്ക്കാമണ്ണിൽ ജയ്മോൻ, കുറ്റൂർ ആലുംമൂട്ടിൽ ജിൽസൺ, കുറ്റൂർ കൊണ്ടോടിയിൽ ബോബി (എല്ലാവരും യുഎസ്).

**തിരുവല്ല:** അമ്പലമുക്ക് വയലിക്കട മരുപ്പൻകോട് ശ്രീഭദ്രനഗർ കോരത്തു പറമ്പിൽ ഏജീസ് ഓഫീസ് മുൻ ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ സി.കെ. നാരായണൻ (79) അന്തരിച്ചു.

**കളത്തിൽപടി:** കേരള വാട്ടർ അതോറിറ്റി റിട്ട. ഉദ്യോഗസ്ഥൻ ചിദംബരംപടി മണിമലപ്പറമ്പിൽ എം.സി. ബേബി (83) അന്തരിച്ചു.

**പാലാ:** റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ പൂവരണി വടയാറ്റ് വീട്ടിൽ എസ്. വിജയമ്മ (80) അന്തരിച്ചു.

**കുറിച്ചി:** പോർട്ട് ട്രസ്റ്റ് റിട്ട. ഉദ്യോഗസ്ഥൻ കുർക്കക്കാലായിൽ മാത്യു പുന്നൂസ് (80) അന്തരിച്ചു.

**തിടനാട്:** പെരുമ്പാമ്പള്ളിക്കുന്നേൽ മാത്യു തോമസ് (കുഞ്ഞപ്പൻ-78) അന്തരിച്ചു.

**പാലാ:** സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷൻ പാലാ ജനറലേറ്റ് ഭവനാംഗം സിസ്റ്റർ എലൈസ് കുറ്റിയാനിക്കൽ (78) അന്തരിച്ചു.

**കടപ്ലാമറ്റം:** പൂവംതൊട്ടിയിൽ പി.എ. ചാക്കോ (71) അന്തരിച്ചു.

## എലിസബത്ത് പോൾ



ന്യൂജേഴ്സി: പരേതനായ കാരിയമഠം പോളിന്റെ ഭാര്യ എലിസബത്ത് പോൾ (82) അന്തരിച്ചു. മേഴ്സി പോൾ (അരുജ) മകളും ജോനാ, ജൊവാന, ജോവിത്ത് എന്നിവർ കൊച്ചുമക്കളും മേരി കുറിച്ചി, മരിയഗോരേത്തി പുവത്തുങ്കൽ എന്നിവർ സഹോദരിമാരുമാണ്.

**സൗത്ത് പാമ്പാടി:** ഇലക്കൊടിഞ്ഞി ഇലവുങ്കൽ ഷീജ ജോൺസി (49) അന്തരിച്ചു.

**കാപ്പുന്തല:** റിട്ട. കെഎസ്ആർടിസി ഡ്രൈവർ കുഴിവേലിൽ കെ.എൻ. കൃഷ്ണൻകുട്ടി (73) അന്തരിച്ചു.

**ആർപ്പൂക്കര:** വില്ലൂന്നി കറുത്തേടത്ത് ലൂക്കാ മാണി (99) അന്തരിച്ചു.

**ഭരണങ്ങാനം:** ചിറ്റാനപ്പാറ തറപ്പേൽ കുരുവിള ജോസഫ് (46) അന്തരിച്ചു.

## തറയിൽ ലൂക്കോസ്

**കല്ലറ:** തറയിൽ ലൂക്കോസ് (75) അന്തരിച്ചു. ഭാര്യ: എസ്എച്ച് മൗണ്ട് തുരുത്തിക്കാട്ട് പരേതയായ മേരി ലൂക്കോസ്. മക്കൾ: ഷിബു ലൂക്കോസ് (യുഎസ്), ഷിജു ലൂക്കോസ് (മസ്കത്ത്), പരേതനായ ഷാജി ലൂക്കോസ്. മരുമക്കൾ: സാലി ഷിബു കണ്ണാലയിൽ നീണ്ടൂർ (യുഎസ്), പ്രീണ ഷിജു ചോഴമാക്കിൽ ചേർപ്പുങ്കൽ (മസ്കത്ത്).

**ആർപ്പൂക്കര:** കെഎസ്ആർടിസി റിട്ട.അസി. എൻജിനീയർ കുളങ്ങരമുറിയിൽ കെ.ജെ. ജോസഫ് (74) അന്തരിച്ചു.

**ചങ്ങനാശേരി:** കൊടിനാട്ടുംകുന്ന് വഴീപ്ലാക്കൽ തോമസ് ജോൺ (ടോമിച്ചൻ-66) അന്തരിച്ചു.

**കൊച്ചി:** തദ്ദേശ സ്വയംഭരണ വകുപ്പ് റിട്ട. ജോയിന്റ് ഡയറക്ടർ സബീന പോൾ (66) അന്തരിച്ചു.

## രാജൻ വർഗീസ്



**ന്യൂയോർക്ക്:** ഹൗസിങ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥനായിരുന്ന മാവേലിക്കര നോർത്ത് മാങ്കുഴി തുണ്ടിൽ രാജൻ വർഗീസ് (68) അന്തരിച്ചു. ഭാര്യ തിരുവല്ല കാരക്കൽ മുലമണ്ണിൽ ഷീല. മക്കൾ: റോഷൻ (സ്റ്റോണി ബ്രൂക്ക് ഹോസ്പിറ്റൽ), ഡോ. റെനി ജോർജ് (മൗണ്ട് സീനൈ), ഡോ. റോബിൻ (കൊഹൻസ് ഹോസ്പിറ്റൽ). റീന (നോർത്ത്‌വെൽ ഹോസ്പിറ്റൽ). മരുമക്കൾ: സോണിയ (സ്റ്റോണി ബ്രൂക്ക്), മൈക്കിൾ ഡയറക്ടർ സനോഫി), ഡോ. സാറാ വർഗീസ് (ജമായ്ക ഹോസ്പിറ്റൽ).

**തിരുവനന്തപുരം:** എസ്.എൻ. ട്രസ്റ്റ് ബോർഡ് അംഗവും ആർസിസി മുൻ അഡീഷനൽ പ്രഫസറുമായ ഡോ.എ.എസ്. കൃഷ്ണകുമാർ (74) അന്തരിച്ചു.

**ചങ്ങനാശേരി:** ജെജെസി ആർട്ട് വേൾഡ് ഉടമ തുരുത്തി ചക്യായിൽ ജോസഫ് ജോസഫ് (അപ്പച്ചൻ-90) അന്തരിച്ചു.

**കോട്ടയം:** കീഴുക്കുന്ന് പുകടിയിൽ ബി മാത്യു (85) അന്തരിച്ചു.

**പുവൻതുരുത്ത്:** ഞാലിയിൽ അമ്മിണി (87) അന്തരിച്ചു.

**ഇടയാറന്മുള:** എഎംഎച്ച്എസ്. റിട്ട. അദ്ധ്യാപിക പുത്തൻപറമ്പിൽ സാറാമ്മ മാത്യു (100) അന്തരിച്ചു.

**ചങ്ങനാശേരി:** പായിക്കാട്ട് ഗാർഡൻസ് അഡ്വ. പി.ജെ. ദേവസ്യ (83) അന്തരിച്ചു.

**പാലാ:** അരുണാപുരം മുണ്ടയ്ക്കൽ വിനോദ് (49)അന്തരിച്ചു.

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: MERCY KALARICKAMURY*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: MERCY KALARICKAMURY*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Houston*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Houston*

KERALA EXPRESS

നോവൽ

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തി. സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരുദിവസം ചന്ദ്രബാബുവിനെ കാണാതായി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബുവിനെയും മാതാപിതാക്കളെയും സന്ദീപ് അന്വേഷിച്ചു കണ്ടെത്തി. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് വീണ്ടും അന്വേഷണം തുടങ്ങി. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ പിടികൂടി ചോദ്യം ചെയ്തതോടെ എല്ലാം വെളിവായി. ഒളിവിൽ പോയ ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പോലീസ് കസ്റ്റഡിയിലായി. കിഷോർ സോഫിയായുടെ വീട്ടിലെത്തി അവരുടെ ഭാവി പരിപാടികൾ വിവരിക്കുന്നു. കല്ലാറ്റുപടിക്കലെ പഴയ തെങ്ങുകയറ്റക്കാരൻ പൊന്നനെ കാണാൻ മണിമലയിലെത്തിയ സന്ദീപ് അയാൾ മരിച്ചുപോയെന്നറിയുന്നു. കൃഷി ഓഫീസറുടെ സഹായത്തോടെ സന്ദീപ് പതിനെട്ടാംപട്ട തെങ്ങ് തിരിച്ചറിയുന്നു. കുഴിയെടുത്ത സ്ഥലം കൃത്യമായി അറിയാൻ മണ്ണുപരിശോധന നടത്താനും അവർ തീരുമാനിക്കുന്നു....**

**105**

റസ്റ്ററന്റിൽ പോയി ഭക്ഷണം കഴിച്ചശേഷം സന്ദീപും അനിബാബുവും ഹോട്ടൽ റൂമിലേക്കു തിരിച്ചുവന്നു.

രാത്രി പത്തുമണി കഴിഞ്ഞിരുന്നു.

മണിമലയിലെ മണ്ണുപരിശോധനാ നടപടികൾ തീരാൻ രണ്ടു ദിവസം വേണ്ടിവരുന്നതിനാലാണ് സന്ദീപ് പൊൻകുന്നത്തു ക്യാംപ് ചെയ്യാൻ തീരുമാനിച്ചത്.

രാജഗോപാലും കിഷോറും കാറുമായി എറണാകുളത്തേക്ക് വൈകുന്നേരം തന്നെ മടങ്ങിപ്പോയിരുന്നു. മണ്ണുപരിശോധന വിജയിച്ചാൽ രണ്ടുപേരും അടുത്ത ദിവസമോ അതിനടുത്ത ദിവസമോ തിരിച്ചെത്താമെന്നു സമ്മതിച്ചിട്ടുണ്ട്.

മണിമല ടൗണിൽനിന്ന്, കിണർ കുഴിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് അഞ്ചടിയോളം ആഴത്തിൽ മണ്ണു മാന്തിയെടുത്ത്, കോഴയിലെ മണ്ണുപരിശോധനാ കേന്ദ്രത്തിലേക്കു പരിശോധനയ്ക്കായി കൊടുത്തിരിക്കുകയാണ്. മൂന്നു സ്ഥലത്തായി വളർന്നു നിന്നിരുന്ന മൂന്നു പതിനെട്ടാം പട്ട തെങ്ങുകളുടെ പരിസരമാണ് ഇങ്ങനെ പരിശോധനയ്ക്കായി കുഴിച്ചെടുത്തുകൊണ്ടുപോയത്.

ഗ്രീൻ ഡ്വാർഫ് ഇനത്തിൽപെട്ട പതിനെട്ടാം പട്ട തെങ്ങിന്റെ പരിസരം കുഴിച്ചപ്പോൾത്തന്നെ കൃഷി ഓഫീസർ മോഹനൻ ചില സംശയങ്ങൾ പ്രകടിപ്പിച്ചിരുന്നു.

“മറ്റു രണ്ടിടത്തെയുംപോലെയല്ല ഇവിടെ മണ്ണിന്റെ അടുക്ക്. ഹൊറൈസൺ എയും ബിയും സിയും കൂടിക്കലർന്നു കിടക്കുന്നപോലെ തോന്നുന്നു.” മോഹനൻ കൈവെള്ളയിൽ മണ്ണ് കോരിയെടുത്ത് അതിന്റെ ഘടനാ വൈവിധ്യങ്ങൾ സന്ദീപിനു കാട്ടിക്കൊടുത്തു.

“ചരലും ചെങ്കല്ലും മേൽമണ്ണും കൂടിക്കുഴഞ്ഞിരിക്കുന്നതു കണ്ടോ?” മോഹനന് ഏറെക്കുറെ ഉറപ്പായിരുന്നു ഗ്രീൻ ഡ്വാർഫ് തെങ്ങിന്റെ താഴെയായിരിക്കും യഥാർത്ഥ സ്ഥാനമെന്ന്.

“മിക്കവാറും നാളെത്തന്നെ കൃത്യവിവരം അറിയാം. അല്ലേ സാറേ?” അനിബാബു സന്ദീപിനോടു ചോദിച്ചു.

“ഞാനും അതുതന്നെയാ ചിന്തിച്ചോണ്ടിരുന്നെ.” സന്ദീപ് പറഞ്ഞു.

“ആ ഭാഗത്ത് മണ്ണിന് മാറ്റം ഒണ്ടാരുന്നു. നമുക്കുപോലും കണ്ടാ അറിയാം.”

“ഉം...” സന്ദീപ് മൂളി.

സന്ദീപ് കോറിഡോറിൽനിന്ന് റൂമിലേക്കു കയറിയപ്പോൾ പിന്നാലെ അനിബാബുവും കയറിച്ചെന്നു.

“സാറേ, അവന്മാര് ജാമ്യത്തിൽ ഇറങ്ങുന്നേനു മുന്നേ നമുക്കു സംഭവം നടത്തണ്ടേ. അവര് പുറത്തുവന്നാ പറമ്പു കുഴിക്കാൻ സമ്മതിക്കത്തില്ല.” അനിബാബു പറഞ്ഞു.

“അതു സാരമില്ല. പോലീസ് വേണ്ടത് ചെയ്തോളും.”

“സാറേ, അവന്മാര് കോടതീന്നു സ്റ്റേ വാങ്ങും. കായ്ക്കുന്ന ഒന്നാന്തരം തെങ്ങ് നശിപ്പിച്ചിട്ടു വേണം കുഴിമാന്താൻ. നമ്മുടെ കയ്യിൽ ഒരു തെളിവും ഇല്ല, അവിടെ എന്തെങ്കിലും തൊണ്ടിമൊതല് കുഴിച്ചിട്ടൊണ്ടെന്നു സ്ഥാപിക്കാൻ.”

“കൊലപാതകക്കേസല്ലേ. പോലീസിനു സംശയം മാത്രം മതിയല്ലോ.” സന്ദീപ് തർക്കിച്ചു.

“സാറേ, ആ ഹേമചന്ദ്രൻ വല്യതാപ്പാനയാ. പൊറത്തോട്ടിറങ്ങിക്കഴിഞ്ഞാ അയാള് കെട്ടാനുള്ള കെട്ടു മുഴുവൻ കെട്ടും. പിന്നെ അഴിക്കാൻ പറ്റത്തില്ല.”

“നമ്മള് ജീവൻ പണയം വെച്ചിട്ടായാലും ശരി പണ്ട് പോത്തിനെ കുഴിച്ചിട്ട കുഴി മാന്തിയിരിക്കും. അത് ഒറപ്പിച്ചോ.”

സന്ദീപ് ദൃഢനിശ്ചയത്തോടെ പറഞ്ഞു.

“അവരടെ പറമ്പ്, അവരടെ കയ്യാല, അവരടെ തെങ്ങ്.”

“ചേട്ടൻ സമാധാനമായിരിക്ക്. ഞാനല്ലേ പറയുന്നെ.”

“എനിക്കിനി ഒറക്കം വരണെങ്കി അതിന്റെ സത്യാവസ്ഥ തെളിയണം.” അനിബാബു പറഞ്ഞു.

“നിങ്ങളിത്രേം കാലം ഇതൊന്നും അന്വേഷിക്കാതിരുന്നതു വലിയ കഷ്ടമായിപ്പോയി.” സന്ദീപ് അനിബാബുവിനെ കുറ്റപ്പെടുത്തുന്നപോലെ പറഞ്ഞു.

“സാറേ, ഭക്ഷണം കഴിക്കണ്ടേ? ജീവിക്കണ്ടേ? അത് കഴിഞ്ഞിട്ടല്ലേയൊള്ളൂ ബാക്കി എന്തും.” അനിബാബു തുടർന്നു: “എന്റെ ഏട്ടനെ കാണാതാകുമ്പം എനിക്ക് വയസ്സ് പതിനാറ് തെകഞ്ഞിട്ടില്ല. എനിക്കെന്തറിയാം! എന്നെ എന്തിനു കൊള്ളാം, സാറ് അതും കൂടി ആലോചിക്കണം.”

“അത് അന്ന്. പിന്നീട് പ്രായപൂർത്തിയാവുകേം പുരുഷനായിത്തീരുകേം ചെയ്താരുന്നല്ലോ.”

“ഞാനൊറ്റയ്ക്ക് എന്തു ചെയ്യാനാ സാറേ. ഒന്നാമത് പോലീസിനെ പേടി. ഞാൻ പറഞ്ഞില്ലേ അഞ്ചാറുകൊല്ലം ഒറക്കഗുളിക തിന്നേണ്ടി വന്നെന്ന്. വട്ടായിപ്പോകേണ്ടതാരുന്നു. എങ്ങനെയോ രക്ഷപ്പെട്ടു.”

“അതിനു തക്ക കാരണം എന്താ?”

“സാറേ, ആ ചെറിയ പ്രായത്തിൽ പോലീസിടിച്ച ഇടി ചില്ലറയാണോ? കൺമുന്നിലിട്ടു ചന്ദ്രേട്ടനെ ചവിട്ടിക്കൂട്ടുന്നതു കണ്ടവനാ ഞാൻ. കുറച്ചു കഴിഞ്ഞപ്പം അനക്കമില്ല. ചത്തെന്നാ പോലീസുകാരും വിചാരിച്ചെ. അപ്പഴത്തെ മാനസികാവസ്ഥയൊന്നും ആലോചിക്കാമ്പോലും പറ്റത്തില്ല സാറേ......”

ശരിയായിരിക്കാം എന്ന് സന്ദീപിനു തോന്നി.

അനുഭവിക്കാത്ത വേദനകളും സങ്കടങ്ങളും മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. പതിനഞ്ചു വയസ്സുള്ള ബാലൻ പോലീസ് ലോക്കപ്പിലെ ക്രൂരതകൾ കണ്ട് മനസ്സിന്റെ സമനില തെറ്റിയില്ലെങ്കിലേ അദ്ഭുതമുള്ളൂ.

“ചേട്ടനും പോയി ചേച്ചീം പോയി. അച്ഛനേം അമ്മേം നോക്കണ്ടേ. പല പണികളും ചെയ്തു നോക്കി. ഒരിടത്തും എത്താൻ പറ്റുന്നില്ല. കഷ്ടിച്ച് ചെലവ് കഴിഞ്ഞുപോകാം. അതുപോരാ കാശൊണ്ടാക്കണം. എന്റെ ചന്ദ്രേട്ടനെന്തുപറ്റി എന്ന് അന്വേഷിച്ചു സത്യം പുറത്തുകൊണ്ടുവരണം. എളുപ്പത്തിൽ കാശൊണ്ടാക്കാൻ വേണ്ടി ചാരായം വാറ്റി നോക്കി. പിടിക്കപ്പെട്ടു. പിന്നെ കൂപ്പിൽ കയറി തടി വെട്ടി. അയ്യപ്പൻ കോവിൽ തേക്കിൻ കൂപ്പീന്നൊക്കെ തേക്കു വെട്ടി തളിരമാക്കി രാത്രി മുഴുവൻ തലച്ചുമടു ചുമന്ന് എസ്റ്റേറ്റുകളിൽ കൊണ്ടുപോയി വിറ്റിട്ടുണ്ട്. എൺപത് എൺപത്തഞ്ച് കിലോ വരും ഓരോ ചുമട്. കുന്നു കേറിയിറങ്ങി തോടും പുഴയും കടന്നു നടക്കണം. തലച്ചുമടിനു തടി വിറ്റിട്ട് എന്തു കിട്ടാനാ.”

“കുറെ കഷ്ടപ്പെട്ടിട്ടൊണ്ട്, അല്ലേ?”

“ചെറിയ കഷ്ടപ്പാടൊന്നും അല്ല സാറേ. ഒരിക്കെ കോതപാറേന്നു തേക്കു തടി രായ്ക്കുരാമാനം അറത്ത് തളിരമാക്കി ജീപ്പിൽ കയറ്റി വാഗമണ്ണിലെത്തിയപ്പം പെട്രോളു തീർന്നു. ഫുൾടാങ്ക് അടിച്ചതാണെന്ന് ഓർക്കണം. എതിലേ പോയെന്ന് അറിയാമ്മേല. ഒടുക്കം തടിമുഴുവൻ എസ്റ്റേറ്റിലെ തേയിലക്കാട്ടിൽ തള്ളീട്ട് ജീപ്പ് ഉന്തിത്തള്ളി ഇറക്കത്തിലെത്തിച്ചു. അന്ന് ഈരാറ്റുപേട്ടേൽ എത്തണം എണ്ണയടിക്കണെങ്കിൽ. വാഗമൺ മുതൽ ഇറക്കമായതുകൊണ്ടു തീക്കോയി വരെ ന്യൂട്രലടിച്ചു പോന്നു. അപ്പോഴേക്കും നേരം വെളുത്തു. പിറ്റേന്നു രാത്രി ഫുൾടാങ്ക് എണ്ണയുമടിച്ച് വാഗമൺ എസ്റ്റേറ്റിലെത്തി നോക്കുമ്പോൾ തടി ഒറ്റക്കഷണം പോലുമില്ല. പണിക്കുവന്ന തൊഴിലാളികളാരോ കണ്ടിട്ട് അവരെല്ലാം കൂടി കിട്ടിയവര് കിട്ടിയവര് പെറുക്കിക്കൊണ്ടുപോയി. ഈരാറ്റുപേട്ടേൽ എത്തിച്ചിരുന്നെങ്കി അൻപതിനായിരം കിട്ടേണ്ട തടിയാ. കയ്യീന്ന് പതിനായിരം നഷ്ടം വേറേ.”

“അല്ലെങ്കിലും കള്ളത്തടീടെ ബിസിനസൊക്കെ മോശമല്ലേ. എന്നായാലും പിടിക്കപ്പെടും. ആ പൈസയൊന്നും നിലനിൽക്കില്ല.” സന്ദീപ് പറഞ്ഞു

“സാറിതു കൂടി കേക്ക്. പൊന്തൻപുഴ വനത്തീന്ന് തടിവെട്ടാൻ പോയി. ഒരു നൂറടി പൊക്കത്തിൽ പനപോലെ വളർന്നു നിൽക്കുന്ന ഒന്താന്തരം ഈട്ടി. മില്ലിലെത്തിച്ചാ രണ്ടു ലക്ഷം രൂപ പോക്കറ്റിലാ. അറപ്പുകാര് റെഡി, ലോറി റെഡി വനത്തിൽ കേറി ഈട്ടീടെ ചൊവടറുത്തു. ഉദ്ദേശിച്ചിടത്ത്ന്ന് ഒരു ലേശം ചെരിഞ്ഞുപോയി. ഈട്ടീടെ തടിചെന്നു ചാരിയത് ഒരു വെൺതേക്കിന്റെ ഒത്ത കവരത്തിലാ. നേരം വെളുക്കുന്നതുവരെ കാട്ടിൽ കെടന്നു പണിതിട്ട് ആ തടി ഊരിക്കൊണ്ടുവരാൻ പറ്റിയില്ല. ലോറിക്കൂലി, അറുപ്പുകൂലി, ഫോറസ്റ്റുകാർക്കു കൊടുത്ത കിമ്പളം എല്ലാം കൂടെ ഇരുപത്തയ്യായിരം രൂപ വെള്ളത്തിൽ. സാറേ, കാലക്കേടു പിടിച്ചവൻ എവിടെ കൈവെച്ചാലും പെഴച്ചുപോകും.”

“ഞാനതാ പറഞ്ഞത് - കള്ളത്തരങ്ങളൊന്നും നിലനിൽക്കില്ല. കാടിന് ഒരു സത്യമൊണ്ട്.”

“മാങ്ങാത്തൊലി... ഒന്നു പോ സാറേ. കാട്ടിൽ കേറി എത്ര പേര് കോടീശ്വരന്മാരായി. മന്ത്രിമാരുമൊതല് ഫോറസ്റ്റുകാരുവരെ എത്ര കാട്ടുകള്ളന്മാര് കാടുവിറ്റു കീശയിലാക്കി.” അനിബാബു ഫോമിലായിക്കഴിഞ്ഞു.

“തടിബിസിനസ് തോറ്റപ്പോഴാണോ കഞ്ചാവിലോട്ട് തിരിഞ്ഞത്...” സന്ദീപ് ചോദിച്ചു.

“അതിനുമുൻപ് ചന്ദനം കടത്തി നോക്കി. മറയൂരിൽ പോയിട്ട്. സാറേ, കാട്ടാനകളുടെ ഇടയ്ക്കൂടെ ജീവൻ പണയംവെച്ചാ കളി. ചന്ദനച്ചുമടുമായിട്ട് രാത്രി മലകേറിയിറങ്ങണെങ്കി ഇത്തിരി ചങ്കൂറ്റമൊന്നും പോരാ. അവിടേം രക്ഷപ്പെട്ടില്ല. ഒറ്റാരുന്നു... ചതി... ചുമടിട്ടിട്ട് ഓടിയതുകൊണ്ടു സ്വന്തം തടി രക്ഷിക്കാൻ പറ്റിയെന്നു മാത്രം. അതുംകൂടി കഴിഞ്ഞിട്ടാ കമ്പക്കല്ലിൽ കഞ്ചാവു കൃഷിക്കുപോയത്.”

“അതിലും രക്ഷപ്പെട്ടില്ല അല്ലേ?”

“ഒന്നും പറയണ്ടെന്റെ സാറേ. ഇതൊക്കെ ഓരോ വിധിയാ. പഠിച്ചു പാസായി ഏതെങ്കിലും ബാങ്കിലോ സർക്കാരാപ്പീസിലോ ജോലിയെടുക്കേണ്ടവനാരുന്നു ഞാൻ. സാറേ, ആ ഹേമചന്ദ്രനൊണ്ടല്ലോ... അയാളൊറ്റയൊരുത്തനാ എന്റെ ജീവിതം ഈ വഴിക്കാ

ക്കിയത്. അയാൾടെ ദുഷ്ട ബുദ്ധികാരണമാ. ഇല്ലെങ്കി എന്റെ ചേട്ടനും ചേച്ചിയും ഇപ്പഴും ജീവിച്ചിരുന്നേനെ.”

“ങ്ഹാ! ലോകത്തങ്ങനെ ആരുടെയെല്ലാം വിധി മറ്റു പലരുടെ ക്രൂരത നിമിത്തം മാറിമറിഞ്ഞുപോയിട്ടുണ്ട്. ഇനി അതൊന്നും ഓർത്തു വിഷമിച്ചിട്ടു കാര്യമില്ലല്ലോ. ചേട്ടന് ഒറങ്ങണ്ടേ... സമയം കുറെയായി.”

“സാറിന് ഒറക്കം വരുന്നൊണ്ട് അല്ലേ. ശരി രാവിലെ കാണാം.” അനിബാബു മുറിവിട്ടിറങ്ങി അയാളുടെ മുറിയിലേക്കു പോയി. വാതിലടച്ചശേഷം സന്ദീപ് ഫോണെടുത്ത് അല്ലിമയെ വിളിച്ചു സംസാരിച്ചുകൊണ്ടു കിടന്നു.

*** *** ***

കൃഷി ഓഫീസർ മോഹനൻ കൃഷിഭവനിൽ കാത്തിരിക്കുന്നുണ്ടായിരുന്നു.

സന്ദീപും അനിബാബുവും ഓട്ടോറിക്ഷയിലാണ് ചെന്നത്. മണ്ണു പരിശോധനയുടെ ഫലം മോഹനൻ പ്രവചിച്ചതുപോലെ തന്നെ ആയിരുന്നു.

“ഗ്രീൻ ഡ്വാർഫ് പതിനെട്ടാം പട്ട തെങ്ങിന്റെ ചുറ്റുവട്ടമാണ് ഇളക്കിമറിച്ച നിലയിൽ കാണപ്പെടുന്നത്. മറ്റു തെങ്ങുകളുടെ ചുവട്ടിലെ മണ്ണിന്റെ അടരുകൾക്കു കാര്യമായ മാറ്റമില്ല.” മോഹനൻ സന്ദീപിനെ അറിയിച്ചു.



“ഇനിയെന്താ നമുക്ക് ചെയ്യേണ്ടത്?” സന്ദീപ് ചോദിച്ചു.

“എനിക്കൊന്നും ചെയ്യാനില്ല. അല്ലെങ്കിൽത്തന്നെ ഇതെന്റെ ജോലിയല്ല. നിങ്ങൾക്കുവേണ്ടി ഒരു ഹെൽപ്പ് ചെയ്തെന്നുമാത്രം.”

“താങ്ക്യൂ സാർ... ഇതൊരു ചെറിയ സഹായമല്ല. വളരെ വിലപിടിപ്പുള്ള സഹായമാണ്. ഞാനിതു മറക്കില്ല.”

“ഇനി, കേസന്വേഷിക്കുന്ന പോലീസ് വിചാരിക്കണം. എന്തെങ്കിലും ചെയ്യണമെങ്കിൽ. തെങ്ങ് മുറിച്ചു മാറ്റണം.” കൃഷി ഓഫീസർക്കു നന്ദി പറഞ്ഞ് സന്ദീപും അനിബാബുവും മടങ്ങി. ഓട്ടോറിക്ഷയിൽ പൊൻകുന്നത്തേക്കു തിരിച്ചു വരുമ്പോൾ അനിബാബു ചോദിച്ചു:

“ഇനി നമ്മൾ എങ്ങോട്ടാ?” അൽപം ആലോചിച്ചിട്ടാണ് സന്ദീപ് മറുപടി പറഞ്ഞത്.

“എറണാകുളത്തേക്കു പോകാം. അടുത്ത നടപടി വളരെ ആലോചിച്ചുവേണം ചെയ്യാൻ. മറ്റൊരാളുടെ പുരയിടത്തിൽ അതിക്രമിച്ചു കയറി, തെങ്ങ് മുറിച്ചു കളഞ്ഞ് കുഴിമാന്തുക എന്നൊക്കെ പറഞ്ഞാൽ അത് എളുപ്പമല്ല. പോലീസാണ് അതു ചെയ്യേണ്ടത്. പക്ഷേ, പോലീസിന് കോടതിയുടെ അനുമതി വേണ്ടി വരുമായിരിക്കും. എനിക്കതേക്കുറിച്ച് നല്ല നിശ്ചയമില്ല.”

“സാറെ, എന്താണെങ്കിലും പെട്ടെന്നു ചെയ്യണം. മണ്ണു കുഴിച്ചെടുത്തതൊക്കെ ഇന്നും നാളെയുമായിട്ട് മണിമല മുഴുവൻ അറിയും. മറ്റവൻമാർ എന്തെങ്കിലും കൃത്രിമം കാണിക്കുന്നതിനു മുൻപ് സംഭവം പൊളിക്കണം.” അനിബാബു പറഞ്ഞു.

“ഒരു മനുഷ്യന്റെ ഡെഡ്ബോഡി അവിടെ മറവ് ചെയ്തിട്ടൊണ്ടെന്നു നമുക്ക് ഒറപ്പില്ലല്ലോ. ഒരു പോത്തിന്റെ ശവം അവിടെ മറവു ചെയ്തത് ധാരാളംപേർ കണ്ടിട്ടൊണ്ട്. അവരാരും ഒരു മനുഷ്യന്റെ ശവശരീരം കുഴിച്ചിടുന്നതായി കണ്ടിട്ടില്ല. പിന്നെ എന്തു സംശയത്തിന്റെ പേരിലാണ് തെങ്ങു മുറിച്ചുമാറ്റി കുഴിച്ചു നോക്കുന്നത് എന്ന ചോദ്യം ഉയർന്നു വന്നാൽ നമുക്ക് ഉത്തരമില്ല.”

“സാറെ, പോലീസിനു പറയാമല്ലോ സംശയം ഒണ്ടെന്ന്. അവരല്ലേ കേസന്വേഷിക്കുന്നെ.”

“പക്ഷേ, പോലീസിന് സംശയമില്ലല്ലോ. നമ്മൾ കൊടുക്കുന്ന ഇൻഫർമേഷൻ വിശ്വാസത്തിലെടുത്തിട്ട് ബ്ലൈൻഡായിട്ട് ചെയ്യണം. അവിടെനിന്ന് ഒന്നും കണ്ടെടുക്കാൻ പറ്റിയില്ലെന്നിരിക്കട്ടെ. പോലീസ് ഉത്തരം പറയേണ്ടി വരും. നമ്മൾ തെറ്റായ വിവരം കൊടുത്തെന്നു പറഞ്ഞു നമ്മളെ പഴിക്കേം ചെയ്യും. പിന്നെ നമ്മളെന്തു പറഞ്ഞാലും പോലീസ് വിശ്വസിക്കില്ല. കൊലക്കേസിന്റെ അന്വേഷണത്തിൽ ഒളിപ്പിച്ച തൊണ്ടിയെക്കുറിച്ചും മറച്ച തെളിവുകളെക്കുറിച്ചും ഒള്ള സംശയങ്ങൾ പ്രബലമാണെങ്കി മാത്രമേ കെട്ടിടം പൊളിക്കുക, കൃഷി നശിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ പറ്റൂ.” സന്ദീപ് വിശദീകരിച്ചു.

“സാറിന്റെയൊരു ഊഹം എന്താണെന്നു പറയാമോ? എന്തായിരിക്കും ശരിക്കും നടന്നത്?”

“രണ്ടു സാധ്യതകളാ ഉള്ളത്. നാട്ടുകാരെല്ലാം നോക്കി നിൽക്കുമ്പോഴാണല്ലോ പോത്തിനെ കുഴിച്ചുമൂടിയത്. അതിനുശേഷം അവിടൊരു തെങ്ങിൻ തൈയും വയ്പിച്ചു. മരിച്ചുപോയ പൊന്നൻ ചേട്ടൻ പറഞ്ഞത് അന്നുതന്നെ തൈ വച്ചുവെന്നാ. ഒന്നുകിൽ അന്നു രാത്രി തൈ പിഴുതുമാറ്റിയിട്ട് അതിനടിയിൽ കുഴിമാന്തി ബോഡി മറവുചെയ്തു കാണും. വീണ്ടും അതിനുമീതെ ആ തൈ വെച്ചാൽ ആർക്കും സംശയം തോന്നില്ലല്ലോ. ആർക്കും ഒരു സംശയോം തോന്നാത്ത വിധത്തിലുള്ളൊരു പെർഫെക്ട് തെളിവു നശിപ്പിക്കലാ അത്.”

സന്ദീപ് തന്റെ അഭിപ്രായം വെളിപ്പെടുത്തി.

“രണ്ടാമത്തെ സാധ്യത ഏതാ സാറേ?”

“അതായത് തലേദിവസം ജെസിബി കൊണ്ടുവന്ന് ആഴത്തിൽ കുഴിയെടുത്തു. പൊന്നൻ ചേട്ടൻ പറഞ്ഞല്ലോ പോത്ത് ചത്ത അന്നുതന്നെ കുഴിച്ചിടാൻ പറ്റിയില്ലെന്ന്. കുഴിയെടുത്തു കഴിഞ്ഞപ്പോഴേക്കും സന്ധ്യയായി. പറമ്പിൽ കിടന്ന പോത്തിന്റെ ശവം പിറ്റേന്നു രാവിലെ ജെസിബിയിൽതന്നെ പൊക്കിയെടുത്ത് കുഴിയെടുത്ത സ്ഥലത്തേക്കു കൊണ്ടുവന്നു. കാണികളെ സാക്ഷിനിർത്തി അതിനെ മറവ് ചെയ്ത് തെങ്ങിൻതൈയും വെച്ചു. ഈ രണ്ടു സംഭവത്തിനും ഇടയ്ക്ക് ഒരു രാത്രി നീണ്ടുനിവർന്നു കിടപ്പൊണ്ട്. ആ സമയത്ത് ചന്ദ്രബാബുവിന്റെ ഡെഡ്ബോഡി കൊണ്ടുവന്ന് കുറെ മണ്ണിട്ടു മൂടിയിരിക്കാം. പിന്നീട് നേരം പുലർന്നശേഷം പോത്തിന്റെ ശവം കൊണ്ടുവന്ന് അതിനു മീതെ ഇറക്കി മണ്ണിട്ടു മൂടിയാലും ആർക്കും സംശയം തോന്നില്ലല്ലോ.”

“അപ്പോ സാറെ ആ പോത്തിന്റെ കാര്യമോ? അതൊരു കൊലയായിരിക്കാനല്ലേ വഴി.”

“സംശയമെന്താ. ഇടിവെട്ടേറ്റു ചത്തുന്നൊക്കെ കെട്ടിച്ചമച്ചതായിരിക്കും. തൊഴിത്തിൽനിന്ന പോത്തിനെ തോട്ടത്തിലെവിടെയോ, ആരും കാണാത്തിടത്ത് കൊണ്ടുപോയി കൊന്നതായിരിക്കാം.”

“സാറേ, ഇപ്പം എനിക്ക് എല്ലാം പിടികിട്ടി.”

അനിബാബു വലിയൊരു പദപ്രശ്നം പൂരിപ്പിച്ച സംതൃപ്തിയോടെ സീറ്റിലേക്കു നല്ലപോലെ ചാരിയിരുന്നു.

*** *** ***

ആലുവ റൂറൽ എസ്പി വിക്രം ശ്രീനിവാസന്റെ ഗേറ്റിനു വെളിയിലായി രാജഗോപാൽ കാർ ഒതുക്കി. സന്ദീപും അല്ലിമയും രാജഗോപാലും കാറിൽനിന്നിറങ്ങി. എത്തുന്ന വിവരം മുൻകൂട്ടി അറിയിച്ചിരുന്നതിനാൽ വിക്രമിന്റെ മകൾ മധുബാല സിറ്റൗട്ടിൽ കാത്തു നിൽക്കുന്നുണ്ടായിരുന്നു.

അല്ലിമ ഗേറ്റ് കടന്ന് മുൻപേ നടന്നു ചെന്നു. മധുബാല അവളെ ഷേക്ക്ഹാൻഡ് നൽകി സ്വീകരിച്ചു. വിക്രം ശ്രീനിവാസ് ഹാളിൽ തന്നെ ഉണ്ടായിരുന്നു. മധുബാല അല്ലിമയെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോയി. അല്ലിമ അദ്ദേഹത്തിനു ഗുഡ്മോണിങ് ആശംസിച്ചു. വിക്രം ശ്രീനിവാസ് പുഞ്ചിരിയോടെ തിരിച്ചും വന്ദനം പറഞ്ഞു.

“ഞങ്ങൾ ഒരു ടെൻ മിനിറ്റ്സ് പ്രൈവറ്റായിട്ട് ഇരിക്കട്ടെ. ഒടനെതന്നെ വിട്ടേക്കാം.”

മധുബാല പറഞ്ഞപ്പോൾ വിക്രം തലയാട്ടി.

സന്ദീപും രാജഗോപാലും സിറ്റൗട്ടിൽത്തന്നെ നിൽക്കുകയാണ്. വിക്രം അവിടേക്കു ചെന്ന് അവരെ സ്വീകരിച്ച് തന്റെ ഓഫീസ് റൂമിലേക്ക് ആനയിച്ചു. സന്ദീപ് അദ്ദേഹത്തിന്റെ മുൻപിൽ നിലവിലുള്ള സ്ഥിതികൾ വിവരിച്ചു. ചന്ദ്രബാബുവിന്റെ കേസ് പോലീസ് അന്വേഷിക്കുന്നുണ്ടെങ്കിലും കാര്യമായ പുരോഗതി ഇല്ല. വേണ്ടത്ര തെളിവുകളോ സാക്ഷികളോ ഇല്ലാത്തതിനാൽ അന്വേഷണം വഴിമുട്ടി നിൽക്കുന്ന അവസ്ഥയാണ്. പ്രതികളെന്നു സംശയിച്ച് പോലീസ് പിടികൂടിയ അഞ്ചുപേരും റിമാൻഡിലുണ്ടെങ്കിലും അവർ കുറ്റം നിഷേധിച്ചിരിക്കുകയാണ്. ചന്ദ്രബാബുവിന്റെ ജഡം മറവ് ചെയ്യാൻ സാധ്യതയുള്ളതായി താൻ സംശയിക്കുന്ന പുരയിടത്തെപ്പറ്റി വിശദീകരിച്ചപ്പോൾ വിക്രം ശ്രീനിവാസ് ആ സംശയവുമായി മുന്നോട്ടുപോകാൻ നിർദേശം നൽകി.

“ഉടമസ്ഥന്റെ അനുവാദമില്ലാതെ പുരയിടം കിളച്ചു മറിക്കുകയോ തെങ്ങ് മുറിക്കുകയോ ചെയ്യുന്നതിനെപ്പറ്റി ആശങ്കപ്പെടേണ്ട.” വിക്രം പറഞ്ഞു: “ഒളിപ്പിച്ച തൊണ്ടിമുതലോ മറച്ചിരിക്കുന്ന തെളിവുകളോ കണ്ടെടുക്കാൻ വേണ്ടി പോലീസിന് ഏതു സ്ഥലവും പരിശോധിക്കാം. ഇതിപ്പോൾ ഭൂവുടമ കരം കെട്ടുന്ന പുരയിടവും കായ്ഫലമുള്ള തെങ്ങും ആയതുകൊണ്ട് ആർഡിഒയുടെ ഉത്തരവ് വേണമെന്നു മാത്രം.”

“നമ്മൾ നേരിട്ട് ആർഡിഒയെ കണ്ടാൽ മതിയാകുമോ സാർ?”

സന്ദീപ് ചോദിച്ചു.

“പോലീസാണ് ആർഡിഒയ്ക്ക് അപേക്ഷ നൽകേണ്ടത്. അവരുടേതാണ് കേസന്വേഷണം. ഞാൻ കോട്ടയത്ത് എസ്പി ഓഫീസുമായി ബന്ധപ്പെട്ട് വേണ്ടതു ചെയ്യാം.”

“താങ്ക്യൂ സാർ... എന്തെങ്കിലും ഉടൻ ചെയ്തില്ലെങ്കിൽ അവർ തെളിവ് മായ്ചുകളയാൻ ശ്രമിക്കും.” സന്ദീപ് പറഞ്ഞു.

“ഇതിൽനിന്ന് തെളിവുകളൊന്നും കിട്ടിയില്ലെങ്കിൽ ഇനിയെന്തു ചെയ്യും എന്നു മാത്രം ആലോചിച്ചാൽ മതി.” വിക്രം ശ്രീനിവാസ് പറഞ്ഞു.

“ഞങ്ങൾക്കു നല്ല കോൺഫിഡൻസുണ്ട് സാർ. അവിടെ, ആ പുരയിടത്തിലുണ്ട് എല്ലാ രഹസ്യങ്ങളുടെയും താക്കോൽ.”

സന്ദീപ് നിസ്സംശയം പറഞ്ഞു.

*** *** ***

ജാമ്യം കിട്ടി സബ്ജയിലിൽനിന്നു പുറത്തേക്കു വന്ന ഹരീന്ദ്രനെയും ബാലകൃഷ്ണമേനോനെയും ഹേമചന്ദ്രനെയും ജഗന്നാഥക്കുറുപ്പിനെയും കാത്ത് രണ്ടു കാറുകൾ നിരത്തുവക്കിൽ കിടപ്പുണ്ടായിരുന്നു.

ഒന്ന് അഡ്വക്കറ്റ് സേതുരാജിന്റെ കാർ.

അടുത്തത്, മാങ്ങോട്ടുശേരിയിൽനിന്നു മല്ലിക പറഞ്ഞയച്ച കാർ.

സബ്ജയിലിൽ ആയിരിക്കുമ്പോൾത്തന്നെ ബാലകൃഷ്ണമേനോനും കൂട്ടർക്കും തങ്ങളുടെ പുരയിടത്തിൽ നടന്ന മണ്ണുപരിശോധനയെക്കുറിച്ചു വിവരം ലഭിച്ചിട്ടുണ്ടായിരുന്നു.

(ശേഷം 30-ാം പേജിൽ)

# ചൈന പാക്കിസ്ഥാനിലേക്ക് അയച്ച രാസസംയുക്തം ഇന്ത്യ പിടികൂടി

ന്യൂഡൽഹി: ചൈനയിലെ ഷാങ്ഹായിൽനിന്നു പാക്കിസ്ഥാനിലെ കറാച്ചിയിലേക്കു പോകുകയായിരുന്ന ചൈനീസ് കപ്പലിൽനിന്ന് രാസായുധ നിർമാണത്തിനും ഉപയോഗിക്കാവുന്ന 2560 കിലോഗ്രാം രാസസംയുക്തം ഇന്ത്യൻ കസ്റ്റംസ് പിടികൂടി. തമിഴ്നാട്ടിലെ കാട്ടുപള്ളി തുറമുഖത്തു മേയ് എട്ടിനായിരുന്നു സംഭവം. ഹ്യുണ്ടായ് ഷാങ്ഹായിയെന്ന കപ്പലിലാണ് 'സിഎസ്' എന്നറിയപ്പെടുന്ന 'ഓർത്തോക്ലോറോ ബെൻസൈലിഡീൻ മലോണൊനൈട്രൽ' കണ്ടെത്തിയത്. 103 വീപ്പകളിലായാണ് ഇതു സൂക്ഷിച്ചിരുന്നത്.

കണ്ണീർവാതക ഷെല്ലുകളിലും മറ്റും ഉപയോഗിക്കുന്ന രാസപദാർത്ഥമാണിത്. വിനാശകാരിയായ രാസായുധങ്ങൾ നിർമിക്കാനും ഉപയോഗിക്കാം. ഈ രാസവസ്തുവിന് ഇന്ത്യ കയറ്റുമതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യാന്തര സുരക്ഷ ഉറപ്പാക്കുന്നതിനുള്ള വാസ്സെനാർ ഉടമ്പടിയിലും ഇതിനു നിയന്ത്രണമുണ്ട്.

പാക്കിസ്ഥാനിലെ പ്രതിരോധ ഗവേഷണ സ്ഥാപനത്തിനു (ഡിഇഎസ്ടിഒ) രാസപദാർഥങ്ങളും മറ്റും വിതരണം ചെയ്യുന്ന റൊഹെയിൽ എന്റർപ്രൈസസിനുള്ളതാണു 'സിഎസ്' എന്ന് അധികൃതർ പറഞ്ഞു.

സിഎസ് പോലുള്ള രാസപദാർഥങ്ങൾ പാക്കിസ്ഥാൻ ദുരുപയോഗിക്കാനുള്ള സാധ്യത ആശങ്കയുണർത്തുന്നതാണെന്നു സുരക്ഷാവൃത്തങ്ങൾ ചൂണ്ടിക്കാട്ടി.

രാജ്യാന്തര ചട്ടങ്ങൾ മറികടന്നു ചൈന പാക്കിസ്ഥാനു രാസപദാർത്ഥങ്ങളും ആയുധങ്ങളും കൈമാറുന്നതായി വിമർശനം ഉയർന്നിരുന്നു. എന്നാൽ, ഇരു രാജ്യങ്ങളും ആരോപണം നിഷേധിച്ചു.

മുംബൈയിലെ തുറമുഖത്തെത്തിയ ചൈനീസ് കപ്പലിൽനിന്നു ജനുവരിയിൽ പിടിച്ചെടുത്ത നൂതനയന്ത്രങ്ങൾ ആണവ, പ്രതിരോധ മേഖലകളിൽ ഉപയോഗിക്കാവുന്നതാണെന്നു ഡിആർഡിഒ സ്ഥിരീകരിച്ചിരുന്നു. ഇന്ത്യൻ തീരത്തു പരിശോധന കർശനമാക്കിയതോടെ ഇത്തരം വസ്തുക്കൾ കൈമാറാൻ കാരക്കോറം ഹൈവേയിലെ സമാന്തരപാതകൾ ചൈനയും പാക്കിസ്ഥാനും ഉപയോഗിക്കുന്നതായി സംശയമുണ്ട്.

## ട്രയൽ റൺ ഉദ്ഘാടനം ചെയ്തു

(3-ാം പേജിൽനിന്നും)

അതിലെ ജീവനക്കാരെയും സ്വീകരിച്ചത്. തുടർന്നാണ് പൊതുസമ്മേളനം ആരംഭിച്ചത്. വിഴിഞ്ഞത്തിലൂടെ ഇന്ത്യ ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ചുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്ര തുറമുഖമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായിരുന്നു. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കിയ പദ്ധതിയാണ് വിഴിഞ്ഞം തുറമുഖമെന്നു കേന്ദ്രമന്ത്രി പറഞ്ഞു. ഈ തുറമുഖം വികസനത്തിന്റെ അനന്തസാധ്യതകളാണ് സമ്മാനിക്കുക. കൊളംബോ, സിംഗപ്പൂർ തുറമുഖങ്ങളെ ആശ്രയിച്ച് ചരക്കു ഗതാഗതം നടത്തിയിരുന്ന കൂടുതൽ കപ്പലുകളെ വിഴിഞ്ഞത്തേക്ക് ആകർഷിക്കാൻ കഴിയുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. തുറമുഖനിർമാണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ പിന്തുണയ്ക്ക് അദാനി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ കരൺ അദാനി നന്ദി പറഞ്ഞു. സംസ്ഥാന തുറമുഖമന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു. തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസ് റിപ്പോർട്ട് അവതരിപ്പിച്ചു.

വിഴിഞ്ഞം തുറമുറത്ത് രണ്ടാമത്തെ ചരക്കു കപ്പൽ എത്തി. മറീൻ അസർ എന്ന ഫീഡർ കപ്പലാണ് കൊളംബോയിൽ നിന്ന് വിഴിഞ്ഞത്തേക്ക് എത്തിയത്. ട്രയൽ റണ്ണിന്റെ ഭാഗമായി വിഴിഞ്ഞത്ത് എത്തിയ ആദ്യ കപ്പൽ സാൻ ഫെർണാണ്ടോ തുറമുഖം വിട്ട ശേഷമായിരുന്നു മറീൻ അസറിന്റെ ബർത്തിങ്.

സാൻ ഫെർണാണ്ടോയിൽ നിന്ന് 1930 കണ്ടെയ്നറുകളാണ് തുറമുഖത്ത് ഇറക്കിയത്. ഇതിൽ 607 കണ്ടെയ്നറുകൾ തിരികെ കപ്പലിലേക്ക് കയറ്റി റീപൊസിഷൻ ചെയ്യുന്ന ജോലികളാണ് പുരോഗമിക്കുന്നത്. ട്രയൽ റണ്ണായതിനാൽ വളരെ സാവകാശമായിരുന്നു കണ്ടെയ്നറുകൾ ഇറക്കിയതും കയറ്റിയതും.

## അന്ത്യത്തോളം വിശ്വസ്തരായിരിക്ക

(22-ാം പേജിൽനിന്നും)

നമ്മോടു കൂടെ ഓട്ടം ഓടി വിജയിച്ച നമ്മുടെ കർത്താവ് കൂടെയുണ്ട്. അവൻ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്ത്, അപമാനം അലക്ഷ്യമാക്കി, ക്രൂശിനെ സഹിച്ചും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്ന ജയാളിയാകുന്നു.

ആകയാൽ നിങ്ങളുടെ ഉള്ളം ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള നമ്മുടെ കർത്താവിനെ ധ്യാനിച്ചും അവന്റെ വലംകൈയിൽ പിടിച്ചും വിശ്വാസത്തോടും വിശ്വസ്തതയോടും കൂടെ നമ്മുടെ ഓട്ടം ഓടി വിരുത് പ്രാപിക്കുവാൻ വലിയവനായ ദൈവം നമ്മെ സഹായിക്കട്ടെ. അങ്ങനെ നമ്മുടെ ജീവിതാന്ത്യത്തിൽ പിറകോട്ട് നോക്കി വിശുദ്ധ പൗലോസ് അപ്പോസ്തലനെപ്പോലെ "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. എനിക്കായി വെച്ചിട്ടുള്ള നീതിയുടെ കിരീടം പ്രാപിപ്പാൻ ഞാനിതാ പോകുന്നു" എന്ന് ധൈര്യത്തോടെ പറഞ്ഞുകൊണ്ട് മരണകവാടവും കടന്ന് നമ്മുടെ നിത്യഭവനത്തിലേക്ക് പോകുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

## നോവൽ

(29-ാം പേജിൽ നിന്നും)

അനന്തര നടപടികൾ തടയാനുള്ള നീക്കങ്ങൾ അഡ്വക്കറ്റ് സേതുരാജ് മുഖേന നടത്തുകയും ചെയ്തിരുന്നു. ബാലകൃഷ്ണമേനോനും സംഘവും നേരെ മാങ്ങോട്ടുശേരിയിലേക്കു തിരിച്ചു. അവിടെ എത്തിയപ്പോൾ ഉണ്ണിമായയുടെ അച്ഛനും സഹോദരന്മാരും കാത്തിരിപ്പുണ്ടായിരുന്നു. അവർ മുകൾനിലയിലെ അതിഥിമുറിയിൽ ഒത്തുകൂടി ഭാവി പരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു. കല്ലാറ്റുപടിക്കൽക്കാരുടെ റബർ തോട്ടത്തിൽ കൃഷിവകുപ്പിന്റെ സഹായത്തോടെ സന്ദീപ് നടത്തിയ മണ്ണുപരിശോധനയെക്കുറിച്ച് ഉണ്ണിമായയുടെ അച്ഛനും ആങ്ങളമാരും തിരക്കി. അത് എന്തിനുവേണ്ടിയായിരുന്നു എന്ന് അവർക്ക് അറിയില്ല.

"അവിടെ പണ്ടൊരു പോത്തിനെ കുഴിച്ചിട്ടിട്ടൊണ്ട്. വേറൊന്നുമില്ല."

ബാലകൃഷ്ണമേനോൻ പറഞ്ഞു.

"മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ തുറന്നു പറയണം. എന്നിട്ടു വേണം അതിനു തക്ക നടപടികൾ എടുക്കാൻ."

പക്ഷേ, ഹരീന്ദ്രനോ ഹേമചന്ദ്രനോ ഒന്നുംതന്നെ വിട്ടുപറയാൻ തയാറായില്ല.

"ജയദേവന്റെ മകനു കൊടുക്കാനുള്ള സമ്മാനം ഞാൻ കരുതി വെച്ചിട്ടൊണ്ട്. ആ കണക്ക് ഞാൻതന്നെ തീർത്തോളാം."

ഹേമചന്ദ്രൻ പകയോടെ പിറുപിറുത്തു.

"ആ ബസ് കണ്ടക്ടറെ നിങ്ങൾ എന്തുചെയ്തു എന്നാണറിയേണ്ടത്. അയാൾ കാറിൽനിന്നിറങ്ങി ഓടിക്കളഞ്ഞെന്നു നിങ്ങൾക്കു പോലീസിനോടും കോടതിയോടും പറയാം. ചിലപ്പോ കേസീന്നു രക്ഷപ്പെടാനും പറ്റിയേക്കും. പക്ഷേ, സത്യം അതൊന്നുമല്ലെന്ന് ആർക്കാ അറിയാത്തത്?" ഉണ്ണിമായയുടെ സഹോദരൻ രഘുവരൻ താക്കീതെന്ന മട്ടിൽ പറഞ്ഞു.

"നിങ്ങളെന്താ ഉദ്ദേശിക്കുന്നെ?" ഹേമചന്ദ്രൻ ചോദിച്ചു.

"നിങ്ങൾ പോത്തിനെ കുഴിച്ചിട്ടു എന്നു പറയുന്ന സ്ഥലത്ത് പോത്തിനെ മാത്രമേ കുഴിച്ചിട്ടിട്ടുള്ളോ- അതോ അക്കൂടെ ഒരു മനുഷ്യന്റെ ഡെഡ്ബോഡിയൊണ്ടോ?"

"നിങ്ങൾക്ക് മണിമലയിലുള്ള ആരോടുവേണമെങ്കിലും അന്വേഷിക്കാം. അവിടെ കുഴിയെടുത്ത് പോത്തിന്റെ ശവം മറവ് ചെയ്തപ്പോ അൻപതുപേരിൽ കൂടുതലുണ്ടാരുന്നു കാഴ്ചക്കാർ." ഹേമചന്ദ്രൻ സംശയലേശമെന്യേ പറഞ്ഞു.

"എന്തെങ്കിലും സംശയമുണ്ടായാൽ നിങ്ങളെ രക്ഷിക്കാൻ നിങ്ങൾ മാത്രമേ കാണൂ. അവസാന നിമിഷം സഹായത്തിനു വിളിച്ചാൽ ഓടിവരാൻ ഞങ്ങളാരും കാണത്തില്ല."

രഘുവരൻ അമർഷം പൂണ്ടു.

"ആരെന്തുതന്നെ ചെയ്താലും ഞങ്ങൾക്കു പ്രശ്നമില്ല. പിന്നെ, അച്ഛന്റെ പുരയിടം ആരും വന്നു മാന്താതിരിക്കാനുള്ള സ്റ്റേ നടപടികളൊക്കെ ഉടൻതന്നെ ഉണ്ടാകും."

"സ്റ്റേ ഒന്നും ഒരന്തിമ പരിഹാരമല്ല. ഒരു കൊലക്കേസിന്റെ തെളിവ് ശേഖരിക്കാൻ പോലീസിന് ഏതറ്റംവരെ വേണമെങ്കിലും പോകാം."

"ഞങ്ങൾക്കു ചെയ്യാൻ പറ്റുന്നതിൽ കൂടുതലൊന്നും വേറെയാർക്കും ഇക്കാര്യത്തിൽ ചെയ്യാൻ പറ്റില്ല." ഹേമചന്ദ്രൻ തീർത്തു പറഞ്ഞതോടെ ചർച്ചയും ആലോചനയും ഏതാണ്ടു നിലച്ചതുപോലെയായി.

*** *** ***

പുരയിടം കുഴിച്ചു തെളിവെടുക്കാനുള്ള അനുമതി നൽകുന്നതിനു മുൻപ് ആർഡിഒ സംഭവസ്ഥലം സന്ദർശിക്കുമെന്ന് കോട്ടയത്തുനിന്നു സന്ദീപ് ഫോണിൽ വിളിച്ച് രാജഗോപാലിനെ അറിയിച്ചു.

ആർഡിഒ അനുമതി നൽകിയാലുടൻ പുരയിടം കുഴിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നുകൂടി പറഞ്ഞു.

രാജഗോപാലും അല്ലിമയും തൽസമയം സംഭവസ്ഥലത്തുണ്ടാകണമെന്നും നിഷ്കർഷിച്ചു. അനന്തരം സന്ദീപ് കിഷോറിനെ വിളിച്ച് രാജഗോപാലിന്റെയും അല്ലിമയുടെയും കൂടെ മണിമലയിലെത്തണമെന്ന് നിർദേശം നൽകി.

*** *** ***

ആർഡിഒ പ്രഭാശങ്കറിന്റെ കാർ കല്ലാറ്റുപടിക്കൽക്കാരുടെ ഉടമസ്ഥതയിലുള്ള റബർതോട്ടത്തിലെ റോഡിലൂടെ സാവധാനം വന്നുകൊണ്ടിരുന്നു.

സന്ദീപ് കയ്യാലക്കെട്ടിനു സമീപം കാർ ഒതുക്കിയിട്ടിട്ട് കാത്തു കിടപ്പുണ്ടായിരുന്നു. ആർഡിഒയുടെ കാറിന്റെ തൊട്ടു പിന്നാലെ പോലീസ് വാനും പോലീസ് ബോർഡ് വെച്ച ഇന്നോവ കാറുംകൂടി വന്നു ചേർന്നു.

അൽപം കഴിഞ്ഞപ്പോൾ ഒരു ജെസിബിയുംകൂടി എത്തി. സന്ദീപും പോലീസ് ഉദ്യോഗസ്ഥരുംകൂടി ആർഡിഒ പ്രഭാശങ്കറെ പരിശോധനാ സ്ഥലത്തേക്ക് ആനയിച്ചു.

മുറിക്കേണ്ട തെങ്ങും കുഴിക്കേണ്ട ഭൂമിയും കണ്ടു ബോധ്യപ്പെട്ട ആർഡിഒ പ്രഭാശങ്കർ സ്പോട്ടിൽവെച്ചുതന്നെ അതിനുള്ള അനുവാദം രേഖാമൂലം നൽകി.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS


3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
FEDERATION OF KERALA ASSOCIATION IN NORTH AMERICA
ESTD 1983
21ST FOKANA
CONVENTION AT WASHINGTON DC
2024
July 18, 19 & 20
Montgomery County Conference Center, 5701 Marinelli Rd
North Bethesda, MD 20852
MUSICAL MEGA EVENT
WITH LIVE ORCHESTRA
STAR SINGER FAME
VIVEKANANDAN
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasurer
JOHNSON THANKACHAN
Convention Chairman
If there are any other queries please contact 804 931 1265
Advt002 8046612762




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**